ഉണ്ടാകണം. പ്രസ്സ് ഉണ്ടാകണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് പറഞ്ഞു, മുഖ്യമന്ത്രി അത് സമ്മതിച്ചിട്ടുണ്ട്. വളരെ താമസിയാതെ ഇവിടെത്തന്നെ പ്രസ്സ് ഉണ്ടാകുന്നതാണ്, provided the money comes.

# VIII ധനകാര്യം

## 2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004 18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | രൂപ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXIII | വാർത്താ വിതരണവും പ്രചരണവും | 3,84,72,000 | .. | 7,69,45,000 | .. | 7,69,45,000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും | 57,78,29,000 | 1,000 | 1,15,56,59,000 | .. | 1,15,56,59,000 |

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : വാർത്താ വിതരണവും പ്രചരണവും എന്ന XXIII -ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാംകോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഞാൻ രണ്ടു പ്രമേയങ്ങളെയും പിന്താങ്ങുന്നു.

എക്സൈസും ധനകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും, തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന പ്രസ്താവനകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXIII -വാർത്താവിതരണവും പ്രചരണവും

ശ്രീ. കെ. പി. മോഹനൻ : സർ,

1. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(വാർത്താ വിതരണ രംഗത്ത് ചെറുകിട പത്രങ്ങൾക്ക് സബ്സിഡി നൽകികൊണ്ട് ന്യൂസ് പ്രിന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. മത്തായി ചാക്കോ : സർ,

2. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിനെ രാഷ്ട്രീയ പ്രചരണത്തിന് ഉപയോഗിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

3 വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(രാഷ്ട്രീയ പ്രചരണത്തിനായി പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ പണം ഉപയോഗിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : സർ,

4. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പണം ഉപയോഗിച്ച് രാഷ്ട്രീയ പ്രചരണം നടത്തുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്.)

ശ്രീ. സാജു പോൾ : സർ,

5. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

11. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

12. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ,

13. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ,

14. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ,

15. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

16. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പിരപ്പൻകോട് മുരളി : സർ,

19. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ,

20. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

23. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

24.വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

25.വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ : സർ,

27.വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ,

31. വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

32.വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ : സർ,

34.വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : സർ,

36.വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000 ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു : സർ,

37.വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,69,45,000ക.യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യാർത്ഥന നമ്പർ XXIV-തൊഴിലും തൊഴിലാളിക്ഷേമവും

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ,

1. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അസംഘടിത മേഖലയിലെ തൊഴിലാളികളെ ക്ഷേമനിധി ആനുകൂല്യങ്ങളുടെ പരിധിയിൽ കൊണ്ടുവരുന്നതിനും നിലവിലുള്ള തൊഴിലാളിക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിനും പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ,

2. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകാനും കാർഡ് ലഭിക്കാനും കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ,

4. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരികയും അവർക്ക് തൊഴിൽ നൽകാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാതിരിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. നാരായണൻ : സർ,

7. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തൊഴിൽ നഷ്ടപ്പെട്ട കൈത്തറി തൊഴിലാളികളെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ : സർ,

9. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തുള്ളതായി പറയപ്പെടുന്ന രൂക്ഷമായ തൊഴിലില്ലായ്മയെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ,

12. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ,

13. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തേയിലത്തോട്ടങ്ങളിലെ പ്രതിസന്ധി മൂർച്ഛിച്ചതോടെ പതിനായിരക്കണക്കിന് തൊഴിലാളി കുടുംബങ്ങൾ ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ,

14. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാതെ ഇരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ : സർ,

15. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(എറണാകുളം മേഖലയിലെ വ്യവസായങ്ങൾ ഒന്നൊന്നായി അടച്ചുപൂട്ടപ്പെടുന്നതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ : സർ,

19. തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തോട്ടം മേഖലയിൽ പണിയില്ലാതിരിക്കുന്ന തൊഴിലാളികൾക്ക് അടിയന്തിരാശ്വാസം എത്തിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ,

22.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാതിരിക്കുന്നതുമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ : സർ,

23.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തുള്ളതായി പറയപ്പെടുന്ന രൂക്ഷമായ തൊഴിലില്ലായ്മയെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ : സർ,

24.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തൊഴിൽ സമരങ്ങളോട് എടുക്കുന്നതായി പറയപ്പെടുന്ന തൊഴിലാളി വിരുദ്ധ സമീപനം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ : സർ,

25.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കയർ വ്യവസായത്തിലെ പ്രതിസന്ധിമൂലം തൊഴിലാളികൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ,

26.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന അവസ്ഥ ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി : സർ,

27.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പിരപ്പൻകോട് മുരളി : സർ,

30.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തേയിലത്തോട്ടങ്ങളിൽ തൊഴിലാളികൾക്ക് അടിയന്തിര സഹായം എത്തിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ,

31.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തൊഴിൽ സമരങ്ങളെ നേരിടുന്നതിന് പോലീസിനെ ഉപയോഗിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ് : സർ,

32.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ : സർ,

34.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ,

35.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സി. കെ. നാണു : സർ,

37.തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,15,56,59,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പത്തുപൈസപോലും ഗ്രാന്റായിട്ടോ ലോണായിട്ടോ ഈ വകുപ്പിന് കൊടുക്കുവാൻ അർഹതയില്ല. കാരണം എന്താണെന്നുവച്ചാൽ തൊഴിലാളികളെ ഇല്ലാതാക്കുന്ന പ്രക്രിയയ്ക്കാണ് ബഹുമാനപ്പെട്ട മന്ത്രിയും ഡിപ്പാർട്ടുമെന്റും നേതൃത്വം കൊടുത്തിട്ടുള്ളത്. പാലക്കാട് ജില്ലയിൽ വ്യവസായ മേഖലയിൽ മാത്രം കഞ്ചിക്കോട് 27 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി. 7300 തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതായി. ഏതാണ്ട് കാൽ ലക്ഷത്തോളംവരുന്ന ഈ മേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർ ഇന്ന് മുഴുപട്ടിണിയാണ്. ഏത് സമയത്തും ഒരു കൂട്ട ആത്മഹത്യ ഈ പ്രദേശത്ത് പ്രതീക്ഷിക്കാം. 7300 തൊഴിലാളികൾക്ക് പണി ഇല്ലാതായിട്ടുപോലും മന്ത്രിക്ക് യാതൊരു പ്രശ്നവുമില്ല. 1964-ൽ മദ്രാസ് വിന്നേഴ്സും അതുപോലെ ആറ് ടെക്സ്റ്റൈൽ മില്ലുകളും പൂട്ടി. റ്റാറ്റായുടെ ഏക മാനുഫാക്ച്ചറിംഗ് സ്ഥാപനമായ റ്റാറ്റാ ടെലഫോൺസ് (അത് ഫോൺ നിർമ്മിക്കുന്നതാണ്) അടച്ചുപൂട്ടി. റ്റാറ്റായ്ക്കുപോലും അതിനു പറ്റുന്നില്ലെങ്കിൽ, റ്റാറ്റാ പറയുന്നത്, ഞങ്ങൾക്ക് ഇവിടെ ജീവകാരുണ്യം എന്ന നിലയ്ക്ക് ഈ സ്ഥാപനം നടത്താൻ പറ്റില്ല ഗവൺമെന്റ് നയം മാറ്റാത്തിടത്തോളംകാലം ഞങ്ങൾ ഈ സ്ഥാപനം അടച്ചുപൂട്ടുമെന്നാണ്; അവർ അടച്ചുപൂട്ടി. സഹകരണ മേഖലയിലുള്ള ഏക സ്ഥാപനമാണ് പഞ്ചസാര നിർമ്മിക്കുന്ന ചിറ്റൂർ ഷുഗർ ഫാക്ടറി. അവിടെ പഞ്ചസാര കെട്ടിക്കിടക്കുകയാണ്. അനുബന്ധമായി ഉണ്ടാക്കുന്ന ഇ.എൻ.എ. ബിവറേജ് കോർപ്പറേഷൻ വാങ്ങിയാൽ ആ സ്ഥാപനത്തെ നന്നാക്കി കൊണ്ടുപോകുവാൻ കഴിയും. അതും പൂട്ടിക്കിടക്കുകയാണ്. അതിന്റെ ഭാഗമായി അഞ്ഞൂറ് തൊഴിലാളികളും, അയ്യായിരത്തോളം കൃഷിക്കാരും, പതിനായിരത്തോളം കർഷകത്തൊഴിലാളികളും പട്ടിണിയിലാണ്. ഇതിനൊക്കെ പ്രധാനപ്പെട്ട കാരണം ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവും ഇറക്കുമതി നയവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ നയം മാറ്റാത്തിടത്തോളംകാലം ഈ തൊഴിൽ മേഖല രക്ഷപ്പെടാൻ പോകുന്നില്ല. പാലക്കാട് പുതുശ്ശേരി മേഖലയിൽ മാത്രം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മലമ്പുഴയിൽ മാത്രം കെ.എസ്.ഐ.ഡി.സി.യുടെ ഏഴ് സ്ഥാപനം പൂട്ടിയിരിക്കുകയാണ്. ആ സമയത്താണ് നമ്മൾ ജിമ്മിന്റെ പേരു പറയുന്നത്. ജിം-കൊണ്ട് എത്ര ആളുകൾക്കാണ് ജോലി കൊടുത്തത്? ആലുവായിൽ ഒരു സ്വർണ്ണക്കടയും പാലക്കാട് ഒരു ബാർബർ ഷോപ്പുമാണ് ആകെ തുടങ്ങിയിട്ടുള്ളത് എന്നുള്ളത് ഒഴിച്ചാൽ ഇതുകൊണ്ട് ഏതെങ്കിലും തൊഴിലാളിക്ക് ഒരു പണി കിട്ടിയതായിട്ട് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്ഷേമ പദ്ധതികളൊക്കെ പൊളിയാണ്. 14 ക്ഷേമ പദ്ധതികൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ കീഴിലുണ്ട്. 6 എണ്ണം വ്യവസായ വകുപ്പിന്റെ കീഴിലുണ്ട്. ഏതാണ്ട് 50 ലക്ഷത്തിൽപരം തൊഴിലാളികൾക്ക് ഇതിന്റെ ഗുണം കിട്ടേണ്ടതാണ്. ഇപ്പോൾ എത്രയാണ് കുടിശ്ശിക ? കർഷക തൊഴിലാളിക്ക് കുടിശ്ശിക 98,26,03,440 രൂപ, തൊഴിലില്ലായ്മ വേതനം കുടിശ്ശിക 1,12,16,24,400 രൂപ, മൽസ്യ തൊഴിലാളി പെൻഷൻ കുടിശ്ശിക 5,23,00,000 രൂപ, കശുവണ്ടി തൊഴിലാളി കുടിശ്ശിക 6,74,17,200 രൂപ, കയർ തൊഴിലാളി ക്ഷേമനിധി . കുടിശ്ശിക 14,11,25,000 രൂപ, പെൺമക്കളുടെ വിവാഹ ധനസഹായ കുടിശ്ശിക 6,45,00,000 രൂപ, അഗതി പെൻഷൻ കുടിശ്ശിക 19,77,00,000 രൂപ വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക 3,17,00,000 രൂപ, അമ്പത് വയസ് തികഞ്ഞ കല്യാണം കഴിയാത്ത സ്ത്രീകൾക്ക് കൊടുത്തിരുന്ന തുകയുടെ കുടിശ്ശിക ഇപ്പോൾ 99,00,000 രൂപയാണ്. അംഗവൈകല്യവും ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരുടെ പെൻഷൻ കുടിശ്ശിക 13,97,00,000 രൂപ. മന്ദബുദ്ധികൾക്കും അംഗവൈകല്യം സംഭവിച്ചവർക്കുപോലും പത്തുപൈസ ഇവർ കൊടുക്കുന്നില്ല. എല്ലാ ക്ഷേമ പദ്ധതികളും ഇന്ന് അവതാളത്തിലാണ്. കൈത്തറി, ബീഡി, ഈറ്റ, ചുമട്, കള്ള് വ്യവസായം, ഓട്ടോ, മോട്ടോർ, നിർമ്മാണ തൊഴിലാളി, അബ്കാരി തൊഴിലാളി, തയ്യൽ തൊഴിലാളി, കശുവണ്ടി തൊഴിലാളി, ആർട്ടിസാൻസ്, വികലാംഗൻ, വിധവ, വാർദ്ധക്യകാല പെൻഷൻ ഇതെല്ലാം ഇവർ ഇല്ലാതാക്കി. മാത്രമല്ല, ക്ഷേമ പദ്ധതികളൊക്കെ തന്നെ പൊളിക്കുകയാണ്. ഏറ്റവും നല്ല ഉദാഹരണം മൽസ്യത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ടുകൊണ്ട് മുതലാളിമാർ കൊടുക്കേണ്ട അംശദായം പിരിച്ചെടുക്കുവാൻ കഴിയുന്നില്ല. സുപ്രീംകോടതി വിധിയുടെ അഭിപ്രായം പറഞ്ഞുകൊണ്ട് അംശദായം പിരിച്ചെടുക്കുന്നില്ല. നിർമ്മാണത്തൊഴിലാളി ക്ഷേമ പദ്ധതിയാണ് ഇൻഡ്യാ രാജ്യത്തെ ഏറ്റവും നല്ല പദ്ധതി. 300 കോടി രൂപയുടെ കുടിശ്ശികയാണ്. അതിലും മുതലാളിമാർ അംശദായം കൊടുക്കുന്നില്ല. ഒറ്റ ക്ഷേമനിധി പദ്ധതിക്കും മുതലാളിമാർ അംശദായം കൊടുക്കുന്നില്ല. 50 ലക്ഷത്തിലേറെ തൊഴിലാളികളുടെ ഏറ്റവും വലിയ ആശാകേന്ദ്രമായിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി പരിപൂർണ്ണമായിട്ടും പൊളിക്കുവാൻ പോവുകയാണ്. കോടതി പറഞ്ഞു ക്ഷേമനിധിയുമായി ബന്ധപ്പെട്ടുകൊണ്ട് അംശദായം പിരിക്കണ്ട എന്ന്. അതിന് ഒരു നിയമം ഗവൺമെന്റിന് കൊണ്ടുവന്നുകൂടേ ? ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനൊന്നും നേരമില്ല. ബഹുമാനപ്പെട്ട മന്ത്രി തൊഴിലാളി പ്രശ്നമുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിൽ പോയികാണാറില്ല. അതുകൊണ്ടാണ് ഞാൻ ചോദിച്ചത്, എന്തിനാണ് ഈ തൊഴിൽ വകുപ്പ് എന്ന്. ഇ.എസ്.ഐ.യുടെ സ്ഥിതി എന്താണ് ? ഒരൊറ്റ ആശുപത്രിപോലും നന്നായി പ്രവർത്തിക്കുന്നില്ല. ഇ.എസ്.ഐ. സ്കീം കൊണ്ടുവരാൻ കഴിഞ്ഞില്ല. 25,000 തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനത്തിൽ അതിന്റെ നാലിലൊന്നു മാത്രമേ ഇ.എസ്.ഐ. സ്കീമിലുള്ളൂ. ആശുപത്രികളിലാണെങ്കിൽ ഡോക്ടർമാരില്ല, മരുന്നില്ല, സ്റ്റാഫ് ഇല്ല. അനസ്തേഷ്യ കൊടുക്കുവാൻ ഡോക്ടർമാരില്ലാത്തതിനാൽ ഓപ്പറേഷൻ നടക്കുന്നില്ല. ഒറ്റ സ്പെഷ്യലൈസ്ഡ് ഡോക്ടറും ഇവിടെ ഇല്ല. ഇ.എസ്.ഐ. ആശുപത്രി എന്നുപറയുന്നത് അക്ഷരാർത്ഥത്തിൽ ഇല്ലാതായിരിക്കുകയാണ്. സാധാരണ നിലയിൽ ആശുപത്രികളുമായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലും ഫണ്ട് കൊടുക്കാറുള്ളതാണ്. ഈ പ്രാവശ്യം അടിയന്തിര മരുന്നു വാങ്ങാൻപോലും ക്യാഷ് കൊടുത്തില്ല. റീ ഇംപേഴ്സ്മെന്റ് രണ്ടുവർഷമായി ഒറ്റ തൊഴിലാളിക്കുപോലും കൊടുക്കുന്നില്ല. ലോക്കൽ ഓഫീസിൽ സ്റ്റാഫില്ല. ഓരോ ദിവസവും 250 അപേക്ഷകർ ഇ.എസ്.ഐ. ഓഫീസിൽ എത്തുന്നുണ്ട്. ഇതിൽ 20, 25 ലീവ് ആപ്ലിക്കേഷൻ മാത്രമാണ് പരിഗണിക്കുവാൻ കഴിയുക. ബാക്കി തൊഴിലാളികൾ തിരിച്ചുവരികയാണ്. ഡി.എൽ.ഒ. ഓഫീസിന്റെ സ്ഥിതി എന്താണ് ? അവിടെ കത്ത് അയയ്ക്കുവാൻപോലും സ്റ്റാമ്പില്ല. ഒരൊറ്റ കൺസിലിയേഷൻ അവിടെ നടക്കുന്നില്ല. 40-45 പ്രാവശ്യം യോഗം ചേരും ഒന്ന് പൂർണ്ണതയിലെത്താനോ എന്തെങ്കിലും തീരുമാനം എടുക്കുവാനോ ഡി.എൽ.ഒ.മാർക്ക് കഴിയുന്നില്ല. മാത്രമല്ല, യോഗം വിളിച്ചാൽ മുതലാളിമാർ വരില്ല. വന്നാൽ തന്നെ എടുക്കുന്ന തീരുമാനങ്ങൾ അവർ നടപ്പാക്കുന്നില്ല. ലേബർ ഇൻസ്പെക്ടർമാർ സ്ഥലത്തുപോയി പരിശോധിക്കുന്നില്ല. അതിന്റെ ഭാഗമായി മിനിമം വേജസ് കൊടുക്കുന്നുണ്ടോ ; ഫെയർ വേജസ് കൊടുക്കുന്നുണ്ടോ ? ബാലവേല നടക്കുന്നുണ്ടോ ; ഇതൊന്നും പരിശോധിക്കുവാനോ നടപടി എടുക്കുവാനോ ലേബർ വകുപ്പിന് ഇപ്പോൾ കഴിയുന്നില്ല. ആ രീതിയിൽ പരിപൂർണ്ണമായി ഡി.എൽ.ഒ. ഓഫീസുകൾ സ്തംഭിച്ചിരിക്കുകയാണ്. ഇൻഡ്യയിൽ ഡി.എൽ.ഒ.മാർക്ക് എന്തെങ്കിലും കാസി ജുഡീഷ്യൽ പവർ കൊടുക്കുന്നില്ലെങ്കിൽ ആ ഡിപ്പാർട്ടുമെന്റിന് ഒരു അർത്ഥവും ഇല്ലാതാകും. ഒരൊറ്റ കൺസിലിയേഷൻ യോഗവും അർത്ഥപൂർണ്ണമായി ഇപ്പോൾ നടക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം ഡി.എൽ.ഒ. എടുക്കുന്ന തീരുമാനങ്ങൾ ഒന്നും നടപ്പാക്കാൻ ഞങ്ങൾക്ക് ബാദ്ധ്യതയില്ല എന്ന തോന്നൽ എംപ്ലോയർക്ക് വരുന്നു എന്നതുകൊണ്ടാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ കീഴിൽ വരുന്നതാണ് ഐ.റ്റി.ഐ. 32 ഐ.റ്റി.ഐ. ഉണ്ട്. 32 ഐ.റ്റി.ഐ.കളിൽ 22 ഐ.റ്റി.ഐ. യ്ക്ക് എൻ.സി.വി.റ്റി.ഇ.യുടെ സർട്ടിഫിക്കറ്റ് ഇല്ല. എല്ലാം വാടക സ്ഥാപനങ്ങളിലാണ് പ്രവർത്തിക്കുന്നത്. 10 പൈസ ബഡ്ജറ്റിൽ ഇല്ല. എന്റെ മണ്ഡലത്തിൽ ഒരു ഐ.റ്റി.ഐ. ഉണ്ട്. അത് എൽ.ഡി.എഫ്. ഭരണകാലത്ത് തുടങ്ങിയതാണ്. പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം 10 പൈസ കൊടുത്തിട്ടില്ല. അത് അങ്ങനെ പൂർത്തിയാകാതെ കിടക്കുന്നു. എൻ.സി.വി.റ്റി.ഇ.യുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ 100 കണക്കിന് രക്ഷിതാക്കൾ ഇന്ന് ഏറ്റവും വലിയ മാനസിക വിഷമതയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയാണ് ഐ.ടി.ഐ. കൈകാര്യം ചെയ്യുന്നത്. കരിനിയമങ്ങൾ ഓരോന്നോരോന്നായി വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ചുമട്ടുതൊഴിലാളി നിയമം ഇവിടെ വന്നുകഴിഞ്ഞു. ഞങ്ങൾ പറഞ്ഞു ഈ നിയമം ഇവിടെ പാസ്സാക്കാൻ പറ്റുകയില്ലായെന്ന്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിചാരിച്ചാൽ അതു നടപ്പിലാക്കാൻ പറ്റുകയില്ല.. പ്രശ്നം എന്താണ് ? കേന്ദ്രഗവൺമെന്റിന്റെ നയം ഇവിടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവിടെ കരിനിയമങ്ങൾ ഓരോന്നായി കൊണ്ടുവരികയാണ്. ബ്രിട്ടീഷുകാർ ഇൻഡ്യാ രാജ്യത്ത് ഭരിക്കുന്ന സമയത്ത് എന്തെല്ലാം നീയമങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നു. 1889-ലാണ് ഫാക്ടറീസ് ആക്ട് കൊണ്ടുവന്നത്. തൊഴിലാളികൾക്ക് വലിയ ആനുകൂല്യങ്ങൾ കൊടുത്തതാണ്. അവരുടെ ജനാധിപത്യ അവകാശങ്ങളും ട്രേഡ് യൂണിയൻ അവകാശങ്ങളും സംരക്ഷിക്കപ്പെട്ടു. 1922-ലെ വർക്ക്മെൻസ് കോംപൻസേഷൻ ആക്ട്, 1926-ലെ T.U. Act.., അവിടെ നിന്ന് തുടങ്ങി ഇന്ദിരാഗാന്ധി കൊണ്ടുവന്ന കോൺട്രാക്റ്റ് ലേബർ അബോളിഷൻ ആന്റ് റെഗുലേഷൻസ് ആക്ട് പ്രകാരം 135 നിയമങ്ങൾ വരെ നോക്കിയാൽ ഇൻഡ്യാ രാജ്യത്തിലെ തൊഴിലാളികൾക്ക് അനുകൂലമായ നിയമനിർമ്മാണങ്ങളാണ് പലതും. ആ നിയമനിർമ്മാണങ്ങൾ എല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഇപ്പോൾ കോൺസ്റ്റിറ്റ്യൂഷണൽ റിവ്യൂ കമ്മിറ്റി വരികയുണ്ടായി. അതുപോലെ, രണ്ടാം ലേബർ കമ്മിഷന്റെ ശുപാർശ വരുകയാണ്. ഇതൊക്കെ പാസ്സാക്കിക്കഴിഞ്ഞാൽ ഇൻഡ്യയിലേയും കേരളത്തിലേയും തൊഴിലാളികളുടെ സ്ഥിതി എന്തായിരിക്കും ? കേന്ദ്ര ഗവൺമെന്റിന്റെ കരിനിയമങ്ങൾ അതേ രൂപത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടല്ലേ ചുമട്ടുതൊഴിലാളി നിയമം ഇവിടെ കൊണ്ടുവന്നത്. മൂന്നര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന അറ്റാച്ച്ഡ് മേഖല, അൺ അറ്റാച്ച്ഡ് മേഖലയിലെ തൊഴിലാളികളെല്ലാം രാജ്യത്തിന്റെ ശത്രുക്കളാണെന്ന് ചിത്രീകരിക്കുന്ന നിയമമല്ലേ വന്നത് ? ഒരു മുതലാളിയുടെ കുട്ടി കിണറ്റിൽ വീണാൽ ഒരു ചുമട്ടുതൊഴിലാളിക്ക് അവിടെ പോയി കിണറ്റിലിറങ്ങിയിട്ട് ആ കുട്ടിയെ എടുക്കാൻ പറ്റുകയില്ല. ട്രെസ്പാസ് ആണ്. 5 വർഷം കഠിനതടവും 10,000 രൂപ പിഴയുമാണ്. അങ്ങനെയുള്ള ഒരു നിയമം ഇവിടെ കൊണ്ടുവന്ന സമയത്ത് ഞങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ കാര്യങ്ങൾ പറഞ്ഞതാണ്. ഒരു ഭേദഗതിയും നമുക്ക് കൊണ്ടുവരാൻ കഴിഞ്ഞില്ല. ഈ രൂപത്തിലുള്ള നിരവധി കരിനിയമങ്ങളാണ് ഇപ്പോൾ ഗവൺമെന്റിന്റെ മുശയിലുളളത്. അതുകൊണ്ട് ഈ കരിനിയമങ്ങൾ കേരളത്തിലെ ഒരൊറ്റ ചുമട്ടുതൊഴിലാളിയും, സംഘടിതമേഖലയിലേയും അസംഘടിത മേഖലയിലേയും തൊഴിലാളികളും അംഗീകരിക്കാൻ പോകുന്നില്ല. രാഷ്ട്രീയഭേദമന്യേ കേരളത്തിലെ തൊഴിലാളികൾ ഒന്നായി ഈ കരിനിയമങ്ങൾക്കെതിരായി ഇപ്പോൾ രംഗത്തു വന്നിരിക്കുകയാണ്. മറ്റൊരു കാര്യം പറയാനുള്ളത്, വാർത്താവിതരണവുമായി ബന്ധപ്പെട്ട കാര്യമാണ്. ഇവിടെ എന്താണ് സ്ഥിതി ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം തൊഴിലാളികൾക്ക് എതിരായിട്ടുള്ള അക്രമത്തിന്റെ യഥാർത്ഥ ചിത്രം വിഷ്വൽ മാധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കുന്നതിന് സധൈര്യം മുന്നോട്ടുവന്ന പത്രക്കാർക്ക് എന്തെങ്കിലും സുരക്ഷിതത്വം



LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടുണ്ടോ ? ഏതൊക്കെ രൂപത്തിലാണ് അവരെ ആക്രമിച്ചിട്ടുള്ളത്. അവരുടെ കയ്യും കാലും കുടലും തലച്ചോറും തച്ചുപൊട്ടിച്ച് തെറിപ്പിച്ചില്ലേ ? അവരുടെ കയ്യിലുള്ള ക്യാമറകൾ നശിപ്പിച്ചില്ലേ ? ഏതെങ്കിലുമൊരു കേസ് എടുത്തിട്ടുണ്ടോ ? പാലക്കാട് മാർച്ച്-17-ന് നടന്ന എസ്.പി. ഓഫീസ് മാർച്ചുമായി ബന്ധപ്പെട്ടുകൊണ്ട് 5 പത്രപ്രവർത്തകരെ ക്രൂരമായി മർദ്ദിച്ചു. അവർ മൊഴി കൊടുത്തു. പോലീസ് കേസെടുത്തില്ല. ഇപ്പോൾ പ്രൈവറ്റ് അന്യായം കൊടുത്തിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എന്താണ് ? അവിടെ എൽ.ഡി.എഫ്.-ന്റെ പ്രവർത്തകൻമാർ ബഹളം ഉണ്ടാക്കുന്ന സമയത്ത് ഓട്ടത്തിലും ചാട്ടത്തിലുംപ്പെട്ട് പത്രക്കാർക്ക് പരുക്ക് പറ്റി എന്നാണ്. അവർ അവിടെ ഉൽസവം കാണാൻ പോയതല്ല. അവർക്ക് പോലീസിന്റെ ക്രൂരമായ മർദ്ദനം ഏൽക്കേണ്ടി വന്നു, അവർ ആശുപത്രിയിൽ കിടന്നു. പത്രപ്രവർത്തകരും തൊഴിലാളികളാണ്. പണിയെടുക്കുന്നവരാണ്. ഇതു തെറ്റാണെന്നു പറയാൻ ലേബർ വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ ? കേരളത്തിലെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് പണിയെടുക്കുന്ന എല്ലാ അദ്ധ്വാനിക്കുന്നവർക്കും എതിരായിട്ടുള്ള ഏറ്റവും വലിയ ക്രൂരമായിട്ടുള്ള നയസമീപനങ്ങളും നടപടികളുമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ തൊഴിലും തൊഴിലാളിക്ഷേമവും എന്ന ശീർഷകത്തിൽ, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഭാഗമായി പറഞ്ഞിട്ടുള്ളത് തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് 1000 രൂപ വച്ച് ഉൽസവകാല ആനുകൂല്യം കൊടുക്കുന്നതിനുവേണ്ടി ഒരു ലക്ഷം രൂപയാണ് നിങ്ങൾ നീക്കിവച്ചിട്ടുള്ളത്. 1 ലക്ഷം എന്നു പറയുമ്പോൾ 100 തൊഴിലാളികൾക്കു മാത്രമേ കൊടുക്കാൻ പറ്റൂ. കഴിഞ്ഞ ബഡ്ജറ്റിൽ നിങ്ങൾ 30 ലക്ഷം രൂപ നീക്കിവച്ചതാണ്. 30 ലക്ഷം രൂപ നീക്കിവച്ച സ്ഥാനത്ത് ഇപ്പോൾ ഒരു ലക്ഷം രൂപ മാത്രമാണ് നീക്കി വയ്ക്കുന്നത്. പതിനായിരക്കണക്കിന് തൊഴിലാളികൾ 40-45 ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് തൊഴിലില്ലാതായി. അവരുടെ വീട് പട്ടിണിയിലായിരിക്കുന്ന ഈ കാലഘട്ടത്തിൽ 1000 രൂപ കൊടുക്കുന്നതിനുവേണ്ടി ഒരു ലക്ഷം രൂപ നിങ്ങൾ ബഡ്ജറ്റിൽ വയ്ക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം 30 ലക്ഷം രൂപ വച്ചു. ആയിരം കോടിയോളം രൂപ ഉണ്ടായാലാണ് ഈ ക്ഷേമപദ്ധതികൾ, പെൻഷൻ പദ്ധതികൾക്കുള്ള കുടിശ്ശിക കൊടുക്കാൻ പറ്റുകയുള്ളൂ. ആ സമയത്താണ് ഒരു ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് വന്ന് അതിഗംഭീരമായ നേട്ടങ്ങളെക്കുറിച്ച് പറയുന്നു. ആവശ്യം പോലെ പണമുണ്ടെന്നാണ് പറയുന്നത്. ആ പണം ഇതിനുവേണ്ടി ഉപയോഗിച്ചുകൂടെ ? ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രിയുടെ അത്യുഗ്രമായ പ്രസംഗം ഉണ്ടായിരുന്നു. അതിന്റെ ഉപസംഹാരം ഞാൻ പറയാം. മഹാത്മാഗാന്ധിയോട് ആർക്കെങ്കിലും സ്നേഹമുണ്ടെങ്കിൽ ഈ ബഡ്ജറ്റ് അംഗീകരിക്കണമെന്നാണ് ഉപസംഹരിച്ചുകൊണ്ട് പറഞ്ഞത്.. "രാഷ്ട്രപിതാവ് ഗാന്ധിജി ഒരിക്കൽ ശക്തമായി ഇങ്ങനെ എഴുതി: യഥാർത്ഥ സാമ്പത്തിക ശാസ്ത്രം സാമൂഹ്യ നീതിക്കുവേണ്ടി നിലകൊള്ളുന്നു." സാമ്പത്തികശാസ്ത്രം പോലെ ബഡ്ജറ്റും സാമൂഹ്യ നീതിക്കുവേണ്ടിയുള്ളതാണെന്ന എന്റെ വിശ്വാസപ്രമാണത്തിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ മഹാത്മജി യെ പിൻതുടരാൻ മെച്ചപ്പെട്ട മറ്റു വഴി ഏതുണ്ട് ? മഹാത്മാഗാന്ധിയെ പിൻതുണയ്ക്കാൻ ഈ ബഡ്ജറ്റ് അംഗീകരിക്കണമെന്നാണ്. മഹാത്മാഗാന്ധിയുടെ നേരെ നിറതോക്ക് ഒഴിച്ച ഗോഡ്സെയുടെ അനുയായികൾ ഇവിടെ ത്രിശൂലം വിതരണം നടത്തുകയുണ്ടായി. അതിനു പച്ചക്കൊടി കാട്ടിയ മുഖ്യമന്ത്രി എ.കെ. ആന്റണിയെ ഓർത്തുകൊണ്ടല്ലാതെ എങ്ങനെ ഈ ബഡ്ജറ്റ് അംഗീകരിക്കാൻ പറ്റും ? ഈ രൂപത്തിൽ ജനദ്രോഹപരമായിട്ടുള്ള, തൊഴിലാളികളെ ഇല്ലാതാക്കുന്ന ബഡ്ജറ്റ്, തൊഴിലാളികളുടെ അദ്ധ്വാനശേഷിയെ ചെറിയ കാശു കൊടുത്ത് കൂലിക്കു വാങ്ങി കോൺട്രാക്റ്റ് സിസ്റ്റം ഉണ്ടാക്കി ഇവിടെ പരിപൂർണ്ണമായി തൊഴിലാളി വർഗ്ഗത്തെ ഇല്ലാതാക്കുന്ന ഈ ബഡ്ജറ്റിനെ നഖശിഖാന്തം എതിർക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. തമ്പാനൂർ രവി</u> : സർ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ബഹുമാനപ്പെട്ട എ. കെ. ബാലന്റെ പ്രസംഗം കേട്ടാൽ ഈ സംസ്ഥാനത്ത് എല്ലാ കുഴപ്പങ്ങൾക്കും കാരണം യു.ഡി.എഫ്. ആണെന്നു തോന്നും. 5 വർഷം കേരളം ഭരിച്ച് വ്യവസായങ്ങളുടെ ശവപ്പറമ്പ് തോണ്ടിയവരാണ് ; നാരായ വേര് പിഴുതെറിഞ്ഞവരാണ് നിങ്ങൾ. നിങ്ങളുടെ മുമ്പിൽ ചെമ്പരത്തിപ്പൂവ് കാണിച്ചാലും കരിങ്കല്ല് എന്നു പറയും. ഇതൊന്നും നിങ്ങൾക്ക് മനസ്സിലാകുകയില്ല. 'ജിം' നിങ്ങൾക്ക് മനസ്സിലാകുകയില്ല. വ്യവസായ അന്തരീക്ഷം നിങ്ങൾക്ക് മനസ്സിലാകുകയില്ല. ഈ നാട് നശിക്കുക എന്ന മുദ്രാവാക്യമിറക്കിയ നിങ്ങളുടെ മുന്നിൽ ഒന്നും പറഞ്ഞിട്ട് കാര്യമില്ല. എന്താണ് യഥാർത്ഥ സ്ഥിതി ? കേരളത്തിൽ ഇന്ന് ഒരു ഗവൺമെന്റ് ഭരിക്കുന്നു. കേരളത്തിലെ യഥാർത്ഥമായ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് കഴിഞ്ഞ 50 വർഷത്തെ നമ്മുടെ സംസ്ഥാനത്തെ തൊഴിൽ രംഗത്തെ, വ്യവസായരംഗത്തെ, വിദ്യാഭ്യാസ രംഗത്തെ, സാമൂഹ്യ രംഗത്തെ പാളിച്ചകൾ, കുറ്റങ്ങൾ, കുറവുകൾ എന്നിവയെല്ലാം മനസ്സിലാക്കിക്കൊണ്ട് എല്ലാവരും ആലോചിച്ച് ഒരു സമവായം ഉണ്ടാക്കിക്കൊണ്ട് നമ്മുടെ സംസ്ഥാനം രക്ഷപ്പെടുന്ന ഒരു സമീപനം സ്വീകരിച്ചാണ് ഇന്ന് നാം മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി പ്രതിപക്ഷഭാഗത്തുണ്ടാകുന്ന സഹകരണം ഞാൻ വിസ്മരിക്കുന്നില്ല. പ്രതിപക്ഷം ക്രിയാത്മകമായി നന്നായി സഹകരിക്കുന്ന ഒരു സമീപനം ഇതിനു മുമ്പ് ഒരിക്കലും ഞാൻ കണ്ടിട്ടില്ല. നമ്മുടെ നാട് രക്ഷപ്പെടാൻ പോകുന്ന ഒരു സൂചനയാണ് അതിൽ ഞാൻ കാണുന്നത്. നമുക്ക് യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടാൻ കഴിയുകയില്ല. നമ്മുടെ തൊഴിൽ രംഗം എടുക്കാം. ഇവിടെ എല്ലാം നടന്നു എന്നൊന്നും ഞാൻ പറയുന്നില്ല. തൊഴിൽ രംഗത്ത് ഒരു അസ്വസ്ഥതയുള്ള, മുതൽമുടക്കാൻ വ്യവസ്ഥയില്ലാത്ത ഒരന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നതെന്നാണ് പണ്ട് കേരളത്തെക്കുറിച്ച് പറഞ്ഞത്. ഇന്നത് മാറി. ഒരുപാട് പഠനങ്ങൾ ഇതിനുവേണ്ടി നടക്കുന്നു. ഇന്ന് കേരളത്തിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ, മുതൽ മുടക്കാൻ അനുകൂലമായ ഒരു സാഹചര്യമുണ്ട്. അതിനനുസരിച്ച തൊഴിൽ നയമാണ് ഇന്നിവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. ആരെല്ലാം എതിർത്താലും ജിം ഒരു യാഥാർത്ഥ്യമല്ലേ ? കേരളത്തിൽ കോടിക്കണക്കിന് വ്യവസായങ്ങൾ വരാൻ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ മുതൽമുടക്കാൻ വ്യവസായികൾ ധൈര്യമായി മുന്നോട്ടുവന്ന സാഹചര്യമുണ്ടായി. ആ അനുകൂല സാഹചര്യത്തെ പരമാവധി പ്രയോജനപ്പെടുത്താൻ ഉള്ള തൊഴിൽ നയം ഇവിടെയുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. നമ്മുടെ പരമ്പരാഗത തൊഴിൽ രംഗം, തോട്ടം മേഖല, ചെറുകിട വ്യവസായ മേഖല. ഈ മേഖലകൾ യഥാർത്ഥത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന മേഖലകളാണ്. തോട്ടം മേഖലയിലും ചെറുകിട വ്യവസായരംഗത്തും ധാരാളം അസ്വസ്ഥതകളുണ്ടായി. ധാരാളം ഫാക്ടറികൾ പൂട്ടുകയാണ്. ധാരാളം തോട്ടങ്ങൾ പൂട്ടുകയാണ്. ഗവൺമെന്റ് എത്ര ശ്രമം നടത്തുന്നുണ്ടെങ്കിലും എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകൾ ഓരോ ദിവസം കഴിയുന്തോറും തൊഴിൽ രഹിതരായി മാറുന്ന ഒരു സമീപനം ഇവിടെ കാണുകയാണ്. അതിനായി ഒരുപാട് കമ്മിറ്റികൾ വച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയും തോട്ടം മേഖലയും ചെറുകിട വ്യവസായ മേഖലയും രക്ഷപ്പെട്ടുവെങ്കിൽ മാത്രമേ കേരളം രക്ഷപ്പെടുകയുള്ളൂ. ഈ രംഗത്ത് അസ്വസ്ഥതയുണ്ടെന്നു മനസ്സിലാക്കി തൊഴിൽ വകുപ്പ് മുൻകയ്യെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പീക്കറും പ്രതിപക്ഷനേതാവുമായും സംസാരിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ള പ്രഗൽഭരായ സാമാജികരെക്കൂടി ഉൾപ്പെടുത്തി ഈ രംഗത്തെ പ്രശ്നങ്ങൾ മനസ്സിലാക്കി ഒരു സമവായമുണ്ടാക്കി പരമ്പരാഗത മേഖലയുടെ, ചെറുകിട മേഖലയുടെ, തോട്ടം മേഖലയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു കമ്മിറ്റി രൂപീകരിച്ച് ഒരു സമവായത്തിനുള്ള പഠനം നടത്തി റിപ്പോർട്ട് ഗവൺമെന്റിനു നൽകി അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന ഒരു പുതിയ സമീപനം സ്വീകരിച്ചുവെങ്കിൽ മാത്രമേ നമുക്ക് രക്ഷപ്പെടാൻ കഴിയുകയുള്ളൂ. അതല്ലാതെ ഓണത്തിന് കുറച്ച് ബോണസ്, കുറച്ച് അഡ്വാൻസ്, കുറച്ച് മെഡിക്കൽ എയ്ഡ് ഇതൊന്നുമില്ലാത്തതുകൊണ്ട് രക്ഷപ്പെടാൻ പോകുന്നില്ല. രോഗം അറിഞ്ഞ് നമ്മൾ ചികിൽസിക്കണം. അതിന് ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭാ സാമാജികരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രശ്നങ്ങൾ ആഴത്തിൽ പഠിച്ചുകൊണ്ടുള്ള ഒരു സമീപനം സ്വീകരിക്കാൻ നാം തയ്യാറാകണം. അതിന് തയ്യാറായാൽ പുതിയൊരു സാഹചര്യത്തിൽ കേരളത്തിൽ ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ നമ്മുടെ ഐ.ടി.ഐ.കളെ സംബന്ധിച്ച് പറയുകയാണെങ്കിൽ കേരളത്തിൽ ഏതാണ്ട് 74 ഐ.ടി.ഐ.കളുണ്ട്. ഈ ഐ.ടി.ഐ.കളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള പുതിയ കോഴ്സ് നമുക്ക് ആരംഭിക്കണം. കാലം ഏറെ മാറി, തൊഴിൽ രംഗമാകെ മാറി. പക്ഷേ ഇന്നും ഈ ഐ.ടി.ഐ.കളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ വളരെ കുറവാണ്. അപ്പോൾ ഗവൺമെന്റ് ഐ.ടി.ഐ.കളിലെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകളാരംഭിക്കാനുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ഇതേക്കുറിച്ച് പറയാനുള്ളത്. പിന്നെയുള്ളത് പ്രവാസികാര്യ വകുപ്പാണ്. പ്രവാസികാര്യ വകുപ്പ് ഇന്നൊരു വലിയ വകുപ്പായി മാറിയിരിക്കുകയാണ്. X-ാം സബ്ജക്ട് കമ്മിറ്റി ഇതിന്റെ പ്രാധാന്യം കണ്ടുകൊണ്ട് ഐകകണ്ഠ്യേന ഈ പ്രവാസി വകുപ്പിനെ മേജർ ഹെഡിൽ പെടുത്തണമെന്നുള്ള ഒരു ശുപാർശ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. ഇന്നിത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഒരു ഉപവകുപ്പായി മൈനർ ഹെഡിലാണ് മുന്നോട്ടുപോകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ലക്ഷക്കണക്കിനാളുകൾ, ഏതാണ്ട് 11.4 ലക്ഷം ആളുകൾ വിദേശത്ത് ജോലി ചെയ്യുകയാണ്. 13.86 ലക്ഷം ആളുകളാണ് വിദേശത്ത് താമസിക്കുന്നത്. ഈ അടുത്തകാലത്ത് ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് തയ്യാറാക്കിയ ഒരു സ്റ്റഡി റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകാശനം ചെയ്തു. അതിൽ വളരെ വ്യക്തമായി അത് പറയുന്നുണ്ട്. കേരളത്തിൽ ഏതാണ്ട് 13.89 ലക്ഷം കുടുംബങ്ങളിൽ വിദേശത്ത് ജോലി ചെയ്യാത്ത ഒരാളെങ്കിലും ഒരു കുടുംബത്തിലില്ലെന്നാണ് ആ സർവ്വേ റിപ്പോർട്ടിൽ പറയുന്നത്. ആ സാഹചര്യത്തിൽ ഈ വകുപ്പിന്റെ പ്രാധാന്യം ഉൾക്കൊള്ളണം. അതുപോലെ മറ്റൊരുകാര്യം എനിക്ക് പറയാനുണ്ട്. കേരളത്തിലെ സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരേക്കാൾ ഒരു ലക്ഷംപേർ കൂടുതലാണ് വിദേശത്ത് ജോലിചെയ്യുന്ന പ്രവാസി മലയാളികളെന്നാണ് ആ കണക്കിൽ ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ അർത്ഥം കേരളത്തിലാകെ ജോലിചെയ്യുന്ന ആളുകളെന്നു പറയുന്നത് ഏതാണ്ട് 40.9 ലക്ഷമാണ്. അതിൽ ഏതാണ്ട് 10.37 ലക്ഷം മാത്രമാണ് സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത്. അപ്പോൾ വിദേശത്ത് ജോലി ചെയ്യുന്ന 11.47 ലക്ഷമെടുക്കുമ്പോൾ അതിനേക്കാൾ ഒരു ലക്ഷം കുറവാണ് കേരളത്തിൽ സർക്കാർ അർദ്ധ സർക്കാർ മേഖലകളിൽ ജോലി ചെയ്യുന്നവർ. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഒരു മേജർ ഡിപ്പാർട്ടുമെന്റായി ഇതിനെ മാറ്റി, വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ, പ്രവാസികളുടെ പ്രശ്നങ്ങളെന്താണെന്ന് മനസ്സിലാക്കി കൊണ്ടുള്ള ഒരു പുതിയ സംവിധാനവും സമർത്ഥമായ നിലയിലുള്ള ഒരു പ്രവർത്തനവും ഇതിനാവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. പ്രവാസി മലയാളികളുടെ ഗൗരവമായ പ്രശ്നം, കേരളം അതർഹിക്കുന്ന ഗൗരവത്തിൽ ഏറ്റെടുക്കണം. അതുകൊണ്ടാണ് നമ്മുടെ സബ്ജക്ട് കമ്മിറ്റി ഐകകണ്ഠ്യേന ഈ ഒരു ശുപാർശതന്നെ സമർപ്പിച്ചത്. പക്ഷേ അങ്ങയുടെ പാർട്ടിയുടെ നേതാവ് ശ്രീ. കെ. കരുണാകരൻ പ്രവാസികാര്യവകുപ്പ് ഒരു ചപ്രാസി വകുപ്പാണെന്ന് ഈയിടെ പറഞ്ഞല്ലോ. അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. തമ്പാനൂർ രവി : അദ്ദേഹം അങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല. കാരണം 18-6-2003-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ നൽകിയ കണക്കനുസരിച്ച് കേരളത്തിലെ ബാങ്കുകളിൽ എൻ.ആർ.ഐ. അക്കൗണ്ട് ഏതാണ്ട് 27,487 കോടി രൂപയുടെ വിദേശ നിക്ഷേപം ഈ പ്രവാസികളെക്കൊണ്ട് കേരളത്തിൽ ലഭിച്ചിരിക്കുകയാണ്. ട്രഷറി അക്കൗണ്ടും സഹകരണ അക്കൗണ്ടും ഇതിൽ വന്നിട്ടില്ല. ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ 14 ലക്ഷം കുടുംബങ്ങളിൽ ഒരാളെങ്കിലും വിദേശത്ത് ജോലി ചെയ്യാത്ത വീട് കേരളത്തിലില്ല. നമ്മുടെ സർക്കാർ ജീവനക്കാരേക്കാൾ ഏതാണ്ട് ഒരു ലക്ഷംപേർ വിദേശത്ത് കൂടുതലായി ജോലി ചെയ്യുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ) : സർ, ഇവിടെ ശ്രീ. എം. വി. ജയരാജൻ ചൂണ്ടിക്കാണിച്ചത് പ്രവാസി കാര്യവകുപ്പിനെ ചപ്രാസി വകുപ്പെന്ന് ബഹുമാനപ്പെട്ട കെ. കരുണാകരൻ പറഞ്ഞു എന്നാണ്. അങ്ങനെ അദ്ദേഹത്തിന് പറയാൻ ഒരിക്കലും സാധ്യമല്ല. ശ്രീ. കെ. കരുണാകരന്റെ നർമ്മബോധം വളരെ ആസ്വദിക്കുന്ന ഒരാളാണ് ഞാൻ. കാരണം അദ്ദേഹത്തിന്റെ മകൻ പ്രവാസിയായിരുന്നു, അദ്ദേഹത്തിന്റെ ചെറുമകളും ഭർത്താവും പ്രവാസിയാണ്. അപ്പോൾ പ്രവാസികളെ അദ്ദേഹം എപ്പോഴെങ്കിലും ചപ്രാസി എന്നുവിളിച്ച് ആക്ഷേപിക്കുമോ? ഒരിക്കലുമില്ല. അദ്ദേഹം ജീവനുതുല്യം മക്കളെ സ്നേഹിക്കുന്ന ഒരു പിതാവാണ്, അതുകൊണ്ട് ഒരിക്കലും അദ്ദേഹം അങ്ങനെ പറഞ്ഞിരിക്കുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. കെ. കരുണാകരനെതന്നെ ഒരു പ്രവാസിയാക്കി മാറ്റാനുള്ള പരിപാടിയാണല്ലോ നിങ്ങൾ നടത്തി കൊണ്ടിരിക്കുന്നത് ?

ശ്രീ. തമ്പാനൂർ രവി : ബഹുമാന്യനായ മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ബഹുമാന്യനായ, ആരാധ്യനായ നമ്മുടെ നേതാവ് പ്രത്യേകിച്ചും കേരളത്തിലെ പ്രവാസികളെക്കുറിച്ച് നല്ല അറിവുള്ള, അവരുടെ കഴിവിനെക്കുറിച്ച് നല്ല വിശ്വാസവും ബഹുമാനവുമുള്ള അദ്ദേഹം അങ്ങനെ പറഞ്ഞുകാണുമെന്ന് ഞങ്ങളാരും വിശ്വസിക്കുന്നില്ല. മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത് പി.ആർ. ഡി.യെക്കുറിച്ചാണ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്ന വളരെ പ്രാധാന്യമുള്ള ഒരു വകുപ്പാണ് പി.ആർ.ഡി. നിർഭാഗ്യവശാൽ പലപ്പോഴും ആ വകുപ്പിന്റെ പ്രാധാന്യമനുസരിച്ച് അതിൽ പ്രവർത്തിക്കാനുള്ള ഫണ്ട് ഈ ബഡ്ജറ്റ് പ്രൊവിഷനിൽ വയ്ക്കുന്നില്ല എന്നുള്ളതാണ് എന്റെ ആക്ഷേപം. ഇപ്പോൾത്തന്നെ ബഡ്ജറ്റിൽ പി.ആർ.ഡി.ക്കുവേണ്ടി മാറ്റി വച്ചിട്ടുള്ളത് 4 കോടി രൂപയാണ്. ഈ 4 കോടി രൂപ എന്നു പറഞ്ഞാൽ പണ്ട് പ്രിന്റ് മീഡിയ ഉണ്ടായിരുന്നപ്പോൾ, അച്ചടി മാധ്യമത്തിന് അന്നു കണക്കാക്കി വച്ച തുകയാണ്. ഇന്ന് വിഷ്വൽ മീഡിയയ്ക്ക് വളരെ പ്രചാരം കൊടുത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്ന പി.ആർ.ഡി. എന്ന വകുപ്പിന് ബഡ്ജറ്റിൽ മാറ്റിവച്ച തുക വളരെ പരിമിതമാണ്. അതുകൊണ്ട് പ്രത്യേകിച്ച് ഐ.ടി. മേഖലകളിലൊക്കെ വളരെയധികം സാധ്യതയുണ്ടാകുന്ന ഈ കാലഘട്ടത്തിൽ, ജനങ്ങൾ മുഴുവൻ കാര്യങ്ങളും അറിയാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ പി.ആർ.ഡി.ക്ക് ആവശ്യമായ തുക നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇവിടെ പി.ആർ.ഡി.ക്ക് ആവശ്യമായ തുക മാറ്റി വയ്ക്കണമെന്നു പറഞ്ഞല്ലോ? ഇവിടെ പി.ആർ.ഡി. പ്രസിദ്ധീകരിച്ചിട്ടുള്ള, അച്ചടിച്ചു പുറത്തിറക്കിയിട്ടുള്ള മുഖ്യമന്ത്രിയുടെ കളർ പോസ്റ്ററുകളുൾപ്പെടെ തുടർച്ചയായി ടി.വി. മാധ്യമങ്ങളിൽ വരുന്ന പരസ്യത്തിനൊക്കെയായി ഏകദേശം 75 ലക്ഷത്തോളം രൂപ ഇപ്പോൾത്തന്നെ ചെലവഴിച്ചിട്ടുണ്ട് എന്നുള്ളത് അറിയാമോ ? മുഖ്യമന്ത്രിയുടെ പടമുള്ള 4 കളർ പോസ്റ്ററുകളുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : ബഹുമാന്യനായ ശ്രീ. കെ. പി. രാജേന്ദ്രൻ തന്നെ അത് ചോദിച്ചത് നന്നായി. കേരളപ്പിറവിക്കുശേഷമുള്ള പി. ആർ. ഡി.യിലെ അക്കൗണ്ട് പരിശോധിച്ചാൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ 5 വർഷംപോലെ പി.ആർ.ഡി.യെ ഇത്രയും കൂടുതൽ നശിപ്പിച്ച ഒരു കാലഘട്ടം വേറെ ഉണ്ടായിട്ടില്ല. ആവശ്യമില്ലാതെ പ്രസിദ്ധീകരിച്ച എത്ര പുസ്തകങ്ങളാണുള്ളത് ? Advertisement is an art. പ്രൊഫഷണലിസ്റ്റുകളെ കൊണ്ടുവന്ന് ഈ രംഗത്ത് വളരെ നല്ല കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ജനമദ്ധ്യത്തിൽ എത്തിക്കേണ്ട ഒന്നാണ് പി.ആർ.ഡി. അപ്പോൾ അവിടെ ഫണ്ട് വേണം. ഞാൻ പറയുന്നത് ഈ ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ അങ്ങനെയൊന്നും ആവശ്യമില്ലാതെ ഒരു ചെലവും ചെയ്തിട്ടില്ല. പണ്ട് 4 കോടി രൂപയാണ് ഫണ്ടുണ്ടായിരുന്നത്. അന്ന് പ്രിന്റ് മീഡിയ മാത്രമേയുള്ളൂ. ഇന്ന് വിഷ്വൽ മീഡിയ വന്ന സാഹചര്യമുണ്ട്. അതുകൊണ്ട് ഇത് കുറച്ചുകൂടി ശക്തിപ്പെടുത്താനുള്ള സംവിധാനമുണ്ടാകണം. ബഹുമാനപ്പെട്ട ബാലൻ പറഞ്ഞതുപോലെ ഇവിടെ മാധ്യമ പ്രവർത്തകരും പോലീസുമായി നിരന്തരമായിട്ടുള്ള പ്രശ്നങ്ങളാണ് അവർക്ക് സ്വന്തമായി ജോലി ചെയ്യാനുള്ള ഒരു അവസരമുണ്ടാകണം. അതുകൊണ്ട് എനിക്ക് പറയാനുള്ളത് നമ്മുടെ മാധ്യമ പ്രവർത്തകർക്ക് ഈ പോലീസുമായുള്ള തർക്കം ഒഴിവാക്കാനായി പോലീസ് പ്രസ് റിലേഷൻസ് എന്നുപറഞ്ഞ് ഒരു കമ്മിറ്റിയുണ്ട് ; ആ കമ്മിറ്റി കുറേക്കൂടി ശക്തിപ്പെടുത്തണം, കുറേക്കൂടി സ്വതന്ത്രമായി അവർക്ക് ജോലി ചെയ്യാൻ കഴിയണം. പലവിധമായ സംഘട്ടനങ്ങൾ ഉണ്ടാവുകയാണ്. അതുകൊണ്ട് പോലീസ് പ്രസ് റിലേഷൻസ് കമ്മിറ്റി നമുക്ക് ശക്തിപ്പെടുത്തണം. എങ്കിൽ മാത്രമേ അവർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ കഴിയുകയുള്ളൂ. അതുപോലെ മറ്റൊരുകാര്യം ആളുകൾക്ക് അറിയാനുള്ള അവകാശമുണ്ട്., right for information ഇവിടെ നിയമ പരിഷ്ക്കാരം വരികയാണ്, നിയമ നിർമ്മാണം ഈ നിയമസഭയിൽ വരാൻ പോവുകയാണ്. ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലോ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിലോ ജനങ്ങൾക്ക് വരാൻ കഴിയുന്ന രീതിയിൽ, റൈറ്റ് ഇൻഫർമേഷൻ കിട്ടുന്നതിനുള്ള നടപടിക്ക് പി.ആർ.ഡി. മുൻകൈ എടുക്കണം. അതുപോലെ ഇന്ന് മാധ്യമ രംഗത്ത് ഒഴിവാക്കാൻ കഴിയാത്ത ഒരു സ്ഥാപനമാണ് സി.ഡിറ്റ്. അതിനാവശ്യമായ ഫണ്ട് ഇന്നില്ല. അതിന് ഗവൺമെന്റ് നല്ല ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണം. അങ്ങനെ സി.ഡിറ്റ് കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രത്യേകമായ ശ്രദ്ധകൂടി ഈ ഗവൺമെന്റിനുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ് ലോക ചരിത്രത്തിൽ നിരവധി പലായനങ്ങൾ ഉണ്ടായിട്ടുണ്ട്. ഫറോയുടെ ദുഷ്ടതയിൽ നിന്നും രക്ഷ നേടാൻ കാനായിദേശത്തേയ്ക്കു അനുയായികളെ അയച്ച മോശയുടെ പലായനം, വിശ്വാസം സംരക്ഷിക്കാൻ വേണ്ടി മഹാനായ പ്രവാചകൻ നടത്തിയ ഹിജ്റയിലേയ്ക്കുള്ള പലായനമൊക്കെ ലോകചരിത്രത്തിൽ ഏറ്റവും കൂടുതൽ ദ്യോതിപ്പിക്കുന്ന പലായനങ്ങളാണ്.

അതുപോലെ സ്വന്തം നാട്ടിൽ അപ്പവും ഭക്ഷണവും വെള്ളവും കിട്ടാതെ മാന്യമായ എക്സിസ്റ്റൻസിനുപോലും വകയില്ലാതെ പലായനം ചെയ്ത ഒരു വിഭാഗമാണ് നമ്മുടെ നാട്ടിലെ വിദേശ മലയാളികൾ എന്നു പറയുകയും ഇന്നു നമ്മൾ പ്രവാസികൾ എന്നു പറയപ്പെടുകയും ചെയ്യുന്ന ആളുകൾ. ഒരു കാലത്ത് കള്ള ലൗഞ്ചിൽ തുടങ്ങി അവിടെ നിന്നും കപ്പലിൽ യാത്ര തുടങ്ങി ഇന്നു വ്യോമമാർഗ്ഗം യാത്ര തുടരുന്ന ഇവരെ സംബന്ധിച്ചിടത്തോളം അവർ ഇന്നും കൂട്ടത്തോടുകൂടി യാത്ര തുടർന്നു കൊണ്ടിരിക്കുകയാണ്. യാത്ര പോയിട്ടുള്ളവരിൽ ചിലർ കൂട്ടത്തോടെ തിരിച്ചു വരികയും ചെയ്തു കൊണ്ടിരിക്കുകയാണ്. ആഫ്രിക്ക മുതൽ ദക്ഷിണാഫ്രിക്കയിലെ മബൂട്ടയിലും ആസ്ത്രേലിയായിലും ഒക്കെ പ്രവാസികളായ മലയാളികളുണ്ട്. ഇന്ത്യയിലെ വൻകിട നഗരങ്ങളിലും പ്രവാസികളുണ്ട്. ഈ പ്രവാസികൾ ഒരു സുപ്രഭാതത്തിൽ തിരിച്ചു വന്നാൽ നമ്മുടെ നാടിന്റെ സ്ഥിതി എന്താകും ? അതു വളരെ ഭീകരമായിരിക്കും. അവരുടെ തിക്കും തിരക്കും കൊണ്ട് തെരുവുകളിൽക്കൂടി നടക്കാൻ പോലും പറ്റാത്ത ഒരു അവസ്ഥ ഉണ്ടാകും. നാട്ടിൽ വന്നവരെ സംബന്ധിച്ചിടത്തോളം നല്ലൊരു ശതമാനത്തിന്റെയും കൈമുതൽ ബ്ലഡ് പ്രഷറും ഷുഗറും മാത്രമാണ്. 40 കൊല്ലം വിദേശത്തു പോയിട്ട് 40 മാസം മാത്രം സ്വന്തം കുടുംബത്തോടു കൂടി താമസിച്ച അപൂർവ്വം ചില ഭാഗ്യവാന്മാരുമുണ്ട്. അതുപോലെ 20 മാസം മാത്രം താമസിച്ച ഭാഗ്യവാന്മാരുമുണ്ട്. നമ്മുടെ സമൂഹത്തിന്റെ സാമ്പത്തികമായ സുരക്ഷിതാവസ്ഥ കെട്ടിപ്പടുക്കുന്നതിൽ അവർ വഹിച്ച നിർണ്ണായകമായ പങ്കിനെക്കുറിച്ച് ഓർക്കുമ്പോൾ നമ്മൾ അവർക്ക് എന്തു തിരിച്ചു നൽകുന്നു എന്നത് നമ്മുടെ ജനാധിപത്യ ഭരണകൂടങ്ങളുടെ മുഖത്തേയ്ക്കെറിയുന്ന ഒരു വലിയ ചോദ്യചിഹ്നമാണ്. ഒട്ടേറെ കാര്യങ്ങളൊക്കെ അവർ ഇപ്പോഴും നേരിടുകയാണ്. യു.എ.ഇ.യിൽ നിന്നോ യു.എസ്.എ. യിൽ നിന്നോ നാട്ടിൽ വന്ന് ആറു മാസം കഴിഞ്ഞാൽ അവർക്ക് തിരിച്ചു പോകാൻ കഴിയില്ല അവരുടെ പാസ്പോർട്ടിന്റെ വാലിഡിറ്റി നഷ്ടപ്പെടുകയാണ്. സെക്കന്റ് പാസ്പോർട്ടിനു അപേക്ഷ കൊടുത്താലും അതു ലഭിക്കാൻ ധാരാളം തടസ്സങ്ങൾ നിലനിൽക്കുകയാണ്. ആ തടസ്സങ്ങൾ നീക്കാൻ, അത്യന്താപേക്ഷിതമായി അവർക്ക് പാസ്പോർട്ട് കൊടുക്കാൻ, പ്രവാസി വകുപ്പിൽ യുദ്ധകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യണം. അതുപോലെതന്നെ എമിഗ്രേഷനിലും പുതിയ പുതിയ നിയമങ്ങൾ ഉണ്ടാവുകയാണ്. ഈ എമിഗ്രേഷൻ നിയമങ്ങൾ പലപ്പോഴും നമ്മുടെ പ്രവാസി മലയാളികളുടെ യാത്ര വളരെയധികം വൈകിപ്പിക്കുകയാണ്. അതുപോലെ എയർപോർട്ടിൽ ഈ രംഗത്ത് അമിതമായ യൂസേഴ്സ് ഫീ വാങ്ങുകയാണ്. ഇതിനു ഒരു പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുമ്പോട്ടു വരണം. നമ്മുടെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ പലപ്പോഴും ഈ പ്രവാസികൾ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റു ചെയ്യിക്കാൻ ചെന്നാൽ സമയത്തിനു കാര്യങ്ങൾ നടക്കാറില്ല. കുറെ ദിവസങ്ങൾ അവർക്ക് അവിടെ കയറിയിറങ്ങേണ്ടി വരുന്നു. ഒരു ഫോളോ അപ്പുണ്ടെങ്കിൽ അതു പെട്ടെന്നു ലഭിക്കും, അതുകൊണ്ട് പരീക്ഷാ ഭവനുകളിൽ അറ്റസ്റ്റേഷനുവേണ്ടിയുള്ള ഒരു പ്രവാസി സെൽ പ്രത്യേകമായി ഒരു ജീവനക്കാരന്റെ നേതൃത്വത്തിൽ രൂപീകരിച്ചാൽ പെട്ടെന്ന് ഇവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. കേരളത്തിൽ യു. ഡി. എഫ്. പ്രവാസികൾക്കുവേണ്ടി ചെയ്ത ഒരുപാട് കാര്യങ്ങളുണ്ട്. അഭിമാനത്തോടുകൂടി അക്കാര്യം ചൂണ്ടിക്കാണിക്കാൻ എനിക്കു കഴിയും. എൽ. ഡി. എഫ്. ഇവർക്കുവേണ്ടി ഒരു ചുക്കും ചെയ്തിട്ടില്ല. ഒരു തരി മണലിന്റെ ഗുണം പോലും പാവപ്പെട്ട ഇവർക്കു വേണ്ടി ചെയ്തിട്ടില്ല. കൈരളി ചാനലിനുവേണ്ടിയും പാർട്ടി ഫണ്ടിനുവേണ്ടിയും ഒരുപാടു പൈസ കൊടുത്തവരാണ് ഇവർ. കഴിഞ്ഞ കാലത്തെ മന്ത്രിമാർക്ക് കോഴി ബിരിയാണിയും മറ്റും വാങ്ങിക്കൊടുത്ത് അവരെ എ.സി. മുറിയിൽ കിടത്തി ഉറക്കിയവരാണ് ഇവർ. സി. പി. എം. നടക്കം ഒട്ടേറെ സംഭാവനകൾ ചെയ്തവരാണ് ഇവർ. പക്ഷേ എന്താണ് ഈ പാവപ്പെട്ടവർക്ക് ഇടതുപക്ഷജനാധിപത്യ മുന്നണി ചെയ്തിട്ടുള്ളത് ? അക്കാര്യം തുടർന്നുള്ള ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ വെളിപ്പെടുത്തിയാൽ കൊള്ളാം. ഇറാക്ക് യുദ്ധം വന്ന സമയത്ത് ബഹുമാന്യരായ മുനീർ സാറും, ഹസ്സൻ സാറും, തോമസ്സാറും കുവൈറ്റിൽ തങ്ങി നിൽക്കുന്ന മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പ്രധാനമന്ത്രിയെ ചെന്നു കണ്ടു. പ്രശ്നങ്ങൾക്കു പരിഹാരമുണ്ടായി. ഇത്തവണത്തെ ഇറാക്ക് അമേരിക്ക യുദ്ധത്തിൽ നമ്മുടെ പ്രവാസികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടായില്ല. അതുപോലെ യു.എ.ഇ. യിൽ പൊതു മാപ്പിന്റെ പ്രശ്നമൊക്കെ വന്നപ്പോൾ ബഹുമാന്യരായ കുഞ്ഞാലിക്കുട്ടിയേയും ഹസ്സനേയും മാണിയേയും പോലെയുള്ള സീനിയർ മിനിസ്റ്റേഴ്സ് പ്രവാസി വകുപ്പുമന്ത്രിമാരെ ചെന്നു കണ്ട്, മറ്റു ബന്ധപ്പെട്ടവരെ ചെന്നു കണ്ട് കാര്യങ്ങൾ ചർച്ച ചെയ്തു. ഇതു നമ്മുടെ കേരള ചരിത്രത്തിൽ ഇല്ലാത്ത ഒരു കാര്യമാണ്. അതുപോലെ സമവായം ഉണ്ടായി. സമവായത്തിൽ ഒരുപാട് പ്രശ്നങ്ങൾ ഉയർന്നു വന്നു. അങ്ങനെ ഉയർന്നു വന്നപ്പോൾ കേരളത്തിന്റെ അഭിവന്ദ്യനായ ഹസ്സൻ മന്ത്രിയായതിനുശേഷം ഡൽഹിയിലെ കേരളാ ഹൗസിൽ പ്രവാസികൾക്കു മാത്രമായി ഒരു പ്രത്യേക വകുപ്പുണ്ടാക്കി, ഒരു പ്രത്യേക ഓഫീസുണ്ടാക്കി. അതിന്റെ ഉദ്ഘാടനം നടത്തിയത് കേന്ദ്ര വിദേശകാര്യമന്ത്രി ശ്രീ. യശ്വന്ത് സിൻഹയായിരുന്നു. വ്യക്തമായ രീതിയിൽ ഒരു ദിശാ ബോധം ഈ വകുപ്പിൽ ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു എന്നത് ഈ വകുപ്പിന്റെ വലിയ നേട്ടമാണ്. ഒട്ടേറെ പ്രശ്നങ്ങൾ ഇന്നു പ്രവാസികൾ നേരിടുന്നുണ്ട്. തിരിച്ചു വന്നാൽ അവർക്ക് എന്താണ് നേട്ടം ? ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. ബ്ലഡ് ഷുഗറും ബ്ലഡ് പ്രഷറും മാത്രം കൈമുതലായി ഹാർട്ട് അറ്റാക്കിന്റെ പിടിയിലേക്ക് എത്തുന്ന ഈ വിഭാഗം അനുഭവിക്കുന്ന അസ്വസ്ഥത, അവിടത്തെ ഭക്ഷണത്തിന്റെ പ്രശ്നം, ഇതെല്ലാം എല്ലാ വിഭാഗം ആളുകളും നേരിടുന്ന പ്രശ്നമാണ്. അതുകൊണ്ട് അവരുടെ പുനരധിവാസത്തിനു വേണ്ടി എന്തെങ്കിലും ശക്തമായ നടപടികൾ എടുത്തില്ലെങ്കിൽ അതു വലിയ പ്രശ്നമാകും. അതുകൊണ്ട് ഈ വകുപ്പിന് കുറെ ഫണ്ട് അനുവദിക്കണം, അതിൽ പിശുക്ക് കാണിക്കാതിരിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മുന്നോട്ടു വരണം. പ്രവാസികളുടെ മക്കളുടെ വിദ്യാഭ്യാസ പ്രശ്നം വളരെ രൂക്ഷമാണ്. എൻ. ആർ. ഐ, ക്കാരുടെ മക്കളുടെ വിദ്യാഭ്യാസ പ്രശ്നത്തിനും അഡ്മിഷന്റെ കാര്യത്തിലുമൊക്കെ എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാക്കണം. അവർക്ക് മുൻഗണന നൽകണം. രക്ഷിതാക്കൾ



LIBRARY ARCHIVES Kerala Legislative Assembly

ഗൾഫിലായ അമ്മമാരെ സഹായിക്കാൻ, അവർക്കൊരു ഹെൽപ്പ് ആ പ്രദേശത്തുണ്ടാകണം. അതുപോലെ പാസ്പോർട്ടൊക്കെ എടുക്കുമ്പോൾ കെ. എം. സി. സി. പോലെയുള്ള സംഘടനകൾക്കൊക്കെ യു. എ. ഇ. ഗവൺമെന്റ് അപ്രൂവൽ കൊടുത്തിട്ടുണ്ട്. പാസ്പോർട്ട് റിന്യൂ ചെയ്ത് ഇവിടെ എത്താൻ 65 ദിവസം വേണ്ടി വരും. അതൊക്കെ പെട്ടെന്നു കൊടുക്കാനുള്ള സംവിധാനം നമ്മുടെ നാട്ടിൽ ഉണ്ടാകണം. അതുപോലെ സഹകരണ സെക്ടറിൽ പ്രവാസികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, പ്രത്യേകമായ ഒരു ജോയിന്റ് വെൻചർ പ്രവാസി വകുപ്പും സഹകരണ വകുപ്പും കൂടി ഉണ്ടാക്കി അവർക്ക് എന്തെങ്കിലും സഹകരണത്തിന്റെ നിക്ഷേപവും പ്രവാസികളുടെ വിഹിതവുമായി ചില ജോലികൾ കൊടുക്കാനുള്ള നടപടികൾ എടുക്കണം. അങ്ങനെ കൂട്ടായി ആലോചിച്ച് ഒന്നു കൂടി ഈ വകുപ്പിനെ ശക്തിപ്പെടുത്തിയില്ലെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അവർ ഇങ്ങോട്ടു തിരിച്ചു വന്നാലുള്ള ഭീകരതയെക്കുറിച്ചു നമ്മൾ ആലോചിക്കണം. തൊഴിൽ വകുപ്പ് ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എറണാകുളത്തും കോഴിക്കോടും ആരംഭിച്ചത് നല്ലൊരു ദിശാബോധമാണ് കാണിക്കുന്നത്. ഈ സഭയിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ബാലന്റെ നാവ് നല്ല നാവാണ്. പലപ്പോഴും നല്ല കാര്യങ്ങൾക്കുവേണ്ടി അദ്ദേഹത്തിന്റെ നാവ് വഴങ്ങാറുണ്ട്. ഇവിടെയും നർമ്മബോധത്തോടുകൂടി അദ്ദേഹം സംസാരിക്കാറുണ്ട്. പക്ഷേ ആ ബാലന്റെ വായിൽ അമ്മിക്കുട്ടി കുടുങ്ങിയ ഒരു കാലഘട്ടം ഉണ്ടായിരുന്നു. അതു എൽ. ഡി. എഫ്. -ന്റെ കാലഘട്ടമായിരുന്നു. അദ്ദേഹം ഞങ്ങളുടെ ജില്ലയിലെ നല്ലൊരു ട്രേഡ് യൂണിയൻ നേതാവാണ്. വാളയാർ സിമന്റ്സിൽ പത്തു മുപ്പതു തൊഴിലാളികളെ പിരിച്ചു വിട്ടപ്പോൾ, ആ തൊഴിലാളികൾ കോടതി വരാന്ത കയറിയപ്പോൾ, ഈ തൊഴിലാളികൾക്കുവേണ്ടി 'ക'"മാ' എന്ന് ഒരക്ഷരം മിണ്ടാത്ത ആളാണ് സഖാവ് ബാലൻ. അതുപോലെ എൽ. ഡി. എഫ്. ഭരണകാലത്തു നിയമിച്ച ഒരൊറ്റ ജീവനക്കാരനേയും ഞങ്ങളുടെ ഭരണകാലത്തു പിരിച്ചു വിട്ടിട്ടില്ല എന്നു ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. പക്ഷേ അന്നു സഖാവ് ബാലൻ എവിടെ പോയിരുന്നു എന്ന് അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. ഫാക്ടറി പൂട്ടിയതിനെക്കുറിച്ചു ശ്രീ. ബാലൻ ആവേശത്തോടുകൂടി സംസാരിക്കുന്നതു കേട്ടു. അതു നല്ലതാണ്. പക്ഷേ അന്നും ബാലൻ ഇതുപോലെ പ്രസംഗിക്കേണ്ടിയിരുന്നു എന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെ പി. ആർ. ഡി. വകുപ്പിനെക്കുറിച്ചും എനിക്കു ചില കാര്യങ്ങൾ പറയാനുണ്ട്. ഇന്നു പത്രക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് വർക്കിംഗ് ജോണലിസ്റ്റ്, യൂണിയനുണ്ട്, ഒരുപാട് ക്ഷേമകാര്യങ്ങൾ ഉണ്ട്. അവരെ പോലീസ് മർദ്ദിക്കുന്നു എന്നുള്ള ശക്തിയായ ആരോപണം പല സ്ഥലത്തും ഉയർന്നു കേൾക്കുന്നുണ്ട്. പത്രക്കാർ നമ്മുടെ സമൂഹത്തിന്റെ തന്നെ ഫോർത്ത് എസ്റ്റേറ്റാണ്. ഫോർത്ത് എസ്റ്റേറ്റ് എന്ന നിലയിൽ അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെയും വക്കം അബ്ദുൽഖാദർ മൗലവിയുടെയും പിൻഗാമികളായി ഈ രംഗത്തു കടന്നു വരുന്ന അവർക്ക് എവിടെ കടന്നു ചെന്നും ഫോട്ടോ എടുക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

നിർഭയമായും കാര്യങ്ങൾ പറയാനുമുള്ള അവസരങ്ങൾ ഉണ്ടായിരിക്കണം. അതിനു തടസ്സമുണ്ടെങ്കിൽ അതു നീക്കം ചെയ്യാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി മുന്നോട്ടു വരണം. ആ കാര്യത്തിൽ സഹകരിക്കാൻ, തൊഴിൽ വകുപ്പും പ്രവാസി വകുപ്പും മുന്നോട്ടു വരണം. നമ്മുടെ നാട്ടിൽ ഫാക്സോ, മൊബൈൽ ഫോണോ, റെയിൽവേയോ, ഫോണോ ഇല്ലാത്ത ഒരു കാലഘട്ടത്തിൽ വളരെ ബുദ്ധിമുട്ടി പത്ര പ്രവർത്തനം നടത്തിയ ഗ്രാമീണ പത്ര പ്രവർത്തകർ, 60/65 കഴിഞ്ഞ പത്ര പ്രവർത്തകർ, അവരിൽ പലരും ക്ഷയരോഗവും അതുപോലുള്ള ശാരീരിക ബുദ്ധിമുട്ടുകളും സാമ്പത്തിക ബുദ്ധിമുട്ടുകളും കൊണ്ട് അവശത അനുഭവിക്കുകയാണ്. എല്ലാ ആനുകൂല്യങ്ങളും ഇന്നു പത്രക്കാർക്ക് ഉണ്ടെന്നു പറയുന്നുണ്ടെങ്കിലും ഗ്രാമീണ മേഖലയിൽ റിമോട്ടായി കിടക്കുന്ന, മറഞ്ഞു കിടക്കുന്ന പത്രക്കാരെ രക്ഷിക്കുന്നതിനു വേണ്ടി പി. ആർ. ഡി. വകുപ്പ് എന്തെങ്കിലും ചെയ്യണം.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : പത്രക്കാരെക്കുറിച്ച് അങ്ങിവിടെ വളരെ വാചാലമായി സംസാരിക്കുന്നുണ്ട്. പത്രക്കാർക്ക് നിർഭയമായും ജോലി ചെയ്യാനുള്ള സൗകര്യമുണ്ടാകണം, ആഭ്യന്തര വകുപ്പു അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്നു പറഞ്ഞു. ഹൈവേ പോലീസിനു പ്രത്യേകം യൂണിഫോം കൊടുത്തതുപോലെ പത്രക്കാർക്കും പത്ര പ്രസ്സ് ഫോട്ടോഗ്രാഫർമാർക്കും പ്രത്യേകം യൂണിഫോം കൊടുക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട് എന്നറിയാൻ കഴിഞ്ഞു. ഇതു പോലീസുകാർക്ക് തെരഞ്ഞു പിടിച്ച് തല്ലാൻ വളരെ എളുപ്പമായി എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ ?

<u>ശ്രീ. കളത്തിൽ അബ്ദുള്ള</u> : തല്ലാൻ വേണ്ടിയല്ല, മറിച്ച് അവരെ തിരിച്ചറിയാൻ വേണ്ടിയാണ്. നമ്മുടെ സമൂഹത്തിൽ ഇന്നു ബാലവേല വളരെ ശക്തമായി നിലനിൽക്കുകയാണ്. ബാലവേലയുടെ പേരിൽ പല സ്ഥലങ്ങളിലും ലേബർ ഡിപ്പാർട്ടുമെന്റ് കേസ്സുകൾ എടുത്തിട്ടുണ്ട് എന്നാണ് പറയുന്നത്. പക്ഷേ അങ്ങനെ കേസ്സ് എടുത്തത് പ്രോപ്പർ രജിസ്റ്റർ സൂക്ഷിക്കാത്തതുകൊണ്ടാണ്. ബാലവേലയ്ക്ക് കുട്ടികൾ നിർബന്ധിതമാകാൻ കാരണം അവരുടെ ദാരിദ്ര്യമാണ്. അതുകൊണ്ട് അതിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനു നമ്മൾ താൽപ്പര്യം കാണിക്കണം. അതോടൊപ്പം അത്തരം വീടുകളുടെ ഒരു കണക്കെടുത്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ, ആ കുടുംബത്തിന്റെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിയണം. നമ്മുടെ വാർത്താ മാധ്യമങ്ങളിൽ ഇതു സംബന്ധിച്ച് ഒരു ദൃശ്യം വന്നു. ഈ കുട്ടികൾ എന്തുകൊണ്ട് ബാലവേല ചെയ്യുന്നു എന്നു ചോദിച്ചപ്പോൾ അവരുടെ കുടുംബങ്ങളിലെ ദാരിദ്ര്യമാണ് കാരണമെന്നു പറഞ്ഞു. വാർത്താ മാധ്യമത്തിലുടെ ഒരു രക്ഷിതാവ് ഇതിനു പറഞ്ഞ മറുപടി, 'ഓനു കിട്ടുന്ന വരുമാനം കൊണ്ടാണ് ഓന്റെ കുടുംബം കഴിയുന്നത്' എന്നാണ്. നമ്മുടെ സംസ്ഥാനത്തു നിന്നും ബാലവേല നിർമ്മാർജ്ജനം ചെയ്യാൻ, ഇന്ത്യയിലെ ആദ്യത്തെ ബാലവേല വിമുക്ത സംസ്ഥാനമെന്നു അഭിമാനത്തോടുകൂടി പറയാൻ ചങ്കൂറ്റത്തോടുകൂടി പറയാൻ, കേരളത്തിലെ യു. ഡി. എഫ്. ഗവൺമെന്റിനു കഴിയണം. അതിനുള്ള നയ പരിപാടികളുമായി ലേബർ മിനിസ്റ്റർ പോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളെപ്പോലെയുള്ള ആളുകളുകളുടെ സുധീരമായ പിന്തുണ ഉണ്ടാകും എന്നു പ്രഖ്യാപിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. മലയാളക്കരയിൽ ജനിക്കുകയും ജീവിക്കാൻ വേണ്ടി, തൊഴിലെടുക്കാൻ വേണ്ടി വിദേശ രാജ്യങ്ങളിലേയ്ക്കും ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിലേയ്ക്കും പോയിട്ടുള്ള നമ്മുടെ സഹോദരൻമാർക്ക് ആശ്വാസത്തിന്റെ കൈത്തിരിയുമായിട്ടാണ് പ്രവാസി വകുപ്പ് പ്രവർത്തിച്ച് മുന്നോട്ടു പോകുന്നത്. പഴയ കാലത്തിൽ നിന്നും വ്യത്യസ്തമായി ഞങ്ങളുടെ പ്രശ്നങ്ങൾക്ക്, ഞങ്ങളുടെ ദുഃഖങ്ങൾക്ക്, ഞങ്ങളുടെ വേദനകൾക്ക്, ഞങ്ങളെ ആരെങ്കിലുമൊക്കെ തിരിഞ്ഞു നോക്കാനും, ശ്രദ്ധിക്കാനും, എന്തെങ്കിലുമൊക്കെ ചെയ്യാൻ ആരെങ്കിലുമൊക്കെ ഉണ്ടെന്നുള്ള തോന്നൽ പ്രവാസികൾക്കുണ്ടായത് ഈ കാലഘട്ടത്തിൽ മാത്രമാണ്. വളരെ അതിഗംഭീരമായ നിലയിൽ പ്രവർത്തിക്കാൻ പറ്റുന്ന സാഹചര്യമല്ല പ്രവാസിവകുപ്പിനുള്ളതെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ ആ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കേണ്ടത് കൂടുതൽ കൂടുതൽ ആവശ്യമാണെന്നു തോന്നിപ്പിക്കുന്ന ഒരുപാട് കാര്യങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ജീവിക്കുന്ന നിരവധി ആളുകൾ അവർ വിദേശ രാജ്യങ്ങളിൽ പോകുന്ന സമയത്തുണ്ടാകുന്ന അപകടങ്ങൾ, ജോലി ചെയ്യുമ്പോൾ തൊഴിലുടമകളുമായി ഉണ്ടാകുന്ന തർക്കങ്ങൾ ഇതിനൊക്കെ കുറെയെങ്കിലും പരിഹാരമുണ്ടാക്കി കൊടുക്കാൻ കഴിഞ്ഞാൽ അത് ഏറെ ആശ്വാസകരമാണ്. പ്രവാസി വകുപ്പുമായി ബന്ധപ്പെട്ട് ഈ വകുപ്പ് ചെയ്തിട്ടുള്ള കാര്യങ്ങൾ എനിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഒരിക്കൽ എന്റെ നിയോജകമണ്ഡലമായ വേളൂക്കര പഞ്ചായത്തിൽ ആ പ്രദേശത്തുള്ള ഒരു വീട്ടിൽ ഒരു മുസ്ലീം യുവാവ് ഖത്തറിൽ വച്ച് മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഡെഡ്ബോഡി ഖത്തറിൽ നിന്നും തിരികെക്കൊണ്ടു വരാൻ ഒരുപാട് വൈഷമ്യങ്ങൾ അനുഭവപ്പെട്ടു. എന്നാൽ ഞാൻ ബഹുമാന്യനായ പ്രവാസി വകുപ്പുമന്ത്രി എം.. എം. ഹസ്സനെകണ്ട് അപേക്ഷ സമർപ്പിക്കുകയും അദ്ദേഹം എംബസ്സി വഴി വേണ്ട തലങ്ങളിലേയ്ക്ക് അയയ്ക്കുകയും ചെയ്തതിന്റെ ഫലമായി പ്രത്യക്ഷമായിട്ടുള്ള ഗുണംകിട്ടിയെന്ന് എന്റെ അനുഭവത്തിൽ നിന്നും പറയുകയാണ്. അതുപോലെ മറ്റ് നിരവധി പ്രശ്നങ്ങളിൽ ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. പ്രവാസികളായിട്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളും അതുപോലെത്തന്നെ കേരളത്തിന്റെ പുറത്ത് മറ്റു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളും, വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തതിനുശേഷം തിരിച്ച് മലയാളക്കരയിൽ വന്ന് ജീവിക്കുന്ന ആളുകൾക്കും കുറെ ആശ്വാസമെത്തിക്കുവാൻ പ്രവാസി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പ്രവാസി വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കാനായി നീങ്ങുന്ന സന്ദർഭത്തിൽ ഈ വകുപ്പിന് കൂടുതൽ ധനം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെത്തന്നെ പി.ആർ.ഡി വകുപ്പിനെ സംബന്ധിച്ച് പറയുവാനുള്ളത് ഗവൺമെന്റ് ചെയ്യുന്ന നല്ലനല്ല കാര്യങ്ങൾ താഴെത്തട്ടിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

എത്തിയ്ക്കണമെങ്കിൽ തീർച്ചയായും വാർത്താ പ്രക്ഷേപണങ്ങൾ ആവശ്യമാണ്. അപ്പോൾ ആ നിലയ്ക്ക് തീർച്ചയായിട്ടും കാര്യക്ഷമമായി പ്രവർത്തിക്കുമ്പോൾ ഒരുപാട് നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. അങ്ങനെ സുദീർഘമായ നിലയിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിനും കുറെ പണം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെത്തന്നെ തൊഴിൽ വകുപ്പ്, എനിക്ക് വളരെ അഭിമാനത്തോടുകൂടിത്തന്നെയാണ് തൊഴിൽ വകുപ്പിനെക്കുറിച്ച് സംസാരിക്കാനുള്ളത്. രാജ്യത്ത് ആദ്യമായി ഒരു തൊഴിൽ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണ്. വ്യവസായത്തിനുവേണ്ടി പണം മുടക്കുന്നയാളും, അതുപോലെത്തന്നെ അവിടെ ജോലിചെയ്യുന്ന ആളുകളും ഒന്നാണെന്ന ബോധം ഉറപ്പുവരുത്തുകയും ശാന്തമായ ഒരന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. വ്യവസായ മേഖലയിലുണ്ടായിരിക്കുന്ന വളരെമോശമായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെ അതിജീവിക്കാൻ വേണ്ടി ഇപ്പോൾ വ്യവസായ മേഖലകളിൽ ലോക്കൗട്ടും പണിമുടക്കും നിരോധിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചത് അങ്ങേയറ്റം അഭിമാനകരമാണ്. അതുപോലെ ഹൈടെക് വ്യവസായങ്ങളെ Public utility service ആയി പ്രഖ്യാപിച്ചുകൊണ്ട് മിന്നൽ പണിമുടക്കും ലോക്കൗട്ടും ഒഴിവാക്കിയിട്ടുള്ളത് അങ്ങേയറ്റം സന്തോഷകരമാണ്. അതുപോലെത്തന്നെ തൊഴിൽ വകുപ്പ് തോട്ടം തൊഴിലാളികൾക്കുവേണ്ടി പ്രത്യേകിച്ച് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 12,863 പേർക്ക് സൗജന്യ റേഷൻ നൽകിയെന്നുള്ളത് അങ്ങേയറ്റം സന്തോഷകരമായ കാര്യമാണ്. അതുപോലെ തേയില, കാപ്പി എന്നീ തോട്ടങ്ങളേയും ഒരു വർഷത്തേയ്ക്ക് പ്ലാന്റേഷൻ നികുതിയിൽ നിന്നും ഒഴിവാക്കിയെന്നുള്ളതും അങ്ങേയറ്റം സന്തോഷകരമായ കാര്യമാണ്. തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നേരത്തെ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുത്തിരുന്നുവെങ്കിൽ അത് ഉച്ചഭക്ഷണമെന്ന നിലയിൽ പത്താം ക്ലാസ്സുവരെ നൽകിയെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അതുപോലെ പൊതുമേഖലാ ഫാക്ടറികളിലേയും എസ്റ്റേറ്റുകളിലെയും തൊഴിലാളികൾക്കും ആയിരം രൂപവീതം ഫെസ്റ്റിവൽ അലവൻസ് ഓണക്കാലത്ത് നൽകിയത് ഈ ഗവൺമെന്റല്ലാതെ മറ്റൊരു ഗവൺമെന്റ് ഇല്ല. കശുവണ്ടി മേഖലയിലെ നീറുന്ന പ്രശ്നങ്ങൾ, കാപ്പക്സ്, കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ എന്നിവിടങ്ങളിലെ കഷ്ടപ്പാടും ബുദ്ധിമുട്ടുമനുഭവിക്കുന്ന തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ് കൊടുത്തുയെന്നു മാത്രമല്ല അടഞ്ഞു കിടന്ന കശുവണ്ടി കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ വേണ്ടി ധീരമായ നടപടിയെടുത്ത ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. അതുപോലെ 9 മാസമായി കുടിശ്ശികയായി കിടന്ന കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതുപോലെ 1-2-2002-നു ശേഷമുള്ള കുടിശ്ശിക നൽകുന്നതിനുവേണ്ടി തീവ്രമായ നടപടികൾ സ്വീകരിച്ചുവരുന്നവെന്നുള്ളതും സന്തോഷകരമായ കാര്യങ്ങളാണ്.തിരുവനന്തപുരത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പൂർണ്ണമായി കംപ്യൂട്ടർവൽക്കരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് ഞാൻ പ്രത്യേകം ഓർക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റുസ്ഥലങ്ങളിലുള്ള പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിച്ച് ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകുന്നതിനെ ഞാൻ പ്രത്യേകം അനുമോദിക്കുകയാണ്. കയറ്റിറക്കു മേഖലയിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ വേണ്ടി ഈ ഗവൺമെന്റ് നടത്തിയ ശ്രമങ്ങളെ എടുത്തുപറയേണ്ടതാണ്. നമ്മുടെ വ്യവസായ രംഗത്ത് മുതൽമുടക്കുവാൻ തയ്യാറായിട്ടുള്ളവരെ കൊണ്ടുവരാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനനുയോജ്യമായ സാഹചര്യമാണുള്ളത്. നമുക്ക് വ്യവസായികളെ കൊണ്ടുവരാൻ കഴിയാത്ത ചില സാഹചര്യങ്ങൾ നമുക്കറിയാം. ഉൽപ്പാദനക്ഷമത കുറവാണ്. ഉൽപ്പാദനക്ഷമത കുറവാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ഗുണനിലവാരമുള്ള സാധനങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയാതെവരുന്നുവെന്നുള്ളത് ശരിയാണ്. ചില മേഖലകളിൽ അമിതമായ ശമ്പളം കൊടുക്കേണ്ടിവരുന്നുവെന്നുള്ളതും ശരിയാണ്. പക്ഷെ അതിനെല്ലാമുപരിയായി ഏറ്റവും കാതലായിട്ടുള്ള പ്രശ്നം വ്യവസായ മേഖലയിൽ സമാധാനത്തോടുകൂടി പ്രവർത്തിക്കാൻ കഴിയില്ലയെന്നുള്ളതാണ്. വ്യവസായ മേഖലയിലെ സമാധാനാന്തരീക്ഷം തകർക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണം തൊഴിലാളി മേഖലയിലുണ്ടാകുന്ന വിഷമങ്ങളാണ്. അതിനെതിരെ കണ്ണടച്ചിട്ട് യാതൊരു കാര്യവുമില്ല. അവകാശങ്ങൾക്കു വേണ്ടിയുള്ള നിരന്തരമായ സമരം അക്രമപാതയിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന സമാധാനഭഞ്ജനവും വ്യവസായത്തിൽ മുതൽമുടക്കാൻ വരുന്ന ആളുകളെ പുറകോട്ടുവലിക്കുകയാണ്. ആ നയം തിരുത്തിയെങ്കിൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയൂ. നല്ലനിലയിലുള്ള വ്യവസായാന്തരീക്ഷമുണ്ടാകണം, അതിനാവശ്യമായ സാഹചര്യമുണ്ടാക്കാൻ തന്നെയാണ് ഈ നിയമം ഇവിടെ കൊണ്ടു വന്നിട്ടുള്ളതെന്ന് പ്രത്യേകം എടുത്തുപറയട്ടെ. പക്ഷെ സമാധാനാന്തരീക്ഷമുണ്ടാകണമെന്ന് പറയുമ്പോൾ സമവായത്തിനുള്ള അഭ്യർത്ഥന ഏതെങ്കിലും ഭാഗത്തുനിന്നും വയ്ക്കുമ്പോൾ അത് പൂർണ്ണമായി സ്വീകരിക്കാൻ തയ്യാറാകണമെന്ന് പറയുകയും ജിം പോലുള്ള വലിയ രീതിയിലുള്ള സമ്മേളനത്തിൽ വന്ന് പ്രസംഗിക്കുകയും അതിനുശേഷം സമാധാനാന്തരീക്ഷം തകർക്കുന്ന ശ്രമവുമായി മുന്നോട്ടു പോയിട്ട് സമവായത്തിലേയ്ക്ക് സഹകരിക്കാമെന്ന് ഉൽഘോഷിക്കുന്ന എന്റെ പ്രതിപക്ഷ അംഗങ്ങളോട് എന്താണ് പറയേണ്ടത്. ഇത് ശരിയായ പാതയിലേക്കുള്ള പോക്കല്ലയെന്ന് നമുക്ക് കാണാൻ കഴിയും. ഇവിടെ സബ്മിഷനിലൂടെ ഒരു കാര്യം ഉന്നയിച്ചു. കേരളം സമാധാനത്തിന്റെ പാതയിലേക്ക് കടന്നുവരുന്നുവെന്നുള്ള ഒരു തോന്നൽ നമ്മളിലെല്ലാവരിലും ഉണ്ടായി. പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലെ സ്ഥിതി അറിയാം. ആ മേഖലയിലേക്ക് സമാധാനകാംക്ഷിയായ ആളുകൾക്ക് കടന്നുചെല്ലാൻ കഴിയുമായിരുന്നില്ല. അവിടെ ജനിച്ച്, അവിടെ ജീവിച്ച്, അവിടെ പ്രവർത്തിച്ച് അവിടെ മരിക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്കുപോലും സമാധാനപരമായി ജീവിക്കാൻ പറ്റാത്ത സ്ഥിതിയിൽ നിന്നും കണ്ണൂർ മേഖലയെ ശാന്തമാക്കിയതെന്ന് അപ്പുറത്തിരിക്കുന്നവർ പോലും സമ്മതിക്കുമെന്ന് എനിക്ക് ബോദ്ധ്യമുണ്ട്. വടക്കൻ കേരളത്തിലുണ്ടാക്കിയ സമാധാനാന്തരീക്ഷം ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ അഭിമാനകരമായ നേട്ടമായിരുന്നുവെങ്കിൽ അത് തെക്കൻ കേരളത്തിലേയ്ക്ക് ആ സമാധനഭഞ്ജനം കടന്നുവരുന്നു. അക്രമവാസന കടന്നുവരുന്നു എന്നുള്ളതിന്റെ ഏറ്റവും നല്ല ഒരു ഉദാഹരണമാണ് സി.എം.പി.യുടെ ജില്ലാ കൗൺസിൽ മെമ്പറായിരുന്ന പ്രവീൺദാസിനെ കൊലപ്പെടുത്തിയ സംഭവം.

ശ്രീ. കെ. കെ. ഷാജു : കടയ്ക്കൽ പ്രവീൺദാസിനെ കൊലപ്പെടുത്തിയ സംഭവം മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും ആളുകൾ കൊഴിഞ്ഞുപോകുമ്പോൾ, വി.ബി. ചെറിയാന്റെ നേതൃത്വത്തിലുള്ള ആളുകൾ കേരളവ്യാപകമായി കൊഴിഞ്ഞുപോകുന്നതിൽ, മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും വിട്ടുപോകുന്ന ആളുകൾക്കുള്ള ഒരു മെസ്സേജല്ലേ പ്രവീൺദാസിന്റെ കൊലപാതകമെന്ന് അങ്ങ് മനസ്സിലാക്കുന്നുണ്ടോ ?

ശ്രീ. തോമസ് ഉണ്ണിയാടൻ : അതുശരിയാണ്. സി.പി.എം.ന്റെ ഒരു പ്രഖ്യാപനം എപ്പോഴുമുണ്ടാകും ആരെങ്കിലും സി.പി.എം. പാർട്ടി വിട്ടാൽ, ആരെങ്കിലുമൊക്കെ പിരിഞ്ഞുപോയാൽ തകർന്നു പോകുന്ന പാർട്ടിയല്ലെന്ന് സി.പി.എം. പറയും പക്ഷേ നമ്മൾ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നത് ആരെങ്കിലുമൊക്കെ കൊഴിഞ്ഞുപോകുമ്പോൾ നേതാക്കൻമാർക്കും പ്രവർത്തകർക്കുമൊക്കെ ഉണ്ടാകുന്ന ആശങ്കയും ഭയപ്പാടും ഈ രൂപത്തിലേയ്ക്ക് പ്രതികാരമായി വരുന്നുവെന്നുള്ളത് ഇവിടെ കാണാൻ കഴിഞ്ഞിട്ടുണ്ട്. സി.എം.പി.യുടെ ജില്ലാ കൗൺസിൽ നേതാവായ പ്രവീൺദാസിനെ പൈശാചികമായിട്ടാണ് കൊലചെയ്യപ്പെട്ടത്. അദ്ദേഹം സായിദാസുമായി സ്കൂട്ടറിൽ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ, അദ്ദേഹത്തിന് പറ്റിയ ഒരു കുഴപ്പമെന്നു പറയുന്നത് അദ്ദേഹം സി.പി.എം. വിട്ടുയെന്നുള്ളതാണ്. ആ സ്കൂട്ടറിൽ ജീപ്പ് കൊണ്ടുചെന്നിടിച്ചാണ് ക്രൂരമായി കൊന്നത്.

ശ്രീ. പി. ടി. തോമസ് : സർ, കമ്മ്യൂണിസ്റ്റ് പാർട്ടി ലോകം കണ്ട ഏറ്റവും ക്രൂരമായ പാർട്ടിയാണെന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ലോകത്ത് ഏറ്റവും കൊലപാതകം നടത്തിയിട്ടുള്ളത് സ്റ്റാലിൻ ആണ്, ആറരക്കോടി ജനങ്ങളെ കൊന്നുയെന്ന് കൃതികളിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും ഇതിനപ്പുറമുള്ള അരുംകൊലകളല്ലേ നമുക്ക് പ്രതീക്ഷിക്കേണ്ടതുള്ളു.

ശ്രീ. തോമസ് ഉണ്ണിയാടൻ : അതിപ്പോൾ എല്ലാവർക്കും ബോദ്ധ്യമായിട്ടുള്ള കാര്യമാണ്. സ്റ്റാലിനിസ്റ്റ് യുഗം അവസാനിപ്പിക്കാൻവേണ്ടി റഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ ആഗ്രഹിച്ചിട്ട് മുന്നോട്ട് പോകുന്ന സന്ദർഭത്തിൽ അതിന്റെ

11A.M] എല്ലാ ദുഃഖങ്ങളും മനസ്സിൽനിന്ന് മാറ്റാൻവേണ്ടി ശ്രമിക്കുന്ന സന്ദർഭത്തിലാണ് ആ സ്റ്റാലിനിസ്റ്റ് നിലയിലേയ്ക്ക് സി.പി.എം. പോകുന്നത്. എന്താണ് ഈ നിലയിലേയ്ക്ക് പോകുന്നത് ? രാഷ്ട്രീയ കൊല എന്ന് പറഞ്ഞാൽ പൈശാചികം എന്നാണ് അർത്ഥം. പിശാചിനു പോലും വിരോധമുള്ള നിലയിലുള്ള ഒരു പെരുമാറ്റമാണ്. പിശാചിനു പോലും സഹിക്കില്ല. അത്രമാത്രം വാക്കത്തികൊണ്ടും കൈക്കോടാലികൊണ്ടും ഒരു മനുഷ്യനെ നിരന്തരമായി

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കൊല്ലുക. ആ നിലയിലേയ്ക്ക് നേതൃത്വം കൊടുക്കുന്നത് സി.പി.എം. അല്ല എന്ന് പറയാൻ കഴിയുമോ ? ചിതറ കിഴക്കും ഭാഗം ലോക്കൽ കമ്മിറ്റി ഓഫീസിൽ റെയിഡ് നടത്തിയപ്പോൾ കിട്ടിയ ആയുധങ്ങൾ എത്രയാണ് ? അരിവാൾ, കൈക്കോടാലി തുടങ്ങിയ മാരകായുധങ്ങൾ അവിടെനിന്നു പിടിച്ചെടുത്തിരിക്കുന്നു. അതുപോലെ കൊലപാതകവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട ആളുകൾ ആരാണ്. സി.ഐ.ടി.യു വിന്റെ തൊഴിലാളി-യൂണിയൻ നേതാവായ ഹക്കിം, കല്ലുവെട്ടാൻകുഴി, തുണ്ടുവിള, പുത്തൻവീട്ടിൽ അബു, എന്നിവരാണ്. സി.ഐ.ടി.യു വിന്റെ നേതാക്കൻമാരാണ് അവിടെ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഞായറാഴ്ച ലോക്കൽ കമ്മിറ്റി സെക്രട്ടറി കസ്റ്റഡിയിലായി. ഇനിയും ഉള്ളത് സി.പി.എമ്മിന്റെ ആളുകളാണ് എന്ന് എല്ലാ ആളുകൾക്കും മനസ്സിലാക്കാൻ കഴിയണം. കൊലപാതകം കൊണ്ട് ഈ നാടിന് സമാധാനം ഉണ്ടാക്കാൻ കഴിയുമോ ? ബോധപൂർവ്വം ഈ നാടിനെ തകർച്ചയിലേയ്ക്ക് കൊണ്ടു പോകാൻ സി.പി.ഐ.(എം) ശ്രമിക്കുകയാണ്. ആ നടപടി അവസാനിച്ചെങ്കിൽ മാത്രമേ സമവായം ഉണ്ടാക്കുമ്പോൾ അതിനോട് സഹകരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അതൊക്കെ ഒന്ന് അവസാനിപ്പിച്ച് നമുക്കെല്ലാവർക്കുംകൂടി ചേർന്ന് സ്റ്റാലിനിസ്റ്റ് യുഗത്തിലേയ്ക്ക് നമുടെ നാടിനെ കൊണ്ടു പോകാതിരിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടുകൊണ്ട് നല്ല നിലയിൽ മുന്നോട്ട് നയിക്കാൻ എല്ലാവരും തയ്യാറാകണം, പ്രത്യേകിച്ച് ഇടതുപക്ഷ സ്നേഹിതൻമാർ, എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. ഷിബു ബേബിജോൺ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുന്നു. ലക്ഷക്കണക്കിന് പ്രവാസി മലയാളികൾക്ക് നേതൃത്വമായി, ഒരു പ്രതീക്ഷയ്ക്ക് വകയായിക്കൊണ്ട് പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. ഹസ്സനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അതുപോലെ തന്നെ തൊഴിൽ രംഗത്ത് കേരളത്തെക്കുറിച്ച്, വളരെ തെറ്റായ പ്രതിച്ഛായ നിലനിൽക്കുന്ന ഒരു കാലഘട്ടത്തിൽ അത് തിരുത്തുവാനുള്ള ഭഗീരതയത്നത്തിലാണ് ഗവൺമെന്റും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും. അത് ശരിയാണോ തെറ്റണോ എന്നറിയില്ല. കേരളത്തിലെ പ്രശ്നങ്ങൾക്കെല്ലാം കാരണക്കാർ, വ്യവസായം അടക്കം ഇവിടെ വരാത്തതിന് കാരണക്കാർ ഇവിടത്തെ തൊഴിലാളികളാണ് എന്ന പ്രചരണം നിർഭാഗ്യവശാൽ ഉണ്ടായിട്ടുണ്ട്. തൊഴിൽ മേഖലയിൽ പ്രശ്നങ്ങൾ ഉണ്ട്. അത് വിശകലനം ചെയ്യുമ്പോൾ സംഘടിത മേഖലയിലുള്ള വിഷമങ്ങളും അല്ലെങ്കിൽ കയറ്റിറക്ക് മേഖലയിൽ ഏതാനും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടായ തെറ്റായ പ്രവൃത്തി കാരണം ഈ രീതിയിൽ ചിത്രീകരിക്കുന്ന ഒരു സാഹചര്യം ഉണ്ടെങ്കിൽ പോലും കേരളം ഏറ്റവും അധികം തൊഴിൽ നിഷേധം നടക്കുന്ന ഒരു സംസ്ഥാനമാണെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. കേരളത്തിൽ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് അടക്കം പരിശോധിക്കുകയാണെങ്കിൽ പത്തിരുപത് ലക്ഷത്തിൽപരം തൊഴിലാളികൾ യാതൊരു ആനുകൂല്യങ്ങളും കിട്ടാതെ ഇന്നും ജോലി ചെയ്യുകയാണ്. തിരുവനന്തപുരത്തുള്ള ചില ടെക്സ്റ്റൈൽ ഷോപ്പുകളിൽ പരിശോധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ മനസ്സിലാകും. ഒരു പെൺകുട്ടി രാവിലെ ഒരു കടയിൽ ജോലിക്കു വന്നുകഴിഞ്ഞാൽ കട പൂട്ടി അർദ്ധരാത്രി വീട്ടിൽ എത്തുമ്പോൾ അതിന് പ്രതിഫലമായി ഒരു മാസം കിട്ടുന്നത് കേവലം 600 രൂപയോ 700 രൂപയോ ആണ്. അത് സംസ്ഥാന വ്യാപകമായി നടക്കുകയാണ്. ഒരു ഭാഗത്ത് തൊഴിലാളികളെ കുറ്റപ്പെടുത്തുന്ന സ്ഥിതിയുള്ളപ്പോൾ മറുഭാഗത്ത് വ്യാപകമായി തൊഴിൽ നിഷേധം നടത്തുന്നു. ഇതിനെതിരായി സംഘടിത ട്രേഡ് യൂണിയനുകൾ ഒന്നും ചെയ്യാൻ പറ്റാതെ പകച്ചു നിൽക്കുകയാണ്. അത് ഒരു മന്ത്രി വിചാരിച്ചാൽ ഒരു ദിവസം കൊണ്ട് അത് ശരിയാക്കാൻ ഒക്കുന്ന കാര്യമല്ല. ഇവിടെ അഭിപ്രായ സമന്വയം ഉണ്ടായി. അതിന്റെയടിസ്ഥാനത്തിൽ പൊളിറ്റിക്കൽ ലീഡർഷിപ്പിന് തീരുമാനം എടുത്തു. എല്ലാ സ്ഥാപനങ്ങളിലും ഇപ്പോൾ മിനിമം വേജസ് ഉണ്ട്. മിനിമം വേജസ് ഫിക്സ് ചെയ്യുന്നതിൽ അപാകതകൾ ഉണ്ട്. എല്ലാം സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ ഒരു എഗ്രീഡ് വേജസ് എങ്കിലും നടപ്പാക്കാനുള്ള ഒരു ശ്രമം ഉണ്ടാകണം. കൊല്ലത്ത് കശുവണ്ടി മേഖലയിൽ സമരം നടക്കുകയാണ്. കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി നടത്തുന്ന സമരം നല്ലതു തന്നെ. മറുഭാഗത്ത് അവിടെ ആ പ്രശ്നങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന നീതിനിഷേധം എന്ന് പറഞ്ഞു കഴിഞ്ഞാൽ നമുക്ക് ചിന്തിക്കാൻ ഒക്കാത്തതാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനം അടക്കം തൊഴിലാളി പ്രസ്ഥാനത്തിലെ സഖാവ് ശ്രീ. എൻ ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിൽ കശുവണ്ടി തൊഴിലാളികളുടെ ആവശ്യങ്ങൾക്കും ആനുകൂല്യങ്ങൾക്കും വേണ്ടി നടത്തിയിട്ടുള്ള എത്രയോ ത്യാഗപൂർണ്ണമായ സമരങ്ങൾ. അതെല്ലാം ഇന്ന് അവിടെ കുടികിടപ്പു അടക്കം നടക്കുമ്പോൾ, ഒരു ആനുകൂല്യം പോലും തൊഴിലാളികൾക്ക് കൊടുക്കാതിരിക്കുമ്പോൾ അത് അവിടത്തെ യൂണിയനുകൾ ആരും അറിഞ്ഞില്ല എന്നാണ്. എന്റെ ട്രേഡ് യൂണിയനുകൾ അടക്കം. ഞാൻ പറയാം. അവിടത്തെ ട്രേഡ് യൂണിയന്റെയും നേതാക്കൻമാരുടേയും മൗനാനുവാദം ഇല്ലാതെ ഇത് നടക്കുമോ ? ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ അല്ലെങ്കിൽ ഒരു ഫാക്ടറിയിൽ അല്ലെങ്കിൽ കുടികിടപ്പ് കിടക്കുന്നിടത്ത് ചെന്ന് ഒരു ഇൻസ്പെക്ഷൻ നടത്തുകയാണെങ്കിൽ അന്നേരം മുതലാളിയെ കൂട്ടിക്കൊണ്ട് നേരെ തമിഴ്നാട്ടിലേക്ക് പോവുകയാണ്. അവിടെ ഒരു അവിഹിത ബന്ധം നിലനിൽക്കുകയാണ്. പലപ്പോഴും ഞാൻ പ്രസംഗിക്കുമ്പോൾ എന്റെ അടുത്ത സുഹൃത്ത് വന്ന് ഞാൻ ഒരു കമ്മ്യൂണിസ്റ്റ് വിരോധിയാണെന്ന് പറയുന്നു. എനിക്ക് അങ്ങനെയൊന്നും ഇല്ല. ഇവിടെ ശ്രീ. പി. ടി. തോമസ് പറഞ്ഞതിനോട് എനിക്ക് യോജിപ്പില്ല. കാറൽമാർക്സ് പറഞ്ഞിട്ടുള്ളത്, ഉദാരമായ മനുഷ്യ സ്നേഹത്തിന്റെ ഉടമയാണ് കമ്മ്യൂണിസ്റ്റുകാരൻ എന്നാണ്. പക്ഷേ പ്രാകൃതമായ രീതിയിൽ വളച്ചൊടിച്ച് അതിനെ മാറ്റുന്നതു കൊണ്ടായിരിക്കാം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇങ്ങനെ വരുന്നത്. തൊഴിലാളി പ്രസ്ഥാനത്തിൽ വന്നിട്ടുള്ള അപജയം. ഒരു കാലഘട്ടത്തിൽ തൊഴിലാളികളെ സമൂഹത്തിന്റെ ഉത്തമോദാഹരണമാക്കി മാറ്റുക എന്നുള്ളതായിരുന്നു തൊഴിലാളി നേതാക്കൻമാരുടെ ഉത്തരവാദിത്വം. അവരുടെ ആവശ്യങ്ങൾ, ആനുകൂല്യങ്ങൾ



LIBRARY ARCHIVES Kerala Legislative Assembly

നേടിയെടുക്കുക മാത്രമല്ല, അവരെ പൂർണ്ണതയിലേക്ക് എത്തിക്കാൻ സമൂഹത്തിന്റെ ഉത്തമോദാഹരണങ്ങളായി മാറ്റിയെടുക്കുക എന്നുള്ളതാണ്. സോഷ്യൽ കമ്മിറ്റ്മെന്റ് നേടിയെടുക്കുന്നതും രാഷ്ടീയ ബോധം ഉണ്ടാക്കിയെടുക്കുന്നതും ഇന്ന് പലപ്പോഴും തൊഴിലാളികളാണ്. അവരുടെ വികാരമാണ് നേതാക്കൻമാരെ നയിക്കുന്നത്. അവരെ പറഞ്ഞു തിരുത്താൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് പങ്കുണ്ട്. ഞാൻ ആത്മാർത്ഥമായി പറയുകയാണ്. മനസ്സിൽ തട്ടി പറയുകയാണ്. ഞാൻ ഒരു കാര്യം കൂടി പറയട്ടെ. ഇവിടെ വർഗ്ഗീയത, വ്യാപകമായി എല്ലാ പ്രസ്ഥാനങ്ങളിലും ഉള്ള കാലഘട്ടമാണ്. ഞാൻ ഈ കഴിഞ്ഞ ദിവസമാണ് ആദ്യമായി ശ്രദ്ധിച്ചത്. നിയമസഭ നടക്കുന്നതുകൊണ്ട് ഞാൻ യാദൃച്ഛികമായി രണ്ടു മണിക്ക് ചെന്ന് കൈരളി ടി.വി വച്ചപ്പോൾ അതിൽ ഉച്ചയ്ക്ക് രണ്ടു മണിക്ക് ഒരു സുവിശേഷ പ്രസംഗം ഉണ്ടായിരുന്നു. ഞാൻ അത് ശ്രദ്ധിച്ചു. കൈരളി ടി.വി യിൽ ഇത് ആകാമോ ഇല്ലയോ എന്നറിയില്ല. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം വിട്ട് ഇതിലേയ്ക്ക് പോകാമോ എന്നുള്ളത് വേറെ കാര്യം. ആ പ്രോഗ്രാം കണ്ടപ്പോൾ എനിക്ക് ആശ്ചര്യമാണ് തോന്നിയത്. എനിക്ക് ആ വ്യക്തിയെ നന്നായിട്ട് അറിയാം. അദ്ദേഹം നടത്തിയ ഒരു ധ്യാനത്തിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. ഒരു തരത്തിലും യോജിക്കാത്തവിധത്തിൽ മറ്റ് മതങ്ങളെ അധിക്ഷേപിച്ച്, നിലവിളക്ക് കത്തിച്ചുകൂടാ എന്ന് അടക്കമുള്ള കാര്യങ്ങൾ സ്ഥാപിച്ചെടുക്കുന്ന ഒരു വ്യക്തിയാണ്. ആ ധ്യാനത്തിൽ പങ്കെടുത്തതുകൊണ്ട് നിരീശ്വരവാദിയായ ഒരു വ്യക്തിയാണ് ഞാൻ. അത്രയ്ക്ക് യോജിക്കാൻ കഴിയാത്ത കാര്യങ്ങൾ പ്രസംഗിച്ചു. അത് കത്തോലിക്കാ സഭയ്ക്ക് പോലും അംഗീകരിക്കാൻ വയ്യാത്ത രീതിയിലേയ്ക്ക് മാറിയപ്പോൾ അദ്ദേഹത്തെ കത്തോലിക്കാ സഭയിൽ നിന്നുപോലും പുറത്താക്കി. ഞാൻ ഇപ്പോൾ നോക്കിയപ്പോൾ അദ്ദേഹം കൈരളി ടി.വി. യിൽ സുവിശേഷ പ്രസംഗം നടത്തുകയാണ്. തൊഴിലാളി വർഗ്ഗത്തിന്റേത് എന്ന് പറഞ്ഞ് വ്യത്യസ്ഥമായ ചാനൽ വളർത്തിയെടുത്തിട്ട് അതിൽകൂടി വർഗ്ഗീയ വാദം വളർത്തിയെടുക്കുന്നതിൽ നമുക്കും പങ്കില്ലേ ? തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് സംഭവിച്ചിട്ടുള്ള അപജയമാണ് ഇന്ന് കേരളത്തിലുള്ളത്. ഈ മേഖലയിൽ ഇത്രയുമധികം തെറ്റിദ്ധാരണാജനകമായ പ്രചരണങ്ങൾ നടക്കുന്നുണ്ട്. ഒറ്റ ഉദാഹരണം മാത്രം. ശ്രീ. വി.ഡി. സതീശൻ സൂചിപ്പിച്ചതാണ്. കൊച്ചിൻ പോർട്ടിൽ കഴിഞ്ഞ ദിവസം സ്ഥിരം തൊഴിലാളികളല്ലാതെ ആ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂലിയുടെ വ്യവസ്ഥകളെപ്പറ്റി പറഞ്ഞു. 1. അട്ടിമറി, 2. കെട്ടു കാശ്, 3. തട്ടു കാശ്, 4. ലീഡ് മണി ഹൈസ്റ്റോക്ക് മണി, 5. സ്പീഡ് മണി, 6. ഗോസ്റ്റ്മണി ടേൺ സിസ്റ്റം. ആ ടേൺ സിസ്റ്റം ഈയിടെയായി തിരിഞ്ഞിട്ടുണ്ട്. അതിനു മാത്രം അൽപ്പം മാറ്റം ഉണ്ടായിട്ടുണ്ട്. ഇത് വരുമ്പോൾ തട്ടു കാശിന്റെ കാര്യം മാത്രം പരിശോധിച്ചാൽ മതി. ഗോതമ്പ് ഇറക്കുകയാണെങ്കിൽ തട്ടുകാശ് ഒരു ടണ്ണിന് 55 രൂപ. അതിൽ തൊഴിലാളിക്ക് ഒരു ടണ്ണിന് കൊടുക്കുന്നത് 20 രൂപ.. 35 രൂപ യൂണിയൻ മാർജിനായി മാറുകയാണ്. സിമന്റ് ഇറക്കുകയാണെങ്കിൽ 37 രൂപ ഒരു ടൺ സിമന്റിന് . അതിൽ തൊഴിലാളികൾക്ക് 11 രൂപ, മാർജിൻ മണി 26 രൂപ. പഞ്ചസാര ടണ്ണിന് 45 രൂപ. അങ്ങനെ പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഞാൻ പറയുന്നത് ഈ രീതിയിലുള്ള പ്രവർത്തനമല്ലേ കേരളത്തിലെ തൊഴിലാളികളെ കുറിച്ച് ചീത്തപ്പേര് ഉണ്ടാക്കുന്നത്. ട്രേഡ് യൂണിയൻ നേതാക്കൻമാരുണ്ട്, ഏറ്റവും വലിയ മാർക്സിസം അല്ലെങ്കിൽ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് അനുയോജ്യമല്ലാത്ത ഏറ്റവും വലിയ പ്രവർത്തനം ഈ സംഘടിതമേഖലയാണ്. ഞാൻ ചൂണ്ടിക്കാണിച്ചത് കേരളത്തിലെ ഏറ്റവും വലിയ സംഘടിതമേഖലയെയാണ്, ആ രീതിയിൽ തന്നെ ഏറ്റവുമധികം തൊഴിലവസരങ്ങൾ നൽകുന്ന ഒരു മേഖല എന്നുള്ള നിലയിൽ അവിടെ 12 പേരടങ്ങുന്ന ഒരു ലേബർ ഗാംഗ്, 40 വണ്ടികളാണ് പ്രവർത്തനത്തിലേർപ്പെട്ടത്. ഒരു ട്രക്കിന് 280 രൂപവച്ച് 11,200 രൂപയാണ് ഒരുദിവസം മൊത്തം 12 പേർക്ക്കിട്ടുന്നത്. ഇത് വീതിച്ചെടുക്കുന്നത് എങ്ങനെയാണെന്നറിയാമോ? ഈ തൊഴിലാളിയല്ല അവിടെ ജോലിചെയ്യുന്നത്. അവിടെ പകരം ജോലിക്കാരനെ നിർത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 930 രൂപ ഒരു യഥാർത്ഥ തൊഴിലാളിക്കുവരുന്ന ആനുകൂല്യം 450 രൂപകൊടുത്ത് പകരക്കാരെക്കൊണ്ട് ചെയ്യിക്കും. വൈകിട്ട് കാറിലും ബൈക്കിലും വന്ന് 450 രൂപ അവിടെ കൊടുത്ത് ബാക്കി 480 രൂപ പോക്കറ്റിലുമിട്ട് പോകുന്ന തൊഴിലാളിയ്ക്കാണ് ഇതുകൂടാതെ പെൻഷൻ, ഗ്രാറ്റ്യൂറ്റി, ബോണസ്, പി.എഫ്. എല്ലാം ഉള്ളത്. തൊഴിലാളികളെ തൊഴിലാളി തന്നെ എക്സ്പ്ലോയിറ്റ് ചെയ്യുന്ന ഒരു സംവിധാനത്തിലേക്ക് കേരളം പോയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : തൊഴിലാളി വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ തൊഴിലാളികൾക്ക് എതിരായിട്ട് തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ച ചൂണ്ടികാണിച്ചോ, തൊഴിൽ വകുപ്പിന്റെ ആണല്ലോ ചർച്ച, മുതലാളി വകുപ്പ് അല്ലല്ലോ. ഗവൺമെന്റിൽ നിന്നിറക്കിയ ജി.ഒ./എം.എസ്.നം.50/2002 അതിൽ പറയുന്നത് ശ്രീ. ഷിബു വായിച്ചിട്ടുണ്ടാകും, നാലാമത്തെ ക്ലോസ് gratuity for workers will be reduced from present 15 days to 7 days per year. അതുപോലെതന്നെ ക്ഷാമബത്ത മരവിപ്പിക്കൽ. ഇത് ഗവൺമെന്റിൽ നിന്നും ഇറക്കുന്ന ഓർഡറാണ്. ഗ്രാറ്റ്യുവിറ്റി പകുതിയായിട്ട് വെട്ടിക്കുറച്ചാൽ തൊഴിലാളി പണിയെടുക്കുമോ ? കൂലി ഇല്ല. ഇതിനെപ്പറ്റി ഒന്നു വിശദീകരിച്ചാൽ നന്നായിരുന്നു.

ശ്രീ. ഷിബു ബേബിജോൺ : ഞാൻ നിഷേധിക്കുകയാണ്, അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷെ ഗ്രാറ്റുവിറ്റിയടക്കം ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നിയമങ്ങൾ ഒരു സംസ്ഥാന ഗവൺമെന്റിന് മാറ്റംവരുത്താനൊക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അത് സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള അധികാരങ്ങളാണ്. അത് സീസണൽ വർക്കർ ആണോ, ഏത് മേഖലയിൽ ആണെന്നുള്ളത് ഏറെ പ്രശ്നമാണ്.

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട അംഗം സംഘടിത തൊഴിൽ മേഖലയിലെ അതിശക്തമായ ചൂഷണത്തെ നന്നായി തുറന്നുകാണിച്ചതിൽ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം അതല്ല, സംഘടിത തൊഴിൽ മേഖലയിലെ സ്ഥിതി ഇതാണെങ്കിൽ അപ്പുറത്തിരിക്കുന്ന മത്തായി ചാക്കോയുടെയും

ബഹുമാന്യനായ ബിനോയ് വിശ്വത്തിന്റെയുമൊക്കെ മണ്ഡലത്തിന്റെ അതിർത്തിയിൽ കുറ്റ്യാടിയിൽ വിനീത എന്നുപറയുന്ന ഒരു പാവപ്പെട്ട സ്ത്രീയുടെ വീട്ടിൽ കെ.എസ്.കെ.ടി.യു. ക്കാർ 10, 15 വർഷമായി ഉപരോധം ഏർപ്പെടുത്തി അവർക്ക് ജീവിക്കാൻ പോലും കഴിയാത്ത സാഹചര്യം ഉണ്ടാക്കിയതും അവരെ തൊഴിലെടുക്കാൻ പോലും സമ്മതിക്കാത്ത വിവരം ഇന്നലെ മനോരമ സൺഡേ സപ്ലിമെന്റിൽ വളരെ ദാരുണ കഥയായി വന്നിട്ടുണ്ട്, അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഷിബു ബേബിജോൺ : കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെക്കുറിച്ച് ശ്രീ. പി. ടി. തോമസിനെപ്പോലുള്ള അംഗങ്ങൾക്ക് വെറുപ്പുണ്ടാക്കുന്നത് ഇത്തരം പ്രവർത്തനങ്ങളാണെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ടൈം ഈസ് ഓവർ, പ്ലീസ്, പ്ലീസ്.

ശ്രീ. ഷിബു ബേബിജോൺ : ഒരുഭാഗത്ത് ഏറ്റവും വലിയ നീതിനിഷേധം നടക്കുമ്പോൾ 25 ലക്ഷത്തോളം വരുന്ന ഇതിന്റെ ഇടയ്ക്കുള്ള മധ്യവിഭാഗം യാതൊരു ആനുകൂല്യവും കിട്ടാതെ പ്രവർത്തിക്കുമ്പോൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി ഇവിടത്തെ ട്രേഡ് യൂണിയനുകൾ പ്രവർത്തിക്കുന്നില്ല. മറുഭാഗത്ത് ഒരുപക്ഷെ ട്രേഡ് യൂണിയൻ നേതാക്കൻമാർ പണം സമ്പാദിക്കുക എന്നുള്ള ഉദ്ദേശത്തോടെ പ്രവർത്തിക്കുന്നതുകൊണ്ടാണ് സംഘടിത മേഖലയിൽ ഇങ്ങനെ തെറ്റായ പ്രചാരണങ്ങൾ ഉണ്ടാകുന്നത്. കൊച്ചിൻ പോർട്ടിലെ ഒരു സംഭവം കൂടെ ചൂണ്ടിക്കാണിക്കാം. അവിടെ ആ പോർട്ടിൽ നിന്നല്ലാതെ പുറത്തുനിന്നുള്ള ഏതെങ്കിലും പ്രദേശത്തുനിന്ന് ലോഡ്ചെയ്ത് ഒരു കണ്ടെയിനർ ആ പ്രദേശത്തു വരികയാണെങ്കിൽ ഒരു കണ്ടെയിനറിന് 75 രൂപവച്ച് ട്രേഡ് യൂണിയൻ നേതാക്കൻമാർക്ക് കൊടുക്കണം. കഴിഞ്ഞവർഷം കൊച്ചിൻ പോർട്ടിൽ കൂടി പോയത് 1,53,000- കണ്ടെയിനറുകളാണ്. ഈ ഇനത്തിൽ മാത്രം രണ്ടേകാൽ കോടി രൂപയാണ് ഒരു ജോലിയുമില്ലാതെ അതിനകത്തുകൂടെ കണ്ടെയിനറുകൾ പോകുന്നതിന് യൂണിയൻ നേതാക്കൻമാർക്ക് കിട്ടിയേക്കുന്നത്. അത് എല്ലാ യൂണിയനുമുണ്ട്, ഇന്ന യൂണിയൻ എന്നല്ല ഞാൻ പറഞ്ഞത്. അതുകൊണ്ടുതന്നെ കേരളത്തെക്കുറിച്ചുള്ള നമ്മുടെ പ്രതിഛായ മാറ്റിയെടുക്കണമെങ്കിൽ നീതിനിഷേധം കൊണ്ടോ, മിലിറ്റന്റ് ലേബർ കൊണ്ടോ കഴിയുകയില്ല. മറുഭാഗത്ത് തെറ്റായ പ്രചരണമുണ്ട്. സംഘടിത മേഖലയിലുള്ള ഇത്തരം പ്രവർത്തനങ്ങൾ, ഇവിടെ ശ്രീ. എ.കെ. ബാലനടക്കം ഇങ്ങനെയുള്ള അനേകം സ്ഥാപനങ്ങൾ പൂട്ടുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ഇങ്ങനെ കൊച്ചിൻ പോർട്ട് പൂട്ടുന്ന ഭീഷണിയിലാണ്, കാരണം മംഗലാപുരത്തും തൂത്തുക്കുടിയിലും മേജറായിട്ടുള്ള ഇറക്കുമതികൾ മൊത്തം മാറിയിരിക്കുന്ന സാഹചര്യത്തിൽ കൊച്ചിൻ പോർട്ട്, കേരളത്തിൽ ഏറ്റവും വലിയ വ്യവസായകേന്ദ്രം പൂട്ടുന്നതിന്റെ വക്കിലാണ്. അതുകൊണ്ട് ശരിയായ, കൂട്ടായ അഭിപ്രായ സമന്വയം ഉണ്ടാകണം.

ശ്രീ. ബിനോയ് വിശ്വം : സർ, ഒരു ചോദ്യം, എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. ഷിബു വളരെ സയന്റിഫിക്കായി തന്നെ തൊഴിലാളി പ്രസ്ഥാനത്തിന്റെ മേലുള്ള ആക്രമണത്തിനുള്ള ഒരവസരമായി ഇതിനെ മാറ്റിയെടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നു, ഞങ്ങൾ പൂർണ്ണമായും സഹകരിക്കാൻ തയ്യാറാണ്. ഇത്തരം അനാശാസ്യ പ്രവർത്തനങ്ങൾ തടയാനുള്ള നിർദ്ദേശങ്ങൾക്കുവേണ്ടി എല്ലാ യൂണിയനുകളുടെയും യോഗം വിളിച്ചുകൂട്ടിയാൽ ഞങ്ങൾ പൂർണ്ണമായും സഹകരിക്കാൻ തയ്യാറാണ്. എന്റെ ചോദ്യം അതല്ല, നിങ്ങൾ സംസ്ഥാനത്തുള്ള എല്ലാ തൊഴിൽ നിയമങ്ങളും ലംഘിച്ചുകൊണ്ട് ഇവിടത്തെ തൊഴിലുടമകൾ അങ്ങോളമിങ്ങോളം വ്യവസായങ്ങൾ പൂട്ടിക്കൊണ്ടിരിക്കുകയാണ്. അതേപ്പറ്റി തൊഴിൽവകുപ്പ് കാണിക്കുന്ന ഏറ്റവും മോശമായ കാര്യങ്ങളെപ്പറ്റി ഒരു കാര്യം മിണ്ടാതെ, ഈ നീക്കത്തിനുപിറകിലുള്ള ആശയപരമായ.....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, പ്ലീസ് .....

ശ്രീ. ഷിബു ബേബിജോൺ : ഞാൻ തൊഴിലാളി പ്രസ്ഥാനങ്ങളെ അവഹേളിച്ചിട്ടില്ല, തൊഴിലാളി പ്രസ്ഥാനത്തിൽ വന്നിട്ടുള്ള അപചയങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ അഭിമാനത്തോടെ ഇവിടെ നിൽക്കുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനവും ആ ട്രേഡ് യൂണിയൻ നേതാക്കൻമാരുമാണ് 1942-ൽ കേരളത്തിൽ ബോണസ് നേടിയെടുത്തത്. അന്ന് സാമ്രാജ്യത്വ ശക്തികൾക്ക് അനുകൂലമായി ആ സമരത്തെ എതിർത്തവരാണ് ചരിത്രം രചിച്ചിട്ടുള്ള ഈ ഭാഗത്തുള്ളവർ. പക്ഷെ അന്ന് അവരുടെ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് തൊഴിലാളികളുടെ ആനുകൂല്യങ്ങൾക്കു വേണ്ടി പടപൊരുതിയ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ പ്രതിനിധി എന്നുള്ള നിലയിൽ തന്നെ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ അപചയങ്ങൾ തിരുത്തുവാൻ ട്രേഡ് യൂണിയൻ നേതാക്കൻമാർ തയ്യാറാകണം. അതിനുവേണ്ടി മന്ത്രി മുൻകൈയെടുത്ത് അഭിപ്രായ സമന്വയം ഉണ്ടാക്കാനുള്ള പ്രവർത്തനം നടത്തണം. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിൻതുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ 10-ാം സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ രണ്ടുവർഷമായി ആവർത്തിച്ചാവർത്തിച്ച് ഐകകണ്ഠ്യേന ആവശ്യപ്പെട്ടിട്ടും ഇന്നും തൊഴിൽവകുപ്പ് അതിന്റെ ഒരു ഉപഘടകമായി മാത്രം ഈ ധനാഭ്യർത്ഥനകളിൽ പ്രവാസി വകുപ്പിനെ ഉൾപ്പെടുത്തിയതിലുള്ള അങ്ങേയറ്റത്തെ പ്രതിഷേധം ഞാൻ രേഖപ്പെടുത്തട്ടെ. 26-ആയിരം കോടി രൂപയാണ് ഒരുവർഷം പ്രവാസി മലയാളികളിൽ നിന്ന് നമുക്ക് വിദേശ നാണ്യമായി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇന്നും ഇത്രയധികം പണം നമ്മുടെ പൊതു ഖജനാവിലേക്ക് വന്നുകൊണ്ടിരിക്കുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിനുവേണ്ടി കാര്യമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ എന്നുള്ളത് അങ്ങേയറ്റത്തെ ഉൾക്കണ്ഠയോടുകൂടി കാണേണ്ട കാര്യമാണ്. മുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്ന 5 വർഷം പ്രവാസിവകുപ്പ് പണമൊന്നും കൊടുക്കാതെ പ്രശംസ മാത്രമായി കൊണ്ടുനടക്കുകയായിരുന്നു. ഇന്നതുമാറി. ബഹുമാന്യനായ ശ്രീ. എം. എം. ഹസ്സൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം കേവലം 45 ലക്ഷം രൂപ മാത്രമുണ്ടായിരുന്ന പ്രവാസി വകുപ്പിന് ഇന്ന് അത് ഇരട്ടിയാക്കി, രണ്ടുവർഷം കൊണ്ട് വകുപ്പിന് 95 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപ നേടിയും വകുപ്പിന്റെ കീഴിലുള്ള റൂട്ട്സ് (Routs) എന്ന കമ്പനിക്ക് ഒരു കോടി രൂപയും ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ ലഭിച്ചിട്ടുണ്ട്. അത് മതിയോ ; ഇത് പോരാ, പ്ലാനിംഗ് ബോർഡിന് മുമ്പിൽ പതിമൂന്ന് കോടി രൂപയുടെ പദ്ധതികളാണ് ഈ വകുപ്പ് കൊടുത്തത്. നമ്മുടെ പ്ലാൻ സ്കീമിൽ അതൊന്നും അംഗീകരിച്ചില്ല എന്നത് ഖേദത്തോടെ പറയേണ്ടിയിരിക്കുന്നു. ഇരുപത്തി ആറായിരം കോടി രൂപ നാട്ടിലേക്ക് അയക്കുന്നവരുടെ ക്ഷേമത്തിന് വേണ്ടി ഇരുപത്തിയാറു കോടി രൂപയെങ്കിലും മാറ്റിവയ്ക്കാതിരിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു കോടിയോളം പേരാണ് ഇന്ന് കേരളത്തിലെ പ്രവാസികൾ, ഗൾഫിൽ മാത്രം ഇരുപത്തിയഞ്ചു ലക്ഷത്തോളം ആളുകളുണ്ട്. അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക, ഉൾപ്പെടെ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും ഇന്ന് മലയാളികൾ ഉണ്ട്. ഇൻഡ്യയ്ക്കകത്തുള്ളവരുടെ കാര്യം പ്രത്യേകം എടുത്തുപറയേണ്ട കാര്യമില്ലല്ലോ. ഇവരെയൊക്കെ സഹായിക്കുന്നതിനുപകരം നാം അവരുടെ സഹായം സ്വീകരിക്കുന്നതിനാണ് ഇന്ന് ഏറെ താൽപ്പര്യം എടുത്തുകൊണ്ടിരിക്കുന്നത് എന്നതാണ് പച്ചയായ സത്യം. സർ എത്രയോ കാലമായി കേരളത്തിലെ പ്രവാസികൾ പ്രത്യേകിച്ച് ഗൾഫ് മലയാളികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട കാര്യമാണ് വിമാന യാത്രക്കൂലി പ്രശ്നം. ഇന്ന് എയർ ഇൻഡ്യയുൾപ്പെടെയുള്ള വിമാനകമ്പനികൾ ഏറ്റവും അധികം ചൂഷണം ചെയ്യുന്നത് നമ്മുടെ മലയാളികളെയാണ്. മഹാഭൂരിപക്ഷം വരുന്ന ഗൾഫ് മലയാളികളും ഇന്ന് സാധാരണക്കാരാണ്. കോട്ടും ടൈയ്യുമൊക്കെ കെട്ടി ഇവിടെ വലിയ പത്രാസുകളിൽ വരുന്ന വിരലുകളിൽ എണ്ണാവുന്ന ഗൾഫ് മലയാളികളെ നോക്കിക്കൊണ്ട് ഇതാണ് യഥാർത്ഥ ഗൾഫ് മലയാളികൾ എന്ന ധാരണ സമൂഹത്തിൽ ആർക്കും ഉണ്ടാകാൻ പാടില്ല. മഹാഭൂരിപക്ഷം ആളുകളും ഇന്ന് സാധാരണക്കാരും നിത്യജീവിതം പോലും തട്ടിമുട്ടി കഴിക്കുന്ന ആളുകളുമാണ്. മഹാഭൂരിപക്ഷം വരുന്ന മലയാളികളുടെ ഏറ്റവും പ്രധാനപ്പെട്ട ആഗ്രഹമാണ് വിമാനയാത്രാക്കൂലി കുറയ്ക്കുകയെന്നുള്ളത്. ഈ അമിതമായ വർദ്ധനവ്, സർ എത്രയോ തവണയായി ഈ സഭയിൽ ഇതിനുമുൻപും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുമൊക്കെ എല്ലാ ആളുകളും ഈ കാര്യം ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായി ഉന്നയിച്ച് വരാറുണ്ട്. നമ്മുടെ എം.പി.മാർ പാർലമെന്റിൽ പറയാറുണ്ട്. വിദേശമലയാളി ചർച്ചകളിലൊക്കെ ഇതുതന്നെയാണ് പ്രധാനപ്പെട്ട വിഷയം, പക്ഷെ ഇന്നുവരെ ഗൾഫ് മലയാളികളുടെ പ്രധാനപ്പെട്ട പ്രശ്നമായ വിമാനക്കൂലി കുറയ്ക്കുന്നതിന് എയർ ഇൻഡ്യ കാണിച്ചുവരുന്ന നിഷേധാത്മകമായ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് എടുത്തുപറയട്ടെ, പ്രീയപ്പെട്ട നമ്മുടെ മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം. എനിക്ക് പ്രവാസികാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ള ഒരു അഭ്യർത്ഥന, പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി 5-ാം തീയതി എം.പി.മാരുടെ സമ്മേളനം ഉണ്ട്. ആ സമ്മേളനത്തിൽ വിമാന യാത്രാക്കൂലി വർദ്ധനവിനെക്കുറിച്ച് ചർച്ചചെയ്യുകയും പ്രധാനമന്ത്രിയും പ്രവാസികാര്യ മന്ത്രിയും പാർലമെന്റ് സമ്മേളനം നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിൽ വേണ്ടിവന്നാൽ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് വിമാനക്കൂലി കുറയ്ക്കുന്നതിനുവേണ്ടി അങ്ങേയറ്റത്തെ സമ്മർദം ചെലുത്തണം. സർ ഇതിന് എയർ ഇൻഡ്യ തയ്യാറാകുന്നില്ലായെങ്കിൽ നമുക്ക് മാർഗ്ഗമുണ്ട്. ഗൾഫിലേയ്ക്കു മാത്രമായി ലോ ബഡ്ജറ്റ് എയർലൈൻസ് ആരംഭിക്കാൻ ശ്രമമാരംഭിക്കണം. എങ്കിൽ മാത്രമേ എയർ ഇൻഡ്യയുടെ ഈ ചൂഷണം അവസാനിപ്പിക്കാനുള്ള നടപടി ഉണ്ടാക്കാൻ പറ്റൂ. ഇതിനുവേണ്ടി എയർ സർവീസ് തുടങ്ങാൻ നമ്മൾ ശ്രമിച്ചാൽ അതിനാവശ്യമായ സഹായം, സാമ്പത്തികമായ ശക്തി നൽകുന്നതിന് പ്രവാസികളായ പ്രത്യേകിച്ചും സാധാരണക്കാരായ ഗൾഫ് മലയാളികൾപോലും അങ്ങേയറ്റം സഹായകരമായ നിലപാട് സ്വീകരിക്കുമെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. എയർ ഇൻഡ്യ സമർത്ഥമായി മലയാളികളെ ചൂഷണം ചെയ്യുകയാണ്. മലയാളികൾക്ക് എന്നും എവിടേയും പാര മലയാളികൾ തന്നെയാണ്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മലയാളിയായ ഒരാൾ എയർ ഇൻഡ്യയിലെ തലപ്പത്ത് വന്നിട്ടും ഈ ചൂഷണം അവസാനിപ്പിക്കാതെ ചില നിർണ്ണായക ഘട്ടങ്ങളിൽ നമ്മുടെ യാത്രക്കാരെ മനപ്പൂർവം ബുദ്ധിമുട്ടിച്ചുകൊണ്ട് വീണ്ടും വീണ്ടും നിരക്ക് കൂടുന്നത്. സർ യൂറോപ്പിലേക്കും അമേരിക്കയിലേക്കും ഉള്ള എയർ ഇൻഡ്യയുടെ സെക്ടറുകളിൽ വൻനഷ്ടമാണ്, എയർ ഇൻഡ്യയുടെ ഭൂരിപക്ഷം സെക്ടറുകളും നഷ്ടത്തിൽ പോകുന്നു. ആ നഷ്ടം നികത്തുന്നതിനാണ് എയർ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ സഞ്ചരിക്കുന്ന മലയാളികളായ സാധാരണക്കാരായ ഗൾഫ് മലയാളികളെ കൊള്ളയടിക്കുന്നത്. ഇതിനു ഒരു മാറ്റം വരുത്താൻ വേണ്ടിയാണ് ലോ ബഡ്ജറ്റ് എയർലൈൻസ് എന്ന ആശയം മുന്നോട്ടുവയ്ക്കുന്നത്. സർ കേന്ദ്ര ഗവൺമെന്റിൽ സ്വാധീനം ചെലുത്തിയാൽ നമ്മുടെ എയർപോർട്ടുകൾ അതിനാവശ്യമായ മറ്റെല്ലാ ഭൗതിക സാഹചര്യങ്ങളും ഉള്ള ഒരു സംസ്ഥാനമെന്ന നിലയിൽ പ്രവാസികാര്യ വകുപ്പുതന്നെ മുൻകൈയെടുത്തുകൊണ്ട് ലോ ബഡ്ജറ്റ് എയർലൈൻസ് കൊണ്ടുവരാൻവേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമം ഉണ്ടാക്കണം: ഏവിയേഷൻ ടർബയിൻ ഫ്യൂവൽ ടാക്സ് കൂടിയതുകൊണ്ടാണ് കേരളത്തിലെ എയർ ചാർജ് കൂടുന്നത് എന്നാണ്, അത് തെറ്റിദ്ധാരണയാണ് 39 ശതമാനമാകുന്ന എ.റ്റി.എഫ്. ടാക്സ് ഇപ്പോൾ കുറച്ച് 25ശതമാനമാക്കി, നമുക്ക് നഷ്ടം 49 കോടി രൂപ. നഷ്ടം വന്നതുമാത്രം മിച്ചം. എന്നിട്ടും ഈ എയർ ചാർജ് കുറയ്ക്കാൻ തയ്യാറായില്ല. 4 ശതമാനം മാത്രമാണ് ആന്ധ്രയിൽ. പക്ഷെ ആന്ധ്രയിലെ ടിക്കറ്റ് ചാർജ് അതിന് ആനുപാതികമായി കുറഞ്ഞില്ല. അവിടേയും എ.റ്റി.എഫ്. ടാക്സ് കുറച്ചതുകൊണ്ട് എയർ ഇൻഡ്യ ചാർജ് വർദ്ധനവിലൊന്നും കാര്യമായ മാറ്റം വരുത്തിയില്ല. അതിനാൽ ഈ ക്രൂരത അവസാനിപ്പിക്കാൻ വേണ്ടിയുള്ള അടിയന്തിരമായ നടപടി ഉണ്ടാകണം. അതിന് എയർ ഇൻഡ്യ തയ്യാറാകുന്നില്ലായെങ്കിൽ എന്തു ചെയ്യും ? — എയർ ഇൻഡ്യ ഒരു പൊതുമേഖലാ സ്ഥാപനമാണ്. എന്നുപറഞ്ഞുകൊണ്ടുള്ള കൊള്ള നമുക്ക് അംഗീകരിക്കാൻ പറ്റുമോ? പാവപ്പെട്ട സാധാരണക്കാരായ നമ്മുടെ മലയാളികളെ മാത്രം കൊള്ളചെയ്യുന്ന എയർ ഇൻഡ്യ പൊതുമേഖലാ സ്ഥാപനമായാൽപോലും എയർഇൻഡ്യയെ ബഹിഷ്ക്കരിക്കേണ്ടി വന്നാൽ ബഹിഷ്ക്കരിക്കാൻ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നമ്മൾ ഒറ്റകെട്ടായി ശ്രമിക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്റെ വിനീതമായ അഭ്യർത്ഥന. നമ്മുടെ വിദേശത്തുള്ള നിരവധി ആളുകളുടെ മക്കൾ അവിടെയുണ്ട്, സാധാരണക്കാരുടെ മക്കളും ഉണ്ട്. അവരുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ രൂക്ഷമാണ്. അവർക്ക് അവിടെ നമ്മുടെ പൊതുപ്രവേശന പരീക്ഷയ്ക്ക് ആവശ്യമായ സെന്റർ തുറക്കാൻ വേണ്ടി നടപടിയുണ്ടാകണം. ഈയിടെ ഗൾഫിൽ എസ്.എസ്.എൽ.സി. ഇല്ലാത്തവരെ പിരിച്ചുവിടാൻ തീരുമാനമായി. ഞാൻത്തന്നെ അക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. പിന്നീട് ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർ ബന്ധപ്പെട്ട് ഇപ്പോൾ ജോലി ചെയ്യുന്ന ആളുകൾ എസ്.എസ്.എൽ.സി. യോഗ്യതയില്ലെങ്കിലും അവരെ പിരിച്ചുവിടണ്ട എന്നുപറഞ്ഞ് താൽക്കാലിക നടപടിയെടുത്തത് ആശ്വാസമുണ്ടാക്കിയെന്നുള്ളത് ശരിയാണ്. പക്ഷെ ഇന്ന് പുതിയ ആളുകൾക്ക് വിസ കിട്ടണമെങ്കിൽ എസ്. എസ്. എൽ.സി. നിർബന്ധമാക്കുന്നു. അതുകൊണ്ട് ഇപ്പോൾ തന്നെ ഗൾഫിലുള്ള ആളുകൾക്ക് എസ്. എസ്. എൽ.സി. ലഭിക്കുന്നതിനുവേണ്ടി വിദൂര വിദ്യാഭ്യാസ കേന്ദ്രം എന്ന ആശയം മുന്നിൽ വച്ചുകൊണ്ട് പുതിയ സെന്ററുകൾ ഉണ്ടാക്കി 18 വയസ്സുകഴിഞ്ഞവർക്ക് എസ്. എസ്. എൽ.സി. നേരിട്ട് എഴുതാനുള്ള സൗകര്യം ഗൾഫ് രാജ്യങ്ങളിലെ പ്രധാനപ്പട്ട കേന്ദ്രങ്ങളിൽ ഉണ്ടാക്കണം. ലക്ഷക്കണക്കിന് വരുന്ന നമ്മുടെ ആളുകൾക്ക് എസ്. എസ്. എൽ.സി. വീണ്ടും എഴുതി തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കഴിയും. സർ ഇവിടെയുള്ള പല അംഗങ്ങളും ഗൾഫിൽ പോയിട്ടുണ്ട്. അവിടെയുള്ള ആളുകളെ കാണുകയും അവരുടെ വികാരവും ആവശ്യവും പങ്കുവയ്ക്കുകയുമാണ് മഹാഭൂരിപക്ഷം ആളുകളും ചെയ്യുന്നത്. നമ്മുടെ എംബസിയുടെ ഏതെങ്കിലും വരാന്തയിൽ പോയിട്ടുള്ള ആളുകൾക്ക് ബോദ്ധ്യമാകും ഒരു മലയാളി അവിടെയില്ല എന്നത്. ഇൻഡ്യാക്കാരായ ഗൾഫിലെ ജോലിക്കാരിൽ 70 ശതമാനം ആളുകളും മലയാളികളാണ്. ഇംഗ്ലീഷ് അറിയാത്ത നമ്മുടെ സാധാരണക്കാരായ മലയാളികൾക്ക് എംബസിയിൽ ചെന്നാൽ ഭാഷയറിയാതെ ബുദ്ധിമുട്ടുന്നത് നേരിൽ കണ്ടാൽ ബോദ്ധ്യമാകും. കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സ്വാധീനം ചെലുത്തി എംബസിയിൽ ഏറ്റവും ചുരുങ്ങിയത് ഒരു മലയാളി ജീവനക്കാരനെയെങ്കിലും നിയമിക്കാൻ വേണ്ടിയുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു ഇൻഫർമേഷൻ സെന്റർ ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് പലപ്പോഴും ഇക്കാര്യം ഗൾഫ് മലയാളികൾ നേരിട്ട് പറഞ്ഞിട്ടുള്ളതാണ്. ഇവിടെ ഇന്ന് അതിന് ഏറെ സാധ്യതയുണ്ട്. അവിടെയുള്ള ആളുകൾക്ക് പ്രശ്നങ്ങൾ ഉണ്ട്, അവിടെയുള്ള ആളുകൾ മരിച്ചാൽ ഡെഡ്ബോഡി കൊണ്ടുവരാൻ, കാണാതായവരെ കണ്ടുപിടിക്കാൻ, ജയിലുകളിൽ കിടക്കുന്ന ആളുകൾക്ക് ആശ്വാസം നൽകാൻ, മാത്രമല്ല, നമ്മുടെ ടൂറിസം മേഖല വികസിപ്പിക്കാനും, നാം ഉദ്ദേശിക്കുന്ന ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാനും വേണ്ടി ഗൾഫിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങാൻ കേന്ദ്രത്തിൽ നിന്ന് അനുമതി വാങ്ങി അതിനുള്ള നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ നമ്മൾ ജിം, ഒക്കെ നടത്തി, ജിമ്മിലെ പ്രധാനപ്പെട്ട വിഷയമെന്താണ് ? വലിയ മുതലാളിമാരെ മാത്രം സഹകരിപ്പിക്കുന്ന ലക്ഷ്യമായിരുന്നു. അത് മതിയോ ? വലിയ മലയാളികൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വരും. അവരുടെ ലക്ഷ്യങ്ങൾ വലിയ വലിയ ലക്ഷ്യങ്ങളാണ്. അവർക്ക് ഒരിക്കലും ചെറിയ കാര്യങ്ങളില്ല. ജനങ്ങൾക്കാകെ എതിർപ്പുള്ള പരിസ്ഥിതിയെ ബാധിക്കുന്ന പദ്ധതികളാണ് പലപ്പോഴും കൊണ്ടുവരുന്നത്. അതൊക്കെ കൊട്ടിയാഘോഷിച്ച് നമ്മൾ പിന്തുണ കൊടുക്കുന്നു. പോരാ, സാധാരണക്കാരായ പല ആളുകളും ഗൾഫിലുണ്ട്. ഒരു ലക്ഷം മുതൽ അഞ്ചു ലക്ഷം, പത്തു ലക്ഷം മുടക്കാൻ അവർ തയ്യാറാണ്. എന്ത് എവിടെ വേണം, എവിടെ തുടങ്ങണം, എപ്പോൾ തുടങ്ങണം, എന്നറിയാത്തതാണ് പലരുടേയും ബുദ്ധിമുട്ട്. അതിനൊരു കോ-ഓർഡിനേഷൻ ഉണ്ടാക്കണം. ഈ കാര്യത്തിൽ പ്രത്യേകമായി ശ്രമിക്കണം. അതിനുവേണ്ടി സാധാരണക്കാരായ ഗൾഫ് മലയാളികളുടെ നിക്ഷേപങ്ങൾ സ്വരൂപിച്ചുകൊണ്ട് അവർക്ക് പ്രയോജനം നൽകുന്ന രീതിയിലുള്ള സമീപനമുണ്ടാകണം. മണലാരണ്യത്തിൽ മലർവാടി ഉണ്ടാക്കാൻ കഠിനമായ പ്രയത്നം കൊണ്ടേ സാധിക്കൂ, പൂഴിമണ്ണിൽ പൂമൊട്ട് വിരിയിക്കാനാണ് ഇപ്പോൾ മറുനാടൻ മലയാളി ഹസ്സൻ എന്നറിയപ്പെടുന്ന എം. എം. ഹസ്സൻ ചെയ്തുകൊണ്ടിരിക്കുന്നത്. സർ എം. എം. ഹസ്സന്റെ ഇപ്പോഴത്തെ പേര് മറുനാടൻ മലയാളി ഹസ്സനെന്നാണ്. അദ്ദേഹം ഈ മരുഭൂമിയിൽ പുതിയ പൂമൊട്ട് വിരിയിക്കുവാൻ ശ്രമിക്കുകയാണ്. 5 വർഷം ഒന്നുമില്ലാതിരുന്ന വെറും മരുഭൂമി മാത്രമായിരുന്ന ഈ പ്രവാസി വകുപ്പിന് ഇന്ന് പ്രതീക്ഷയുണ്ടാക്കി, ആളുകളുടെ ഇടയിൽ വിശ്വാസമുണ്ടാക്കി. . ഗൾഫ് മലയാളികൾ ഏറെ ആശയോടെ കാത്തിരിക്കുന്നു. അവരുടെ ഇടയിൽ ഒരു പുതിയ പ്രതീക്ഷയുമായി ബഹുമാനപ്പെട്ട മന്ത്രി ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളെ അങ്ങേയറ്റം അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. ഈ 2 കൊല്ലക്കാലത്തേതുപോലെ ഈ വകുപ്പ് പോയാൽ അടുത്ത മന്ത്രിസഭ വരുമ്പോൾ പ്രവാസികാര്യ വകുപ്പിനുവേണ്ടി കടിപിടിയുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ മന്ത്രിസഭ എന്നെങ്കിലും പുനഃസംഘടിപ്പിക്കാൻ ശ്രമിച്ചാൽ ഏറ്റവും ഡിമാന്റ് വരിക ഈ വകുപ്പിനായിരിക്കും. ഇനി അടുത്ത തവണ ഇടതുപക്ഷമുന്നണി ഗവൺമെന്റ് വന്നാൽപ്പോലും ഈ വകുപ്പിനായിരിക്കും കൂടുതൽ ഡിമാന്റ്. 2 കൊല്ലം കൊണ്ട് കേരളത്തിലെ പ്രവാസികൾക്ക് മനസ്സിൽ പ്രതീക്ഷക്ക് വക നൽകിയ വകുപ്പായി ഇതിനെ മാറ്റിയ ബഹുമാനപ്പെട്ട മന്ത്രിയെ ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. തൊഴിൽ വകുപ്പ്, 2002-ലെ ബഡ്ജറ്റിൽ 200 കോടി രൂപ പ്രത്യേക തൊഴിൽദാന പദ്ധതിക്കുവേണ്ടി പ്രഖ്യാപിച്ചിരുന്നു. ഞങ്ങളൊക്കെ വലിയ ഹർഷാരവത്തോടെയാണ് ഇവിടെ കൈയടിച്ചത്. 2002-ലെ ബഡ്ജറ്റ് കഴിഞ്ഞു. പുതിയ ബഡ്ജറ്റ് വന്നു. പ്രത്യേക തൊഴിൽദാന പദ്ധതിക്ക് പദ്ധതിയൊന്നും കണ്ടില്ല. ഞങ്ങളെപ്പോലെയുള്ള ചെറുപ്പക്കാർ നിരവധി ഇവിടെയുണ്ട്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകളുണ്ട്. മാറി മാറി വന്ന എല്ലാ ഗവൺമെന്റുകളും ചെറുപ്പക്കാരുടെ കണ്ണിൽ പൊടിയിടുന്ന ഏർപ്പാടാണ് നടത്താറ്. ഈ ഗവൺമെന്റിൽ ഞങ്ങൾക്ക് ഏറെ പ്രതീക്ഷയുണ്ട്. ഞങ്ങൾ പലപ്പോഴും ഇതുമായി ബന്ധപ്പെട്ട് തൊഴിൽവകുപ്പ് മന്ത്രിയുമായി സംസാരിച്ചു. 200 കോടി രൂപയുടെ പ്രത്യേക തൊഴിൽദാന പദ്ധതി നടപ്പിലാക്കാൻ എന്താണ് തടസ്സമെന്ന് തൊഴിൽ വകുപ്പുമന്ത്രി പറയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രായംകൊണ്ടദ്ദേഹത്തിന് ഏറെ ഉണ്ടെങ്കിലും ജീവിത



LIBRARY ARCHIVES Kerala Legislative Assembly

ശൈലിയിലും പ്രവർത്തിയിലും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ചെറുപ്പക്കാരനാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഈ ശൈലിയും പ്രവർത്തിയും തൊഴിൽദാന പദ്ധതി നടപ്പിലാക്കുന്നതിൽ കാണിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. മോഹൻകുമാർ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ തൊഴിൽ വകുപ്പിന്റെ ഊർജ്ജസ്വലനായ മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകൾ മാറ്റം ആഗ്രഹിക്കുന്ന സമൂഹത്തിന്റെ വികാരത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. പരിവർത്തനത്തിന്റെ പാതയിലേക്ക് യാഥാർത്ഥ്യബോധവും പ്രായോഗികബോധവും ഉൾക്കൊണ്ടുകൊണ്ട് തൊഴിലാളികളെയും തൊഴിൽ സംഘടനകളെയും ആനയിക്കാൻ സാധിച്ചത് ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റിയതുകൊണ്ടാണ്. ഇങ്ങനെ തൊഴിൽ രംഗത്ത് ശാന്തിയും സമാധാനവും സൃഷ്ടിക്കാൻ കഴിഞ്ഞതായിട്ടാണ് കണക്കുകൾ ബോദ്ധ്യപ്പെടുത്തുന്നത്. നിഷേധാത്മകമായ കാഴ്ചപ്പാടുകളുടെ കുഴിമാടങ്ങളുടെ നിശബ്ദതയിൽനിന്ന് അദ്ധ്വാന ശക്തിയുടെ ആരവം ഉയരുന്ന വികസനത്തിന്റെ ഐശ്വര്യ തീരങ്ങളിലേക്ക് ഈ പുതിയ തൊഴിൽനയം നമ്മുടെ സംസ്ഥാനത്തെ ആനയിക്കുമെന്നാണ് ഞാനും പ്രതീക്ഷിക്കുന്നത്. 2000-01-ൽ 17,986 ഫാക്ടറികളാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ 2001-02-ൽ അതിന്റെ സംഖ്യ 18,068 ആയി വർദ്ധിച്ചത് നിക്ഷേപകരുടെ, വിശ്വാസ്യതയുടെ പ്രതീകമായി കണക്കാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 2000-01-ൽ 336,899 ഫാക്ടറി തൊഴിലാളികൾ പണിയെടുത്തിരുന്നത് 2001-ൽ 338,764 ആയി വർദ്ധിച്ചതായി കണക്കുകൾ ബോദ്ധ്യപ്പെടുത്തുന്നു. അത് തികച്ചും ഒരു ശുഭസൂചനയാണ്. 2000-01-ൽ 4,123 തൊഴിൽ തർക്കങ്ങളുണ്ടായിരുന്നത് 2001-ൽ 3,356 ആയി കുറഞ്ഞത് തീർച്ചയായും ആഹ്ലാദകരമാണ്. അതുപോലെ 2000-01-ൽ അഡ്ജൂഡീക്കേഷന് വിട്ടത് 456 തർക്കങ്ങളാണെങ്കിൽ 2001-02-ൽ അത് 406 ആയി കുറയുകയുണ്ടായി. അതുപോലെ സമരങ്ങൾ പ്രഖ്യാപിക്കപ്പെട്ടത് 2000-01-ൽ 21 എന്നാണ് കണക്കുകൾ കാണിക്കുന്നതെങ്കിൽ അടുത്ത വർഷം അത് 9 ആയി കുറയുകയുണ്ടായി. ലോക്കൗട്ട് ചെയ്യുന്ന സ്ഥാപനങ്ങളുടെ സംഖ്യ കുറഞ്ഞു വരുന്നതായിട്ടാണ് കണക്കുകൾ ബോദ്ധ്യപ്പെടുത്തുന്നത്. സമരം ബാധിച്ച തൊഴിലാളികളുടെ സംഖ്യ 2000-01-ൽ 1,98,040 ആയിരുന്നത് അടുത്ത വർഷം 29,827 ആയി കുറഞ്ഞിരിക്കുന്നത് വളരെയധികം അഭിമാനാർഹമാണ്. കേരള സംസ്ഥാനത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമായി തുടരാൻ എല്ലാ വിഭാഗം ജനങ്ങളും പ്രതിപക്ഷവും അതുപോലെ രാജ്യത്തെ എല്ലാ സംഘടനകളും സഹായവും സഹകരണവും ചെയ്യുകയാണെങ്കിൽ നമുക്ക് ഒരുമിച്ച് ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, അങ്ങ് ഇവിടെ പല വിധത്തിൽ ഈ ഗവൺമെന്റ് കൈവരിച്ച, തൊഴിൽവകുപ്പ് ആർജ്ജിച്ച നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. ഈ 2 വർഷത്തിനിടയിൽ ഇ.എസ്.ഐ ആനുകൂല്യം കൈപ്പറ്റാൻ അർഹതയുള്ള തൊഴിലാളികളിൽ വന്ന ഗണ്യമായ ഇടിവിന്റെ കണക്കുകൂടി അങ്ങ് ഒന്ന് പരാമർശിക്കുമോ ?

ശ്രീ. കെ. മോഹൻ കുമാർ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ശ്രീ. സാജു പോൾ ഉന്നയിച്ച ഈ കണക്കിനുകൂടി സംശയനിവൃത്തി വരുത്തണമെന്നാണ് ഞാൻ അറിയിക്കുന്നത്. വളരെയധികം അഭിനന്ദനാർഹമായ നേട്ടങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ സാരഥ്യത്തിൽ നമുക്ക് നേടിയെടുക്കാൻ സാധിക്കുമെന്നുണ്ടെങ്കിലും, വളരെ പരിതാപകരമായ മേഖലകളിലേക്കുകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയെ ആകർഷിക്കുകയാണ്. കേരളത്തിന്റെ കാർഷിക രംഗം നമ്മുടെതല്ലാത്ത, അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റേതല്ലാത്ത കാരണങ്ങളാൽ കാർഷികമേഖലയിൽ പട്ടിണി വ്യാപിക്കുകയാണ്. നമ്മുടെ കർഷക തൊഴിലാളികൾക്ക് മുമ്പ് പ്രതിവർഷം 200-ഉം 250-ഉം തൊഴിൽ ദിനങ്ങളാണ് ലഭിച്ചിരുന്നതെങ്കിൽ അതിപ്പോൾ 100-ൽ താഴെ അല്ലെങ്കിൽ ചില പ്രദേശങ്ങളിൽ 50-ൽ താഴെയായി മാറിയിരിക്കുന്നു. സാധാരണ കർഷകരെ സംബന്ധിച്ചിടത്തോളം, കർഷകത്തൊഴിലാളികൾക്ക് തൊഴിൽ നൽകാനുള്ള ശേഷി വളരെയധികം കുറഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ മറ്റ് തൊഴിലുകളൊന്നും പഠിച്ചിട്ടില്ലാത്ത, മറ്റു തൊഴിലുകൾക്ക് പോകാൻ കഴിയാത്ത അദ്ധ്വാനം മാത്രം കൈമുതലായുള്ള കർഷകത്തൊഴിലാളികളുടെ മുമ്പിൽ ചൂണ്ടിക്കാണിക്കാൻ തൊഴിൽ വകുപ്പിന്, സംസ്ഥാന മന്ത്രിസഭക്ക് എന്താണുള്ളത് എന്ന ചോദ്യം തീർച്ചയായും ഇന്നൊരു ഉത്തരത്തിനു വേണ്ടിയല്ലെങ്കിലും തുടർ നടപടികൾക്കുവേണ്ടി അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രിയങ്കരനായ ശ്രീ. എം. എം. ഹസ്സന്റെ നേതൃത്വത്തിൽ പരിമിതമായ വിഭവങ്ങളോടെ നടന്നുവരുന്ന വകുപ്പുകൾ ധനാഭ്യർത്ഥനയിൽ 13-ാമതായാണ് ഇവിടെ കൊടുത്തിരിക്കുന്നത്. വളരെ ചെറിയ ഒരു സംഖ്യ വച്ചുകൊണ്ട് വലിയ ഇന്ദ്രജാലമൊന്നും കാണിക്കാൻ കഴിയില്ലെങ്കിലും പ്രതീക്ഷക്കർഹതയുള്ള, പ്രതീക്ഷിക്കാൻ ചിലതെങ്കിലും ഉണ്ടെന്ന് കാണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കാഴ്ചവക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ശ്രവണസുഭഗങ്ങളായ നിരവധി മലയാള പദങ്ങൾ അണിയിച്ച് അതിനെ പ്രവാസികളുടെ മുമ്പിലേക്ക് ആനയിക്കാനും അതു ലോകമെമ്പാടും ചർച്ചാവിഷയമാക്കുന്നതിനും സാധിച്ചിട്ടുണ്ട് എന്നുള്ളതും സന്തോഷകരമാണ്. പ്രവാസി എന്ന വാക്ക് നൂതനമാണെങ്കിൽപ്പോലും ആ പദം എത്രയോ നൂറ്റാണ്ടുകളായി നമ്മുടെ ചിന്തകളിൽ, ചേതനകളിൽ നിറഞ്ഞു നിൽക്കുന്ന ഒരു പദമാണ്. പ്രവാസിയുടെ പ്രേമസംതപ്തമായ ജീവിതാനുഭവങ്ങളാണ് ഭാവോജ്ജ്വലമായ ഒരു അനശ്വരകാവ്യമായി മേഘസന്ദേശമായി മാറിയത്. ആ സന്ദേശത്തിലെ ഒരു വരി അങ്ങയെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, പ്രവാസി വകുപ്പിനെ സംബന്ധിച്ച്, അങ്ങ് വളരെ കാര്യമായി, വലിയ മല മറിക്കുന്ന ഒരു വകുപ്പെന്ന നിലയിൽ പറഞ്ഞുവരികയാണല്ലോ. ഈ വകുപ്പിന് മേജർ ഹെഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നിരന്തരം നമ്മുടെ ഫിനാൻസ് വകുപ്പ്, തള്ളിക്കൊണ്ടിരിക്കുകയാണ്. അങ്ങ് പറയുന്ന പ്രധാന്യമൊന്നും നമ്മുടെ സർക്കാരോ ഫിനാൻസ് വകുപ്പോ ഈ വകുപ്പിന് കൊടുത്തിട്ടില്ല എന്നുള്ളത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. മോഹൻകുമാർ : ഇതെല്ലാം പരിഹരിക്കാൻ സാധിക്കുമെന്ന ശുഭപ്രതീക്ഷയോടെ നമുക്ക് ഈ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. കാളിദാസന്റെ യക്ഷൻ ആ മേഘമാലകളോട് പറയുന്നുണ്ട്, ദേവരാജന്റെ "കാമാനുരൂപിയാം സേവകാഗ്ര്യനുമാണെന്ന് കാൺമൂ ഞാൻ" അതുപോലെതന്നെ ഈ മന്ത്രിസഭയിലെ ഏറ്റവും പ്രമുഖരായ ആളുകളുടെ ഉറ്റതോഴനായ അങ്ങ്, മേഘസന്ദേശത്തിലെ തന്നെ ശ്രീ. തിരുനെല്ലൂരിന്റെ വിവർത്തനത്തിലെ ഒരു വരി ഞാനിവിടെ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നു. അത് പാലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. യക്ഷൻ മേഘത്തോട് പറയുന്നത് "ആകെ നീറുവോർക്ക് ആശ്രയമാണു നീ" എന്നുപറയുമ്പോൾ ഇവിടെ ശ്രീ. പ്രതാപനും അതുപോലെ മുൻപ് സംസാരിച്ച പ്രമുഖരായ നമ്മുടെ നിയമസഭാ സാമാജികൻമാരും പ്രവാസികളുടെ നീറുന്ന ദുഃഖങ്ങളിലേയ്ക്ക് ഈ മന്ത്രിസഭയുടെ ശ്രദ്ധക്ഷണിക്കുകയുണ്ടായി. ഒന്നുരണ്ട് കാര്യങ്ങൾ വളരെ ചുരുക്കത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കേരളത്തിന്റെ ഭാഗം തന്നെയായ മാഹിയിലെ മലയാളികൾ, ഫ്രാൻസിൽ നടന്ന തെരഞ്ഞെടുപ്പിലേയ്ക്ക് ഇവിടെ വോട്ട് പെട്ടികൾ കൊണ്ടുവന്ന് മുൻ ഫ്രഞ്ചുപൗരത്വമുള്ളവർക്ക് വോട്ട് ചെയ്യാനുള്ള അവകാശം മാഹിയിൽ തന്നെ ഉറപ്പുവരുത്തുകയുണ്ടായി. ഒരിക്കലും ഇനി ഫ്രാൻസിലേയ്ക്ക് തിരിച്ചുപോകില്ല എന്ന് ഉറപ്പുള്ളവർക്ക് ഫ്രാൻസിലെ ജനാധിപത്യ പ്രക്രീയയിൽ പങ്കാളികളാവാൻ അവസരം നൽകുന്നു. ഇതിനേക്കാൾ മഹത്തായ നമ്മുടെ ഇൻഡ്യൻ ജനാധിപത്യം എപ്പോഴും എന്നുമെന്നും നമ്മുടെ മലയാളത്തിനെക്കുറിച്ച് ഇൻഡ്യയെക്കുറിച്ച് തരളസ്മൃതികളുമായി ഇരിക്കുന്ന വിദേശമലയാളികൾക്ക് വോട്ടവകാശം നിഷേധിക്കുന്നത് ശരിയാണോ ? ആ വോട്ടവകാശം ഉറപ്പുവരുത്താൻ വേണ്ടി നാം തീർച്ചയായും ശ്രമിക്കേണ്ടതല്ലേ ? കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് വോട്ടവകാശം ഉറപ്പിക്കാനുള്ള ശ്രമം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ പ്രവാസികളുടെ ക്ഷേമം അന്വേഷിച്ചുകൊണ്ട് നിരവധി പേർ എല്ലാ പക്ഷങ്ങളിൽ നിന്നും ഗൾഫിലേയ്ക്കും മറ്റ് രാജ്യങ്ങളിലേയ്ക്കും പോകാറുണ്ട്. പക്ഷേ അവരാരും തന്നെ നമ്മുടെ സാധാരണക്കാർ പണിയെടുക്കുന്ന ലേബർ ക്യാമ്പുകളിലേയ്ക്ക് പോകാറില്ല എന്ന പരാതി പലരും പറഞ്ഞുകേട്ടിട്ടുണ്ട്. മലയാളികളായ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് പറഞ്ഞ് കൊണ്ടുപോകുന്നവർക്ക് തൊഴിൽ ലഭിക്കാതെയാവുന്നു. അതുപോലെതന്നെ ഏകപക്ഷീയമായി കരാർ വ്യവസ്ഥകൾ അവിടെ ലംഘിക്കപ്പെടുന്നു. ഇവിടെ ശ്രീ. പ്രതാപൻ പറഞ്ഞതുപോലെ എമ്പസികൾ കനിയുന്നില്ല. എമ്പസികളിൽ മലയാളം അറിയാവുന്നവരില്ല. അവിടെ തൊഴിൽ നിയമങ്ങളിൽ പ്രാവീണ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

മലയാളികളെ, ഈ നാട്ടിലെ പ്രവാസികളായ തൊഴിലാളികളെ സഹായിക്കുന്നതിന് വേണ്ടി നിയമിക്കാൻ തൊഴിൽ വകുപ്പ് കൂടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. സിലോണിലും മലയയിലും ജപ്പാനിലും ബർമയിലും ആഫ്രിക്കയിലും യൂറോപ്പിലുമൊക്കെ തന്നെ അദ്ധ്വാനവസന്തങ്ങൾ വിരിയിക്കുന്നതിന്, വസന്ത അനുഭവങ്ങൾക്ക് വേണ്ടി കഠിനമായി പ്രയത്നിച്ച് മെഴുകുതിരി പോലെ ഉരുകി തീർന്ന സാധാരണ മലയാളി, ഇന്ന് പലരും തിരികെ നാട്ടിലേയ്ക്ക് മടങ്ങി വരുമ്പോൾ പല പല കാരണങ്ങളാൽ അപമാനിതരാവുകയും ദുഃഖിതരാവുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. മറുനാടുകളിൽ നിന്ന് മലയാളികൾ അയയ്ക്കുന്ന മണി ഓർഡറുകളാണ് ഗ്രാമ ലക്ഷങ്ങളിൽ ലക്ഷ്മിമൃദുസ്മിതം ഉണ്ടാക്കുന്നതെന്ന് കവികളും സാഹിത്യ നായകൻമാരുമൊക്കെ തന്നെ വർണ്ണിച്ചിട്ടുണ്ട്. പക്ഷേ പ്രവാസികളുടെ അനുഭവ സമ്പത്തും അവരുടെ ലോക പരിജ്ഞാനവും അവരുടെ പ്രായോഗിക വിജ്ഞാനവുമൊക്കെ പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി നമുക്കൊന്നും ചെയ്യാൻ കഴിയുന്നില്ലായെന്നുള്ളതാണ് സത്യം. ഇവിടെ സമാഗമവും സമവായവുമൊക്കെ ഉയർത്തിവിട്ടിരിക്കുന്ന പ്രതീക്ഷകൾ സഫലമാകുമെന്ന് തന്നെ ഞാൻ പ്രതീക്ഷിക്കുന്നു. ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, നമ്മുടെ മറുനാടൻ മലയാളികളെക്കുറിച്ചാണ്. ഇവിടെ ഇരിക്കുന്ന ശ്രീ. ഉണ്ണിയാടൻ, ശ്രീ. ജയരാജൻ, ശ്രീ. ബാലറാം തുടങ്ങി ഞങ്ങൾ ഏഴെട്ട് എം.എൽ.എ.മാർക്ക് കഴിഞ്ഞ ഒക്ടോബർ മാസത്തിൽ നമ്മുടെ ഇൻഡ്യാ രാജ്യത്തിന്റെ വിവിധ നഗരങ്ങളിൽ സഞ്ചരിക്കാനുള്ള അവസരം ലഭിക്കുകയുണ്ടായി. ഞങ്ങൾക്കെല്ലാവർക്കും വളരെയധികം ആവേശവും ഒപ്പം തന്നെ വളരെ മനപ്രയാസവുമുണ്ടാക്കിയ ഒരുപാട് കാര്യങ്ങൾ നേരിട്ട് തന്നെ മനസ്സിലാക്കാൻ സാധിച്ചു. ഓണവും പെരുന്നാളും ക്രിസ്തുമസും അമ്പലപറമ്പിലെ ഉത്സവനാളുകളുമൊക്കെ തന്നെ നമ്മൾ കേരളീയരേക്കാൾ ഏറെ തരള സ്മൃതികളോടെ അതല്ലെങ്കിൽ നൊസ്റ്റാൾജിയയോടുകൂടി, ഗൃഹാതുരത്വത്തോടുകൂടി ഓർത്ത് ഓർത്ത് ഓമനിക്കുന്ന മറുനാടൻ മലയാളികൾ, കന്നി നിലാവും ഇളം വെയിലും ഇടവപ്പാതിയും മകരകുളിരുമൊക്കെ തന്നെ മനസ്സിലേയ്ക്ക് ആവാഹിച്ചു നിൽക്കുന്ന മറുനാടൻ മലയാളികൾ പല പ്രദേശങ്ങളിലും നമ്മുടെ പല താലൂക്കുകളിലും ഉള്ളവരേക്കാൾ അതല്ലെങ്കിൽ ചില ചെറിയ ജില്ലകളിലുള്ളവരേക്കാൾ മലയാളികൾ മുംബെയിലും അതുപോലെതന്നെ ചെന്നയിലുമൊക്കെയുള്ളതായി കേൾക്കുന്നു. പക്ഷേ മലയാളികളെ സംബന്ധിച്ചിടത്തോളം പ്രവാസിവകുപ്പ് ഒരു പുതിയ വകുപ്പാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ ഞാൻ പറയുന്നു, പ്രവാസി വകുപ്പിനോ കേരളാ ഗവൺമെന്റിനോ ചെയ്തുകൊടുക്കാൻ കഴിയുന്ന സഹായങ്ങൾ പോലും ഇതുവരെ എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു ദുഃഖസത്യമാണ്. വളരെ വൃദ്ധരായ മാതാപിതാക്കൻമാരെ നാട്ടിലേയ്ക്ക് അയയ്ക്കാനോ അതല്ലെങ്കിൽ നാട്ടിലുള്ള വൃദ്ധരായ മാതാപിതാക്കൻമാരെ ചണ്ഡിഗഡ്, സിംല പോലെയുള്ള പ്രദേശങ്ങളിലെത്തിക്കാൻ ഇടത്താവളങ്ങളിൽ ഇറങ്ങി കറങ്ങി പ്രയാസപ്പെടാതെ ഒരു തീവണ്ടി വേണമെന്നുള്ള ദീർഘകാല ആവശ്യം പോലും

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് സാധിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ എം.പി.മാരുടെ സമ്മേളനത്തെക്കുറിച്ച് അതുപോലെ മുഖ്യമന്ത്രി കേന്ദ്ര മന്ത്രിമാരുമായി സംസാരിക്കേണ്ട ആവശ്യകതകളെക്കുറിച്ചൊക്കെ ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം കോൺഫറൻസുകളിൽ ഇത്തരം നിവേദനങ്ങൾ തയ്യാറാക്കപ്പെടുമ്പോൾ നമ്മുടെ മറുനാടൻ മലയാളികളുടെ, നമ്മുടെ സഹോദരൻമാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ദീർഘദൂര വാഹനങ്ങൾ ഏർപ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ ഒരിക്കലും കേരളം കണ്ടിട്ടില്ലാത്ത മലയാള ഭാഷയുടെ ചന്തവും സുഗന്ധവും മനസ്സിലാക്കാൻ കഴിയാത്ത രണ്ടാം തലമുറയിൽപ്പെട്ട മലയാളികൾക്ക്, അവർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടി ശ്രമിക്കണം. സ്വാശ്രയ വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ച് നമ്മൾ ദീർഘമായി സംസാരിക്കുകയാണ്. അവർക്ക് കൂടി കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ച് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ അങ്ങയെ നിഷേധിക്കുന്നില്ല. ഞാൻ എന്റെ പ്രസംഗം ചുരുക്കുകയാണ്. തൊഴിൽ വകുപ്പിനും അതുപോലെതന്നെ ശ്രീ. എം. എം. ഹസ്സൻ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്കും കൂടുതൽ തുക അനുവദിക്കേണ്ടത് തീർച്ചയായും കാലോചിതമായ ഒരു നടപടിയാണ്. അതിന് കൂടുതൽ തുക അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

**<u>തിരു എ. കേ. മണി:</u>** സർ, **ഇരുൾ** കൂടിയിരുന്ന കേരളത്തെ ഒളിമയമാന എതിർകാലത്തെ നോക്കി നടപോട്ടുകൊണ്ടിരുക്കിന്റ മുന്നണിയിൻ നായകൻ കേരവ മുതൽവർ തിരു എ. കെ. ആന്റണി വീരനടപോട്ടുക് കൊണ്ടിരുക്കിറാർകൾ. നടപോടും പാതയിൽ ആയിരം തടങ്കൾ ഏറ്റടും. കടൽ കടന്തു, ആറുകളെ കടന്തു, മേടു പൾവങ്കളെ കടന്തു, ഒരു സിൽ ഓടൈകളെ കടന്തു വെറ്റിനടപോടും തരുവായിൽ, പൊരുൾവാതാര സിക്കൽ മൂലം അനേക തടൈകൾ ഏറ്റടുകിന്റതു. ഇവൈയെല്ലാം കതിരവനൈ കണ്ട പനിപോൽ മറൈന്തു വിടും. അതു വരൈ നാം പൊറുത്തിരുന്തുതാൻ ആകവേണ്ടും.

സർ, **ഇന്ത** അരസ് ആട്സിക്കു വന്ത പിൻപു തൊഴിൽത്തുറൈയിലും തൊഴിലാവർകൾ വളർച്ചിയിലും അനേക മാറ്റങ്കൾ ഏറ്റപ്പട്ടിരുക്കിന്റതു എൻപതൈ നാം അനൈവരും മറന്തു വിടകൂടാതു. **ഇന്ത** അരസ് പതവിയേറ്റപിൻപു മാനിലത്തിൽ അമൈതിയാന സാന്തമാന തൊഴിൽപുരട്സി ഏറ്റപ്പട്ടിരുക്കിന്റതു. തൊഴിൽസാലൈ ഉരിമൈയാളർകളുക്കും തൊഴിലാവർകളുക്കും നൂകമാന ഉറവു നിലവി നല്ല നിലൈയിൽ തൊഴിൽ നടക്കകൂടിയ ഒരു മാനിലമാക നമതു കേരളം തികഴ്കിന്റതു എൻപതു ഒരു പെരുമൈ.

LIBRARY ARCHIVES Kerala Legislative Assembly

இந்திய மகா இராஜ்ஜியத்தில் ஒரு தொழில் கொள்கை அமுலுக்கு கொண்டு வந்ததில் நாங்கள் பெருமை கொள்கின்றோம். தொழில் பகுதிகளில் தொடங்க இருக்கின்ற தொழில் உரிமையாளர்களுக்கு போதுமான பாதுகாப்பு கொடுக்க முடிந்தது. தொழிலாளர் களுக்கு அவர்களின் உரிமைகளை கேட்பதற்க்கும் பெறுவ தற்க்கும் உரிமை வழங்கபட்டது. கேரளத்தில் 150 வருடங் களுக்கு முன்பாக பாயும் பு, ஓடுகின்ற அருவி, கூவு கின்ற குயில், ஓடுகின்ற மயில் தனக்கு சொந்தமான தென்றல் விளையாடுகின்ற மலை பிரதேசங்களில் கடுமை யான குளிருக்கும் பேய் காற்றிற்க்கும் ஈடு கொடுத்து, வெள்ளையன் நமது நாட்டில் படையெடுத்து அடிமைபடுத் தின நான் முதல் தோட்டங்களில் பயிர்செய்வதற்க்காக தொடங்கியபோது ஆயிரக்கணக்கான, லட்சக்கணக்கான தொழிலாளர்கள் வெள்ளையனோடு மலைகளில் ஏறி குடி யிருக்க தொடங்கிய காலகட்டத்தில் கத்தாளை, தேயிலை, காப்பி, ஏலம், ரப்பர் போன்ற மலைபயிர்களை பயிர் செய் வதற்க்கு தொடங்கினார்கள். அப்பொழுது தொழிலாளர்கள் தங்களுடைய இரத்தத்தை கொடும் காற்றிற்கும், கடுமை யான பனி புயல்களுக்கும், அட்டைக்கும், காட்டுமிருகங்க ளுக்கும் உயிர்களை பயாக்கிகொண்டு மலைபகுதிக ளில் உற்பத்தி செய்து காடுகளை கழனியாக்கி நிலமாக்கி உழுது பயிரிட்டு லாபம் ஈட்டி கேரளத்தினுடைய அன்னிய செலவாணி ஈட்டி தருவதில் தங்களை ஈடுபடுத்திக் கொண்டார்கள்.

ஆனால் இன்று நிலமை அது அல்ல. தோட்டப்ப யிர்கள் குறிப்பாக தேயிலைத்தோட்டங்கள் அழிந்து கொண்டிருக்கின்றது. மத்திய அரசினுடைய தவறான ஏற் றுமதி இறக்குமதி கொள்கையின் காரணமாக இன்று தேயிலை தொழில் அழிந்து நந்து கொண்டிருக்கின்ற உண்மையை நாம் மறந்து விடமுடியாது. பக்கத்து வீட்டில் இருக்ககூடிய பாலகன் பட்டாடை உடுத்தி பலகாரம் உண் ணும் சூழ்நிலையில், பாட்டாளியாக பிறந்த ஒரே கார ணத்திற்காக அந்த பாட்டாளி மகன் அன்று பட்டினி கிட க்கவேண்டுமா?

நமக்கு ஆயிரம் கொள்கைகள் இருக்கிறது. தொழில்புரட்சிகாக வேண்டி தொழிற்சங்கங்கள் பல பிரச்சி னைகளை கொண்டு வருகிறார்கள். ஆனால் தொழிலா ளர்கள் வறுமையில் வாடிகொண்டிருக்கிறார்கள் என்ற உண்மையை நாம் மறந்து விடமுடியாது. நமது மாநிலத்தி னுடைய முதல்வர் திரு, எ.கெ. ஆன்றனி அவர்களும்

LIBRARY ARCHIVES Kerala Legislative Assembly

தொழிற்த்துறை அமைச்சர் திரு பாபுதிவாகரன் அவர்களும் இந்த தொழில் பாதுகாப்பிற்க்காக தோட்டப்பயிர்களை பாதுகாப்பதற்க்காக வேண்டி அநேக நல்லத்திட்டங்களை கொண்டுவந்திருக்கிறார்கள். கடந்த காலக்கட்டத்தில் Plantation Standing Committee அமலுக்குகொண்டு வர முடிந்தது என்பது பெருமை. தொழிலாளர்களுக்காக வேண்டி அநேக நல்லத்திட்டங்களை இந்த அரசு அறிவித்திருக்கி றார்கள். தொழிலவர்களின் குழந்தைகள் படிப்பதற்க்காக வேண்டி இலவச நோட்புத்தகங்கள் வழங்கி கொண்டிருக்கி றார்கள், அதுபோலவே இடுக்கி மாவட்டத்தில் மூணார், வயநாடு, பாலக்காடு, திருவனந்தபுரம், கொல்லம், திருச்சூர் போன்ற இடங்களில் நடமாடும் மருத்துவ வசதி கள் கொடுத்து கொண்டிருக்கிறாக்ள். அதுபோல எண் ணற்ற நல்ல பல காரியங்களை தொழிலாவர்களுக்காக வேண்டி இந்த அரசு அறிமுகபடுத்தி செய்து கொண்டிருக் கிறார்கள் என்ற பெருமையை நான் கூறி கொள்ள ஆசைபடுகிறேன்.

பூட்டிகிடக்ககூடிய ஆலைகள் தேயிலை தோட்டங் களையெல்லாம் திறப்பதற்காக வேண்டி அநேக நல்லத்திட் டங்களை கொண்டுவந்திருக்கிறார்கள். தொழிலாளர்க ளின் குழந்தைகளுக்கு படிக்க முடிவதில்லை என்பது உண்மை. அவர்கள் படிப்பை நிறுத்திவிடாமல் இருக்க இலவச நோட்டுப்புத்தகங்களும் மதிய உணவும் கொடுக்கப் படுகிறது. கடந்தகாலகட்டத்தில் ஆரம்ப பள்ளிகளில் படிக்க கூடிய குழந்தைகளுக்கு மாத்திரமே கொடுக்கப்பட்டது. ஆனால் ஸ்ரீமான் எ. கெ. ஆன்றனி அவர்களும் ஸ்ரீமான் பாபுதிவாகரன் அவர்களின் முயற்சியின் காரணமாக ஸ்ரீமான் சங்கரநாராயணன் அவர்களின் உதவியோடு உயர்நிலை பள்ளிகளில் படிக்ககூடிய மாணவர்களுக்கும் இலவச உணவு வழங்ககூடியவதிட்டத்தை கொண்டு வந்தி ருக்கிறார்கள் என்பது பெருமையாக இருக்கிறது.

இடுக்கியிலும் வயநாட்டிலும் பின் தங்கிய இடங்க ளில் "வேலைக்கு கூ உணவு" என்ற ஒரு பொதுவான திட்டத்தை அறிமுகபடுத்தியிருக்கிறார்கள், தேயிலை, காப்பி தோட்ட உடமைகளுக்கு நிலவரி ஒரு வருடத் திற்க்கு கொடுக்க வேண்டியதில்லை என்ற தீர்மானத்தை இந்த அரசு சொண்டு வந்திருக்கிறது. Labour Welfare Fund - ருந்து 7,25,000 ரூபாய் பாடபுத்தகங்களுக்காகவும் 1,80,500 ரூபாய் சீருடைகளுக்காகவும் வழங்க இந்த அரசு தீர்மானம் எடுத்திருக்கின்றது. இடுக்கி மாவட்டத்தில் தோட்ட தொழிலாளர்களை பாதுகாக்க மாவட்டஆட்சியர்கள் Plantation Worker's Relief Fund என்ற மகத்தான திட்டத்தை

LIBRARY ARCHIVES Kerala Legislative Assembly

அறிமுகபடுத்தியிருக்கிறார்கள், ஆனாலும் இப்பொழுதும் இந்த நிலமை தொடந்து கொண்டிருப்பதற்கு ஒரு முடிவு கட்ட தயாராக வேண்டும் என்று நான் அரசோடு வேண்டி கொள்கிறேன்.

கடந்த இரண்டு வருடங்களாக இம்மாநிலத்தில் போனசுக்காக போராட்டம் நடக்கவில்லை என்பதை நான் கூறிகொள்ள ஆசைபடுகிறேன். பூட்டிக்கிடக்ககூடிய பொது வுடமை ஆலைகளிலும் தனிஉடமை ஆலைகளிலும் வேலை செய்யகூடிய தொழிலாளர்களுக்கு ஆயிரம் ரூபாய் வீதம் பண்டிகை இலவச பணம் வழங்க 85,93,000 ரூபாய் இந்த அரசு வழங்கியுள்ளது. இந்த அரசு ஆட்சிக்கு வந்தபின்பு கடந்த இரண்டு ஆண்டுகளில் தோட்டபகுதியில் சில சிக் கல்கள் ஏற்பட்டது உண்மைதான். ஆனால் அதே சமயத்தில் எண்ணெய் உற்பத்தி ஆலை, மது விற்பனை, யானைகளை பாதுகாக்கும் பகுதிகள், வனபகுதி, கைத்தறி, மணல் சேக ரிப்பு, ஏற்றுமதி இறக்குமதி மருந்து கம்பெனி, மாவு ஆலை கள், கட்டிடம் கட்டும்தொழில், சாலைபணி போன்றவற்றில் வேலைசெய்யகூடிய தொழிலாளர்களுக்கு அடிப்படை ஊதி யம் கிடைக்க சட்டம் கொண்டு வரப்பட்டது.

முந்திரிக்கொட்டை தொழிலாளர்களுக்கு இழைக் கப்பட்ட கூயும் வேலையும் கிடைக்க இந்த அரசு தீர்மா னம் எடுத்தது. முந்திரிக்கொட்டை தொழிலாளர்களுக்கு ஓன பண்டிகை போனஸ் கொடுக்க 15 லட்சம் ரூபாய் மாற்றிவைக்கப்பட்டது. கடந்த ஆண்டு 12,37,600 ரூபாய் கொடுக்கப்பட்டது. மாத்திரமல்ல மம நலத்திட்டங்களுக் காக அரசு பங்கீட்டிருக்கும் 1,47,77,000 ரூபாய் இந்த அரசு வழங்கியுள்ளது. கைத்தறி தொழிலாளி மம நலத் திட்டத்திற்க்கு 33,20,000 ரூபாய் கொடுக்கப்பட்டுள்ளது. எல்லா மாவட்டங்களிலும் வேலையற்றோர் விவரம் சேகரிக் கும் அலுவல்களில் கம்பியூட்டர் இணைப்புகள் வழங்கப்பட் டிருக்கிறது.

மாநிலத்தில் 74 தொழிற்பயிற்சி கூடங்கள் தொடங்க அரசு நடவடிக்கை எடுத்திருக்கின்றது. அதில் தாழ்த்தப்பட்ட வர்களுக்கு 41 மையங்களும் பெண்களுக்கு தனியாக I.T.I. களும் தொடங்குவதற்க்கு இந்த அரசு தீர்மானம் எடுத்தி ருக்கின்றது.

<u>திரு ராஜு ஆபிரகாம்:</u> பீருமேட்டிலே தோட்டம் தொழிலாளிக்கு ரேன் கொடுத்தெந்து சொன்னாங்க. ஒரு மாசம் தன்னே கொடுத்திருக்குது. இப்ப அங்கே பஞ் சமும் பட்டினியுமாக இருக்குது.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ നിയമസഭ ചട്ടങ്ങൾക്ക് അനുസരിച്ച് ഇവിടെ സംസാരിക്കാവുന്ന ചില ഭാഷകളുണ്ട്. മലയാളമാകാം, ഹിന്ദിയാകാം, തെലുങ്ക് ആകാം, കന്നടയാകാം. ശ്രീ. രാജു എബ്രഹാം സംസാരിച്ചത് ഈ ഒരു ഭാഷയുമല്ല. ദയവായി അത് രേഖയിൽ വരരുത്. നമ്മുടെ ചട്ടം അംഗീകരിക്കാത്ത ഭാഷയിൽ സംസാരിച്ചത് രേഖയിൽ നിന്ന് ഒഴിവാക്കണം.

**തിരു ഏ. കേ. മണി:** **திரு ராஜு ஆபிரகாம் குறிப்பிட்டது உண்மைதான். ஆனால் இதற்கு முன்னால் இது போன்ற பிரச்சினைகள் தோட்டப்பகுதியில் ஏற்பட்டிருக்கின்றது. ஸ்ரீமான் குரியன் அவர்கள் துணைசபாநாயகராக திரு இராஜேந்திரன் அவர்கள் தலைவராகவும் இருந்த காலகட்டத்தில் இந்த பிரச்சினை ஏற்பட்டது. அப்பொழுது மூணாறில் இதுபோன்று இலவச உணவு தரவேண்டும் என்று அன்றைய முதல்வர் ஸ்ரீமான் ஈ. கெ. நாயனார் அவர்களோடு விண்ணப்பித்தபோது அவர்கள் குறிப்பிட்டதை நான் இந்த சபையில் கூறிகொள்ள விரும்பவில்லை. சொல்லவேண்டும் என்றால் சொல்லலாம். வேண்டாம்.**

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മെമ്പർ തൊഴിൽ മേഖലയുടെ പ്രത്യേകിച്ചും മൂന്നാർ മേഖലയിലെ തമിഴ് തൊഴിലാളികളുടെ ഗുരുതരമായ പ്രശ്നം ഇവിടെ അവതരിപ്പിക്കുകയാണ്. ബഹുമാന്യനായ രാജു എബ്രഹാം ഇവിടെ ഒരു കാര്യം ചോദിക്കുകയുണ്ടായി. പണ്ട് ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കൂലി ചോദിച്ച പാപ്പാൻമാരടക്കമുള്ളവരെ വെടിവച്ചുകൊന്ന തൊഴിലാളി വിരുദ്ധമായ നിലപാട് സ്വീകരിച്ചത് അങ്ങ് ഓർമ്മിക്കുന്നുണ്ടോ ?

**തിരു ഏ. കേ. മണി:** **அது ரொம்ப உண்மை. கூ கேட்டால் வெடி. கம்யூனிஸ்ட் பார்ட்டியின் கொள்கை துப்பாக்கி சூடு தான்.**

ശ്രീ. കെ. പി. രാജേന്ദ്രൻ : തോട്ടം തൊഴിലാളി മേഖലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കഴിഞ്ഞ അഞ്ചു വർഷത്തെ ഭരണത്തിനിടയ്ക്ക് തൊഴിലാളികൾ പട്ടിണി കിടന്നു മരിച്ചതിന്റെയോ ചികിത്സ കിട്ടാതെ മരിച്ചതിന്റെയോ ആത്മഹത്യ ചെയ്തതിന്റെയോ റിപ്പോർട്ടുകളൊന്നും വന്നിട്ടില്ല. ഇവ ഇപ്പോൾ വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അങ്ങ് പ്രതിനിധീകരിക്കുന്ന നിയോജക മണ്ഡലത്തിൽ എത്രപേർ ആ വിധത്തിൽ മരണപ്പെട്ടു ? ആ വീടുകളിലൊക്കെ അങ്ങ് പോയോ ? ആ വീടുകളിലൊക്കെ അങ്ങ് പോയി അവരെ ആശ്വസിപ്പിച്ചിട്ടുണ്ടോ ?

**തിരു ഏ. കേ. മണി:** **சர், "வரும் முன் காப்போம்" என்ற கொள்கையை நாங்கள் கடைபிடிக்கிறோம். மூணார் பகுதியிலே அந்த மாதிரி நிலைமையில்லை. திரு இராஜேந்திரன் அவர்கள் குறிப்பிட்டதை போல எப்போதாவது ஒரு முறை தொகுதிக்கு போகிற ஆள் கிடையாது. தொழிலாளியின் நிலைமை என்ன என்பதை நேரிடையாக புரிந்து, தெரிந்து, அறிந்து கொண்டு கஷ்டப்பட்ட ஆள் நான்.**

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

திரு கெ. கெ. ஜெயசந்திரன்: மூணாறிலே 10 ஆண்டுகளுக்கு முன்னால் 25,000 தொழிலாளிகள் நிரந்தர தொழிலாளிகளாக இருந்தார்கள். ஆனால் இப்பொழுது 16,000-க்கு மேல்தான் இருக்கிறார்கள். இந்த நிலமை எப்படி உருவாகிறது என்று சொல்ல முடியுமா?

திரு எ. கே. மணி: ஸ்ரீமான் நாயனார் அவர்கள் கடந்த 5 வருடங்களாக கேரளத்தில் ஆட்சிசெய்தபோது அவர்களின் தவறான கொள்கையின் காரணமாகவும் வாஜ்பாய் அரசின் தவறான கொள்கையின் காரணமாகவும் தொழிலாளர்களுடைய strength குறைந்ததே ஒழிய ஸ்ரீமான் ஆன்றனி அவர்களின் கொள்கையினால் அல்ல என்பதை புரிந்துகொள்ள வேண்டும்.

எங்களுடைய தெகுதியிலே ஏலக்காய்க்கு விலை யில்லை. வறுமையினாலே என்னுடைய தொகுதி தொழிலாளர்கள் மரணம் அடையவில்லை என்பது உண்மை. ஆனால் செழிப்போடு இருக்கின்றார்கள். காரணம் பணி எடுக்கின்றார்கள் ஊதியம் கிடைக்கின்றது. எங்களுடய் உணர்வை எல்லாம் மதிக்கும் ஆட்கள் அங்கிருக்கிறார்கள், தொழிலாளர்களுடைய நிலமையை புரிந்து இந்த அரசு நல்ல பலத்திட்டங்களை செய்து கொண்டிருக்கிறது. ஆகவே தோட்டப்பகுதிகளை காக்க வேண்டும் என்று கேட்டு கொண்டு நம்முடைய மாண்புமிகு அமைச்சர் எம். எம். ஹசன் அவர்களும் மாண்புமிகு அமைச்சர் பாபு திவாதரன் அவர்களும் சமர்ப்பித்த நிதி வேண்டும் கோரிக்கையை ஆதரித்து விடைபெறுகின்றேன்.

ശ്രീ. എൻ. രാജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നത്തെ പ്രധാനപ്പെട്ട ചർച്ച നടത്തേണ്ടത് തൊഴിൽ വകുപ്പിനെ സംബന്ധിച്ചാണ്. എന്നാൽ അപ്പുറത്തുള്ള പല സുഹൃത്തുക്കളും ഒരു മേജർ ഹെഡ് പോലും ഇല്ലാതെ പാർലമെന്ററികാര്യ വകുപ്പിനേയും ആ മന്ത്രിയേയും സംബന്ധിച്ച് തിരുനെല്ലൂരിന്റെ കവിത ഇന്ന് ഇവിടെ ആലപിക്കുകയുണ്ടായി. തൊഴിൽ വകുപ്പിനെ സംബന്ധിച്ച് എന്റെ സുഹൃത്ത് ശ്രീ. എ. കെ. മണി, അദ്ദേഹം ഒരു തൊഴിലാളി പ്രവർത്തകനും തൊഴിൽ സ്നേഹിയുമൊക്കെയാണ്. അദ്ദേഹം തൊഴിൽ വകുപ്പിനെക്കുറിച്ച് പറയുന്നത് ഇവിടെ ആരും മനസ്സിലാക്കരുത് എന്നുള്ള ഉദ്ദേശത്തോടുകൂടി തന്നെയാണ് ഭാഷ മാറ്റി പ്രസംഗിച്ചതുതന്നെ.

12 NOON]

മി. ഡെപ്യൂട്ടി സ്പീക്കർ: No, No, please. ഭാഷ പറയാൻ അനുവദിച്ചിട്ടുള്ളതാണ്.

ശ്രീ. എൻ. രാജൻ: എനിക്ക് മനസ്സിലായില്ല. ഈ വകുപ്പിന്റെ പ്രവർത്തനം വളരെ നിശ്ചലമായിരിക്കുകയാണ്. ഉദാരവൽക്കരണവും ആഗോളവൽക്കരണവും

അടിസ്ഥാനമാക്കിയുള്ള പരിഷ്കാരങ്ങൾ നമ്മുടെ സമസ്ത മേഖലകളെയും ബാധിച്ചതുപോലെ തൊഴിൽ മേഖലയേയും ബാധിച്ചിരിക്കുന്നു. വ്യവസായ വകുപ്പിന്റെ മന്ദഗതിയിലുള്ള വളർച്ച തൊഴിലില്ലായ്മ രൂക്ഷമാക്കിയിരിക്കുന്നു. ഏതാണ്ട് 50 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർ നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. അപ്പോൾതന്നെയാണ് ഗവൺമെന്റ് അപ്രഖ്യാപിത നിയമന നിരോധനവും ! അഡൈ്വസ് മെമ്മോ കിട്ടിയവർക്കുപോലും നിയമനം നടത്താത്ത സാഹചര്യവും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നത്. 2001-ൽ തൊഴിൽ വകുപ്പ് ഒരു തൊഴിൽ നയം പ്രഖ്യാപിക്കുകയുണ്ടായി. അത് ഒരു കടങ്കഥയായി ഇപ്പോഴും നിൽക്കുകയാണ്. പൊതുമേഖലയിലും സഹകാര്യമേഖലയിലും നിക്ഷേപങ്ങൾ സ്വീകരിച്ച് 5 വർഷംകൊണ്ട് 15 ലക്ഷം തൊഴിലവസരങ്ങളുണ്ടാക്കുമെന്ന് പറഞ്ഞു. ഇത് എവിടെ ചെന്ന് എത്തി നിൽക്കുന്നുവെന്ന് എനിക്ക് മനസ്സിലാകുന്നില്ല. രണ്ട് വർഷം പിന്നിടുമ്പോൾ 6 ലക്ഷം പേർക്ക് എങ്കിലും നമ്മുടെ സംസ്ഥാനത്ത് തൊഴിലുണ്ടാകണം എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. എത്ര തൊഴിലവസരങ്ങൾ ഉണ്ടാക്കി ? നേരത്തെ ഇവിടെ സൂചിപ്പിക്കുകയാണ്, പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്ന് ഓരോന്നായി പൂട്ടി തൊഴിലവസരങ്ങൾ നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഉള്ളവരെ പിരിച്ച് വിട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഇന്നത്തെ അസംഘടിത തൊഴിൽ മേഖല പരിശോധിക്കുമ്പോൾ അവർക്ക് തൊഴിലുണ്ടോ ? ഒരു നേരം കുടുംബം പോറ്റാൻ ബുദ്ധിമുട്ടുന്നവരെ, പട്ടിണി കിടക്കുന്നവരെ പിരിച്ച് വിടപ്പെട്ടതും രോഗഗ്രസ്തവും അടഞ്ഞ് കിടക്കുന്നതുമായ തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ പുനഃപരിശീലനവും പുനരധിവാസവുമൊക്കെ 2001-ലെ തൊഴിൽ നയത്തിന്റെ ഭാഗമായിരുന്നു. നമ്മുടെ പരമ്പരാഗത മേഖല ഇന്ന് പരിശോധിക്കുമ്പോൾ അതിന്റെ സ്ഥിതിയെന്താണ് ? അവിടെ പണിയില്ല. നേരത്തെ ശ്രീ. ഷിബു ബേബി ജോൺ ഇവിടെ സൂചിപ്പിച്ചു, പട്ടിണി മരണങ്ങൾ, വൈദ്യസഹായമില്ല. ജീവിതത്തിന്റെ രണ്ട് അറ്റവും കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബങ്ങളും. ഇന്ന് മൂന്ന് ലക്ഷത്തോളം വരുന്ന കശുവണ്ടിത്തൊഴിലാളികളുടെ സ്ഥിതി അങ്ങേയ്ക്ക് അറിയാമല്ലോ ? കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളും കാപ്പക്സിന്റെ കീഴിലുള്ള മറ്റ് ഫാക്ടറികളും കഴിഞ്ഞ രണ്ട് വർഷമായി അടച്ചുപൂട്ടിയിരിക്കുകയാണ്. ഏതാണ്ട് മുപ്പതിനായിരത്തോളം വരുന്ന തൊഴിലാളികൾ പട്ടിണിയിലാണ്. പല ചർച്ചകളും ഈ സഭയിലും പുറത്തുമൊക്കെ നടന്നിട്ടും അത് എങ്ങും എത്താത്ത നിലയിൽ പോയിക്കൊണ്ടിരിക്കുകയാണ്. ഇന്ന് കശുവണ്ടി ഫാക്ടറികളുടെ പടിക്കൽ, ഏതാണ്ട് 250 ഫാക്ടറികളുടെ മുമ്പിൽ തൊഴിലാളികളും തൊഴിലാളി നേതാക്കന്മാരുമടക്കം നിരാഹാരം കിടക്കുകയാണ്. പത്രത്തിൽ ചില വാർത്തകൾ കണ്ടു. അങ്ങേയ്ക്ക് കൊല്ലത്തുകൂടി പോകുമ്പോൾ ചങ്കിടിപ്പ് ഉണ്ടാകും. എന്താണെന്ന് എനിക്ക് മനസ്സിലാകും. അങ്ങ് നേരിട്ടറിയാവുന്ന ആളാണ്. 34 കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ നാലെണ്ണം പഴയകാല മുതലാളിമാർക്ക് തിരിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. 1996 മുതലുള്ള അവരുടെ ഗ്രാറ്റ്യുവിറ്റിയും പെൻഷനുമൊക്കെ അവരുടെ സർവ്വീസ് പ്രശ്നങ്ങളെ ആകെ ബാധിച്ചിരിക്കുകയാണ്. നേരത്തെ സൂചിപ്പിച്ചപോലെ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തുള്ളപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ ഒരു വർഷം 220 ദിവസം വരെ പണി നടന്നിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി ഒരു ദിവസംപോലും പണി നടത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ മറിച്ച് അഞ്ഞൂറോളം സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളിൽ നിയമ നിഷേധവും നീതി നിഷേധവും നടന്നുകൊണ്ടിരിക്കുകയാണ്. അവർക്ക് ഡി.എ.. ഇല്ല, ഇ.എസ്.ഐ. ആനുകൂല്യം ഇല്ല, പി.എഫ്. ഇല്ല. ഇതൊക്കെ പരിശോധിക്കേണ്ട എൻഫോഴ്സ്മെന്റിന്റെ ആൾക്കാരും ലേബർ ഡിപ്പാർട്ടുമെന്റിന്റെ ആൾക്കാരും നോക്കുകുത്തികളായി ഇരിക്കുന്നു. കശുവണ്ടിത്തൊഴിലാളികൾക്ക് 20 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുക്കാനുണ്ട്. അതിന് ആശ്വാസം ക്ഷേമനിധി ബോർഡ് വഴി കൊടുക്കാനുണ്ട്. അവരുടെ ഗ്രാറ്റ്യുവിറ്റി കൊടുക്കുന്നില്ല. ഇതൊക്കെ പരിശോധിക്കേണ്ടവർ യഥാസമയം പരിശോധിക്കുന്നില്ല. നമ്മുടെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലാണ് 18 ലക്ഷത്തോളം വരുന്ന അംഗങ്ങൾ ഉള്ളത്. ഇവിടെ നേരത്തെ സൂചിപ്പിച്ചു 98 കോടി രൂപയോളം കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ കൊടുക്കാനുണ്ട്. 27,000 പേർക്ക്, അർഹതയുള്ളവർക്ക് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ പെൻഡിംഗ് കിടക്കുന്നു. എല്ലാ തരത്തിലുള്ള ആനുകൂല്യങ്ങളും അവിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തൊഴിലും തൊഴിൽക്ഷേമവും ഇല്ലാത്ത ഈ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. സി. കെ. നാണു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മലബാർ ഭാഗത്ത് ഏറ്റവും കഷ്ടത അനുഭവിക്കുന്നവരാണ് പാവപ്പെട്ട ചുരുട്ടു തൊഴിലാളികൾ. അവർക്ക് കുറച്ച് പെൻഷനുണ്ടായിരുന്നു. അത് വളരെ നാളായി കുടിശ്ശികയിലാണ്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ചുരുട്ടു തൊഴിലാളികളെ സംബന്ധിച്ചാണ്. നമ്മുടെ പത്ത് നാൽപ്പത് ലക്ഷത്തിലധികം വരുന്ന ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ, കൈത്തറി അതുപോലെയുള്ള മേഖലകളിലെല്ലാമുള്ള തൊഴിൽ കുറവിനെ സംബന്ധിച്ചും തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. കേന്ദ്രത്തിൽ 3 ശതമാനം ജീവനക്കാർ റിട്ടയർ ചെയ്യുന്ന അവസരത്തിൽ ഒരു ശതമാനം മാത്രമേ നിയമനം നടക്കുന്നുള്ളൂ. അതുപോലെ ഇന്ന് പത്രത്തിൽ വന്നിരിക്കുകയാണ് ഇവിടെ പി.എസ്.സി.യുടെ അഡ്വൈസ് മെമ്മോ കിട്ടിയ ആളുകൾക്ക് നിയമനം ലഭിക്കുന്നില്ലെന്ന്.ഞാൻ ദീർഘിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പരിശോധിക്കേണ്ടതാണ്. കേരളം ഇൻഡ്യയിൽ പലതിലും പ്രത്യേകിച്ച്. തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കാൻ പോരാട്ടം നടത്തി തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചതാണ്. ബഹുമാനപ്പെട്ട ഷിബു ബേബി ജോൺ അടക്കം താങ്കളെ അത് ഓർമ്മിപ്പിക്കുകയുണ്ടായി. നമ്മുടെ നാട്ടിൽ തൊഴിലാളികൾ എത്രയോ കൊല്ലങ്ങളായി നേടിയെടുത്ത അവകാശങ്ങൾ മുഴുവൻ അവർക്ക് നിഷേധിച്ചു. തൊഴിലാളി കുടുംബങ്ങൾക്ക് കഴിഞ്ഞ കാലത്ത് നമ്മുടെ രാജ്യത്ത് സാധനങ്ങൾ വാങ്ങിക്കാനുണ്ടായിരുന്ന കഴിവുകൾ നഷ്ടപ്പെടുന്നു. വളരെ ചുരുങ്ങിയ ശതമാനം ആളുകൾക്ക് മാത്രം അവരുടെ കുട്ടികൾക്ക് ഏത് വിധത്തിലും വിദ്യാഭ്യാസം ചെയ്യിക്കുന്നതടക്കമുള്ള ജീവിത സൗകര്യങ്ങൾ ലഭിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് കഴിഞ്ഞ കാലത്തുണ്ടായിരുന്ന സൗകര്യങ്ങൾ മുഴുവൻ നിഷേധിക്കുകയും ചെയ്യുകയാണ്. അതിന്റെ കാരണം ഇറക്കുമതി പോലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്.ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിഞ്ഞ കാലത്ത് തൊഴിൽ വകുപ്പിൽ അടങ്ങിയിരിക്കുന്ന ഒരു സാഹചര്യമാണ് ഉണ്ടായിരുന്നത് എങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് താങ്കൾക്ക് അടക്കം പങ്കാളിത്തമുണ്ടായിരുന്ന അഭിമാനത്തോടുകൂടി തലയുയർത്തി നിൽക്കാൻ സാധിച്ച തൊഴിൽ മേഖല, ആ തൊഴിലാളികളുടെ അഭിമാനം നിഷേധിക്കപ്പെടുകയാണ്. തൊഴിലാളികളുടെ സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുകയാണ്. ഒരു തൊഴിലാളി സംഘടന എന്ന നിലയിൽ നിന്ന് അവനെ കരാർ വ്യവസ്ഥയിലേക്ക് മാറ്റുന്നു. അങ്ങനെ തൊഴിലാളി എന്നുപറയുന്നത് ഈ രാജ്യത്ത് ഒരു മോശമായ നിലയിൽ ചിത്രീകരിക്കുന്നു. അവന്റെ വ്യക്തിത്വവും അവന്റെ സംഘടനാ സ്വാതന്ത്ര്യവും അവന് ജീവിക്കാനുള്ള സൗകര്യങ്ങളും കൊടുത്താൽ ഈ രാജ്യം മോശമാവും എന്ന രൂപത്തിലുള്ള പുത്തൻ മുതലാളിത്ത പ്രചരണങ്ങൾ നമ്മുടെ നാട്ടിൽ നടക്കുന്നു. അതിനെതിരായി ഒരു ശക്തമായ രൂപത്തിൽ നമ്മുടെ തൊഴിൽ വകുപ്പുമന്ത്രിക്ക് മുന്നോട്ടുവന്ന് കേരളത്തിലെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സാധിക്കുമോ ? ആ രൂപത്തിലുള്ള ഒരു വകുപ്പ് ഇവിടെ ഇല്ലാത്തതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. എ. എ. അസീസ് : ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ തൊഴിൽ വകുപ്പ് മുതലാളിമാർക്കു വേണ്ടിയുള്ള ഒരു വകുപ്പായി മാറിയിരിക്കുകയാണ്. തൊഴിൽ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മിനിമം വേജസ് നടപ്പാക്കുന്നതിനുവേണ്ടി എൻഫോഴ്സ്മെന്റ് വിഭാഗം യാതൊരു പ്രവർത്തനവും നടത്തുന്നില്ല. അവർ നടത്തുന്ന പ്രവർത്തനങ്ങൾ മുതലാളിമാർക്ക് മുൻകൂട്ടി അറിയിപ്പ് കൊടുത്ത് അവരെ സഹായിക്കുന്ന നടപടികളാണ് അവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. കേട്ടു കേൾവി പോലും ഇല്ലാത്ത സംഭവമാണ്. ബഹുമാന്യനായ സ്പീക്കർ തൊഴിൽ വകുപ്പുമന്ത്രി ആയിരുന്ന ആളാണ്. കശുവണ്ടി തൊഴിലാളികൾക്ക് മിനിമം വേജസ് വഴി തീരുമാനിക്കപ്പെട്ട കൂലി, ആ കൂലി കുറയ്ക്കണമെന്ന് നമ്മുടെ ലേബർ ഡിപ്പാർട്ടുമെന്റിന് മുതലാളിമാർ മെമ്മോറാണ്ടം കൊടുത്തപ്പോൾ, ആ കൂലി കുറയ്ക്കുന്നതിനെ സംബന്ധിച്ച് ഐ.ആർ.സി. അജണ്ഡയിൽ വയ്ക്കുവാൻ ധൈര്യം കാണിച്ച തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴുള്ളത്. അതുപോലെ തന്നെയാണ് നമ്മുടെ ലേബർ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡ്. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ക്ഷേമനിധി ബോർഡാണ്. ആ ക്ഷേമനിധി ബോർഡ് പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികളുടെ ക്ഷേമത്തെയാണ് പ്രധാനമായും ഊന്നൽ കൊടുത്തിരുന്നത്. അവർക്ക് ഒരു നേരത്തെ ആഹാരത്തിനു വേണ്ടിയിട്ടുള്ള പെൻഷൻ ഉൾപ്പടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ, നേരത്തെ ഇവിടെ പലരും സൂചിപ്പിച്ചതാണ്. പെൻഷൻ നൽകുന്നില്ല എന്നു മാത്രമല്ല കശുവണ്ടി പോലുള്ള വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലാളികളിൽ നിന്ന് പിടിക്കുന്ന അംശദായം, ആ അംശദായം ഇപ്പോൾ സ്ഥാപനങ്ങളുടെ നടത്തിപ്പിനുവേണ്ടി ലേബർ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് ശമ്പളമായി കൊടുക്കുകയാണ്. കശുവണ്ടി തൊഴിലാളികൾക്ക് ആറു കോടി രൂപയാണ് പെൻഷൻ കുടിശ്ശികയുള്ളത്. 50 പൈസ പ്രതിദിനം തൊഴിലാളികളിൽ നിന്ന് പിടിക്കുന്നതാണ്. ആ തൊഴിലാളികൾക്ക് വേണ്ടി എംപ്ലോയർ ഒരു രൂപയാണ് ഇടുന്നത്. അതു തന്നെ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ വന്ന ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുകയാണ്. ആറു കോടി രൂപ പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് പെൻഷനായി കൊടുക്കുന്നില്ല. കയർ തൊഴിലാളികളുടെയും, കശുവണ്ടി തൊഴിലാളികളുടെയും പരമ്പരാഗത വ്യവസായത്തിലെയും സംഘടിത വ്യവസായ മേഖലയിലെയും തൊഴിലാളികൾക്കുവേണ്ടിയുള്ള തൊഴിലാളി ക്ഷേമ പദ്ധതികളെല്ലാം ഇന്ന് നോക്കുകുത്തികളായിരിക്കുന്നു. ഇവിടെയെല്ലാം ഇപ്പോൾ എൻഫോഴ്സ്മെന്റിനുവേണ്ടി ഇൻസ്പെക്ടർമാരുണ്ട്. അവർ മുതലാളിമാരെ സഹായിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അവർ പറയുന്നത് ഗവൺമെന്റ് നയമാണ്. ഗവൺമെന്റ് നയത്തിന് ശക്തമായി എൻഫോഴ്സ്മെന്റ് വേണ്ട എന്നുള്ളതുകൊണ്ട് ഞങ്ങൾ പരിശോധിക്കുന്നില്ല എന്നുപറഞ്ഞ് കൈയൊഴിയുകയാണ്. അടച്ചിട്ടിരിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾ, നാൽപ്പതിനായിരം തൊഴിലാളികൾക്ക് കശുവണ്ടി മേഖലയിൽ മാത്രമായി ഇ.എസ്.ഐ ആനുകൂല്യമില്ല. നമ്മുടെ സംസ്ഥാനത്തെ ഈ.എസ്.ഐ. യുടെ സ്കീമിൽ വന്നിട്ടുള്ള ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾക്ക് ഇ.എസ്.ഐ. യിൽ നിന്ന് പ്രഥമികമായി ലഭിക്കേണ്ട മരുന്നു പോലും ലഭിക്കുന്നില്ല. നമ്മുടെ തൊഴിൽ വകുപ്പുമന്ത്രി തന്നെ കശുവണ്ടി വ്യവസായ മേഖലയിൽ നാൽപ്പതിനായിരം തൊഴിലാളികൾക്ക് ഈ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നില്ല എന്ന് രേഖാമൂലം മറുപടി നൽകിയതാണ്. ഒരിക്കൽ ഇ.എസ്.ഐ. അംഗമായിട്ടുള്ള തൊഴിലാളി ആ സ്ഥാപനം അടച്ചിടുന്നതുമൂലം അവർക്ക് ഇ.എസ്.ഐ. വഴിയുള്ള സഹായം നഷ്ടപ്പെട്ടാൽ വീണ്ടും അവർക്ക് സഹായം നൽകുന്നതിനുള്ള യാതൊരു ബാദ്ധ്യതയും ലേബർ ഡിപ്പാർട്ടുമെന്റ് പ്രാഥമികമായി ഉണ്ടാക്കിയിട്ടില്ല. പ്രാഥമികമായി ലഭിക്കേണ്ട യാതൊരു സഹായവും തൊഴിലാളികൾക്ക് നൽകുന്നില്ല. അതുപോലെ തന്നെ പത്ര പ്രവർത്തന സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ടുള്ള നയമാണ് ഈ ഗവൺമെന്റ് തുടരുന്നത്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. മഞ്ഞളാംകുഴിഅലി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ ഇരട്ടിയിൽ അധികവും സംഭാവന ചെയ്യുന്നവരാണ് നമ്മുടെ പ്രവാസി മലയാളികൾ. ഇരുപത്തഞ്ച് ലക്ഷത്തോളം വരുന്ന തൊഴിലാളികൾ കേരളത്തിലേക്ക് അയക്കുന്നത് ഒരു വർഷം ഇരുപത്തയ്യായിരം കോടി ഉറുപ്പികയിലധികമാണ്. മണലാരണ്യത്തിൽ ചോര നീരാക്കിയും, മുഖ്യമന്ത്രി പറയുന്നതുപോലെ എന്നും മുണ്ടു മുറുക്കിയുടുത്തും, വളരെ പാടുപെട്ടുമാണ് ഈ തുക അവർ അയച്ചുകൊടുക്കുന്നത്. നല്ല ഭക്ഷണം

LIBRARY ARCHIVES Kerala Legislative Assembly

കഴിക്കാതെയും നല്ല കിടക്കയിൽ കിടന്ന് ഉറങ്ങാതെയും കഴിയുന്ന അവർ മിക്കവരും വർഷങ്ങളോളം അവരുടെ ഇണകളുമായി ശാരീരിക ബന്ധം പോലും ഇല്ലാത്തവരാണ്. കേരളത്തിലെ പ്രവാസികളും ഇറാക്കി ജനതയും നമ്മുടെ മാറാട്ടു നിവാസികളും ഏകദേശം ഒരുപോലെയാണ്. നമ്മുടെ സ്വന്തം മണ്ണിന് അഭയാർത്ഥികൾ. ആർക്കും എപ്പോൾ വേണമെങ്കിലും എന്തും ചെയ്യാം. ചോദിക്കാനും പറയാനും ആരും ഇല്ലാത്ത അവസ്ഥയിലാണ്. ഗൾഫിൽ മരണപ്പെടുന്നവരുടെ കുടുംബത്തെ സഹായിക്കാനും, ജോലി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനും ആണ് എൽ.ഡി.എഫ്. സർക്കാർ വളരെ പ്രതീക്ഷയോടുകൂടി പ്രവാസി വകുപ്പ് രൂപീകരിച്ചത്. യു.ഡി.എഫ്. സർക്കാർ പ്രവാസി കാര്യങ്ങൾക്കുവേണ്ടി ഒരു മന്ത്രിയെത്തന്നെ നിയമിച്ചു എങ്കിലും വകുപ്പിന്റെ പ്രവർത്തനം കണ്ടാൽ ഇത് 'പ്രയാസി' വകുപ്പായി അധഃപതിച്ചോ എന്നു തോന്നും. ബഹുമാനപ്പെട്ട മന്ത്രി ഹസ്സന്റെ തല എല്ലാ ദിവസവും ടെലിവിഷനിൽ കാണാറുണ്ട്. പക്ഷെ ഈ ബഡ്ജറ്റിൽ കഴിഞ്ഞ വർഷത്തിനിടയിൽ ഒരു ഹെഡ് ഓഫ് അക്കൗണ്ട് പോലും സൃഷ്ടിക്കാൻ ഈ വകുപ്പിന് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഈ പ്രവാസി വകുപ്പിന്റെ ഏറ്റവും വലിയ വീഴ്ചയായിട്ട് നമ്മൾ കാണുന്നത്. നമ്മുടെ പഞ്ചായത്തിന്റെ ബഡ്ജറ്റിനെക്കാളും, ആ സംഖ്യയേക്കാളും എത്രയോ കുറവാണ് പ്രവാസി വകുപ്പിനുവേണ്ടി നീക്കി വച്ചിട്ടുള്ള സംഖ്യ. 92 ലക്ഷം ഉറുപ്പിക.

മി. സ്പീക്കർ : എന്നിട്ടും.. He has created a mountain out of nothing..

ശ്രീ. മഞ്ഞളാംകുഴി അലി : ഇരുപത്തയ്യായിരം കോടി ഉറുപ്പിക കിട്ടുന്ന വകുപ്പിന് 92 ലക്ഷം നീക്കി വയ്ക്കുക എന്നുള്ളത് ഒരിക്കലും ജസ്റ്റിഫൈ ചെയ്യാൻ കഴിയുകയില്ല. എല്ലാവരും ഒരുമിച്ച് നിഷേധിക്കണം. ഇതിൽ ഒരു മുക്കിന് പൊടി വാങ്ങാൻ പോലും പറ്റില്ല. ഇരുപത്തയ്യായിരം കോടി ഉറുപ്പിക നമുക്ക് ഫോറിൻ എക്സ്ചേഞ്ച് ആയി എക്സ്പോർട്ടിൽ നമുക്ക് ഇൻകം കിട്ടണമെങ്കിൽ കേന്ദ്ര ഗവൺമെന്റ് അതിന് 15%, 3,750 കോടി ഉറുപ്പികയോളം സബ്സിഡിയായിട്ട് കൊടുക്കുന്നുണ്ട്. നമുക്ക് ഫ്രീ ആയിട്ട് ഇരുപത്തയ്യായിരം കോടി കിട്ടിയിട്ടും ഇതുവരെയും ഒന്നും ചെയ്യുന്നില്ല. മന്ത്രി ആകെ കൊടുത്തത് കിലോ കണക്കിന് പ്രസ്താവനകൾ മാത്രമാണ്. വേറൊന്നും കൊടുത്തില്ല. വളരെ ഇമ്പോർട്ടന്റ് ആയിട്ടുള്ള കാര്യമാണ്. കൊട്ടിഘോഷിക്കപ്പെട്ട പ്രവാസി സ്വാശ്രയ പദ്ധതി, ഇതൊരു തട്ടിപ്പാണെന്ന് പ്രവാസികൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ സ്കീമിൽ ആരും തന്നെ ചേർന്നിട്ടില്ല. എൽ.ഐ.സി.ക്ക് അഡ്വാൻസായി രണ്ടു കോടി ഉറുപ്പിക കൊടുത്തിരുന്നു. അതിപ്പോൾ മടക്കി വാങ്ങുകയാണ്. കഴിഞ്ഞ പ്രാവശ്യം ചെയ്തതെന്താണ്. ചെറിയൊരു കാര്യം കൂടി പറയാനുണ്ട്. ഈ പ്രവാസിയെപ്പറ്റി വളരെ ആധികാരികമായി പറയാൻ പറ്റിയവരാരും ഇല്ല. ഞാൻ പത്തു മുപ്പത് വർഷം ഗൾഫിൽ ഉണ്ടായിരുന്ന ആളാണ്. അതുകൊണ്ടാണ് പറയുന്നത്. എനിക്ക് പറയാനുള്ളത് ഇതാണ്. വിദേശത്ത് വിവിധ രാജ്യങ്ങളിൽ എത്ര ആൾക്കാരുണ്ടെന്ന് പ്രവാസി വകുപ്പിനറിയില്ല. ജയിലിലുള്ള കുറെ ആളുകളുണ്ട്. അവരുടേതല്ലാത്ത കുറ്റത്തിന് വിസ തട്ടിപ്പിലും മറ്റും പെട്ട് കുറെ ആൾക്കാരുണ്ട്. അവരെ രക്ഷിക്കാൻ നോർക്കയോ, പ്രവാസി വകുപ്പോ ഒന്നും ചെയ്യുന്നില്ല. ഇതിനേക്കാൾ കൂടുതൽ കൈരളി ചാനലും, മലയാള മനോരമയും, മാധ്യമവും, മറ്റുള്ള ന്യൂസ് പേപ്പറുകളുമെല്ലാം ചെയ്യുന്നുണ്ട്. കഷ്ടപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രവാസികളെ സഹായിക്കാൻ വകുപ്പിന് കഴിയുന്നില്ലെന്നുണ്ടെങ്കിൽ എനിക്ക് പറയാനുള്ളത് ഈ വകുപ്പ് പിരിച്ച് വിടണമെന്നാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ശ്രീ. എ. കെ. ബാലൻ തൊട്ട് ശ്രീ. മഞ്ഞളാംകുഴി അലി വരെയുള്ള ആളുകളുടെ പ്രസംഗം ഞാൻ വളരെ സശ്രദ്ധം കേൾക്കുകയായിരുന്നു. പ്രവാസി വകുപ്പ് ഒന്നും ചെയ്തിട്ടില്ല എന്ന് മഞ്ഞളാംകുഴി അലി ഇവിടെ പറയുകയുണ്ടായി. ഏതായാലും ശരി കടലിന് ഇക്കരെയുള്ള ആളുകളെപ്പോലെ ജോലിക്ക് അപ്പുറത്ത് പോകുന്നവർക്ക്, ഒരു ബോധം വന്നിട്ടുണ്ട്. ഞങ്ങളുടെ പ്രശ്നം കേൾക്കാൻ ഒരു വകുപ്പുണ്ട്. ചില ചലനങ്ങളൊക്കെ നടക്കുന്നുണ്ട്. അൽഭുതമൊന്നും സൃഷ്ടിച്ചു എന്നൊന്നും ഞാൻ പറയുന്നില്ല. ഞങ്ങളുടെ കഷ്ടപ്പാട് കേൾക്കാൻ ആളുണ്ട് എന്ന ബോധം തീർച്ചയായും പ്രവാസികൾക്ക് ഉണ്ടാക്കാൻ ആ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. നല്ല കാര്യം. ഇവിടെ സംസാരിച്ച പ്രതിപക്ഷത്തുള്ളവർ പറഞ്ഞു, ഇവിടെ തൊഴിലാളി രംഗത്ത് പ്രശ്നങ്ങളുണ്ടെന്ന് ; ഉണ്ട് തീർച്ചയായിട്ടും ഉണ്ട്. കേരളപ്പിറവിക്കുശേഷം നമ്മുടേതല്ലാത്ത കാരണം കൊണ്ട് ഒരുപാട് മുൾക്കിരീടം ചാർത്താൻ വിധിക്കപ്പെട്ട ഒരു മന്ത്രിയാണ് ശ്രീ. ബാബു ദിവാകരൻ. ഇവിടെ പറഞ്ഞ തോട്ടം തൊഴിലാളികളുടെ കാര്യം കഷ്ടം തന്നെയാണ്. ആർക്കാണ് തർക്കമുള്ള കാര്യം. ദശാബ്ദങ്ങൾക്കു മുമ്പ് സുപ്രസിദ്ധ സാഹിത്യകാരനായ ഡോ. മുൾക്കരാജ് ആനന്ദ് "ടു ലീവ്സ് ആന്റ് എ ബഡ്" എന്ന ഒരു നോവൽ എഴുതിയിട്ടുണ്ട്. രണ്ട് ഇലയും ഒരു മൊട്ടും. കങ്കാടി സമ്പ്രദായം നിലനിന്നിരുന്ന കാലത്ത് തോട്ടംതൊഴിലാളികളുടെ പ്രശ്നമാണ് ഈ നോവലിലെ പ്രതിപാദ്യം. നമ്മുടെ ഇന്നത്തെ തോട്ടം തൊഴിലാളികളുടെ സ്ഥിതിവച്ച് നോക്കുകയാണെങ്കിൽ നോവലിൽ മുൾക്കരാജ് ആനന്ദ് പറഞ്ഞിട്ടുള്ള കഷ്ടപ്പാട് ഉണ്ടല്ലേ, അതിനേക്കാൾ വളരെയധികമാണ് ഇന്ന് തോട്ടം തൊഴിലാളികളുടെ കഷ്ടപ്പാട്. ഇറക്കുമതി നയത്തിന്റെ ഫലമായിട്ട് വന്നിട്ടുള്ളതാണ് ഈ പ്രതിസന്ധി. ഈ കാലം വരെ അത്രയും ലേ ഓഫ്, റിട്രേഞ്ച്മെന്റ്, ക്ലോഷർ ഒക്കെ ആയിരുന്നു നമ്മൾ കേട്ടിരുന്നതെങ്കിൽ, ഇന്ന് കേൾക്കുന്നത് മാനേജ്മെന്റ് മിസ്സിംഗ് എന്ന ഒരു പുതിയ പരിപാടിയാണ്. അതൊക്കെ നടക്കുന്ന കാലഘട്ടത്തിൽ ശ്രീ. ബാബു ദിവാകരൻ അദ്ദേഹത്തിന്റെ വകുപ്പ് ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന നല്ല കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. ചില ശുഭ ലക്ഷണങ്ങളുണ്ട്. തൊഴിൽ തർക്കങ്ങൾ തീരുന്നു. 'കാണം വിറ്റും ഓണം ഉണ്ണണം' എന്ന സ്ഥിതി ഉണ്ടാക്കുന്നതിന് പകരം ഓണം ബോണസ്സ് വാങ്ങി തന്നെ കഴിക്കാൻ കഴിയണം. സർ പൊതുമേഖലയുടെ കാര്യത്തിൽ ചെറിയ പുരോഗതി ഉണ്ടായിട്ടുണ്ട്. എംപ്ലോയ്മെന്റ് കാര്യത്തിലും റിവ്യൂ നടത്തിയ കണക്കാണ്. എസ്.എസ്.എൽ.സി. യിൽ താഴെയുള്ള ജോലി ഇല്ലാത്തവരുടെ കാര്യത്തിലും കുറവ് അനുഭവപ്പെട്ടു. ചെറിയ കാര്യങ്ങൾ ആണെങ്കിൽ പോലും വളരെ സീരിയസായിട്ടുള്ള കാര്യങ്ങളാണ്.

ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ വളരെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ വയ്ക്കാനാണ് ആഗ്രഹിക്കുന്നത്. ഒന്ന്, അങ്ങ് ലേബർ പോളിസി പ്രഖ്യാപിച്ചു. പക്ഷേ പ്രോഗ്രാം ഓഫ് ആക്ഷൻ ഉണ്ടോ ? ഏതു പോളിസിയും ഇംപ്ലിമെന്റ് ചെയ്യണമെങ്കിൽ പ്രോഗ്രാം ഓഫ് ആക്ഷൻ വേണം. അങ്ങയോട് ഞാൻ പറയുന്നത് ലേബർ പോളിസിയുടെ ചുവടുപിടിച്ച് പ്രോഗ്രാം ഓഫ് ആക്ഷൻ അടിയന്തിരമായി പ്രഖ്യാപിക്കണമെന്നാണ്. രണ്ടാമത്തെ സംഗതി സാമ്പത്തിക



LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണ ഉത്തരവിന്റെ പരിധിയിൽ വ്യവസായ തൊഴിലാളിയേയും പെടുത്തിയിരുന്നു. സർവ്വീസിൽ കയറി 2 വർഷം കഴിഞ്ഞവർക്ക് ബേയ്സിക് വേജസ് മാത്രം കൊടുക്കുന്ന ഞാൻ പറയുന്നത് ഇൻഡസ്ട്രിയൽ വർക്കർക്ക് അത് നടപ്പിലാക്കാനേ പാടില്ലായിരുന്നു. എന്തിനാണ് വ്യവസായ തൊഴിലാളികളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നത് ? സർക്കാർ ഓഫീസിൽ ഒരാളെ ജോലിക്ക് എടുക്കുന്നതുപോലെയല്ല വ്യവസായത്തിൽ തൊഴിലാളികളെ എടുക്കുന്നത്. അവർ 2, 3 കൊല്ലം കോട്രാക്ട് ലേബറും കാഷ്വൽ ലേബറുമായിട്ടാണ് കമ്പനിയിൽ വരുന്നത്. അവരെ ഈ സാമ്പത്തിക ഉത്തരവിന്റെ പർവ്യൂവിൽ നിന്ന് എടുത്തുകളയണമെന്നാണ് എനിക്ക് പറയാനുള്ളത്. പിന്നെ ലീവ് സറണ്ടറിന്റെ കാര്യം. സർക്കാർ ഓഫീസിൽ ലീവ് സറണ്ടർ വേണ്ട എന്നു വയ്ക്കുന്നതിലോ അത് നിയന്ത്രിക്കുന്നതിലോ അർത്ഥമുണ്ട്. വ്യവസായത്തിന് എന്തിനാണ് ലീവ് സറണ്ടർ വേണ്ടന്ന് വയ്ക്കുന്നത് ? ലീവ് സറണ്ടർ അനുവദിച്ചാൽ ഓവർടൈം കുറയുകയേയുള്ളൂ. അതുകൊണ്ട് വ്യവസായ തൊഴിലാളികൾക്ക് ലീവ് സറണ്ടർ അനുവദിക്കണം .....ഫിനാൻസ് മിനിസ്റ്ററും നിങ്ങളെല്ലാവരും കൂടി ആലോചിച്ചിട്ട് ഈ സാമ്പത്തിക പരിധിയിൽ ഇൻഡസ്ട്രിയൽ വർക്കറെ ഒഴിവാക്കണം. 3-ാമത്തെ കാര്യം, ലേബർ ലോ റിഫോംസിനെപ്പറ്റി ഒരുപാട് കാലമായിട്ട് പറഞ്ഞുകൊണ്ടിരിക്കുകയാണ്. 10-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കേണ്ട ലേബർ പരിഷ്ക്കാരങ്ങളെക്കുറിച്ച് പ്ലാനിംഗ് കമ്മിഷൻ, ശ്രീ.ഗുപ്ത ചെയർമാനായി ഉണ്ടാക്കിയ കമ്മിറ്റിയിലെ അവസാനത്തെ റെക്കമെന്റേഷനിൽ പറഞ്ഞിട്ടുള്ളത് ലേബർ ലാ റിഫോംസ് വളരെ അടിയന്തിരമായിട്ട് നടപ്പിലാക്കണമെന്നാണ്. ഏതാണ്ട് 28 നിയമങ്ങൾ,.... ശ്രീ.ആർ. ബാലകൃഷ്ണപിള്ള പറഞ്ഞതുപോലെ 100-ൽ അധികം നിയമങ്ങളുണ്ട്. 28-ൽ അധികം നിയമങ്ങൾ നമ്മൾ കൈകാര്യം ചെയ്യുന്നുണ്ട്. വളരെ വളരെ സങ്കീർണ്ണങ്ങളാണ് ഈ നിയമങ്ങൾ. നമ്മുടെ രാജ്യത്ത് വ്യാവസായിക രംഗത്ത് വന്നിട്ടുള്ള വ്യതിയാനങ്ങളെ കണ്ടുകൊണ്ടല്ല വെള്ളക്കാരൻ സായിപ്പ് എഴുതിവച്ച കാലത്തെ നിയമങ്ങൾ. ആ നിയമങ്ങൾ കാലാനുസൃതമായി മാറ്റണം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നത് ഇന്നത്തെ മറുപടി പ്രസംഗത്തിൽ അങ്ങ് പറയണം ഈ പഴകി ദ്രവിച്ച ലേബർലാസ് മാറ്റുന്നതിനുവേണ്ടി അങ്ങ് എന്താണ് ചെയ്യാൻ പോകുന്നത് ? മറ്റൊരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുന്നത് ലേബർ വെൽഫെയർ ഫണ്ടുകളെപ്പറ്റിയാണ്. നമുക്ക് ഒരുപാട് ഫണ്ടുണ്ട്. ഇവയ്ക്കെല്ലാംതന്നെ ഒരു കോ-ഓർഡിനേഷൻ ബോഡി വേണം. ഇത് അങ്ങ് ചർച്ച ചെയ്യണം. എന്തിനാണ് ഈ ചിന്നഭിന്നമായിട്ട് കിടക്കുന്ന വ്യത്യസ്ത ബോർഡുകൾക്ക് വ്യത്യസ്ത ഭരണസംവിധാനം എല്ലാ ബോർഡുകൾക്കും ഒരു അഡ്മിനിസ്ട്രേഷൻ സംവിധാനം പോരെ ? അതിന്റെ പണത്തെക്കാൾ ഇരട്ടി ചെലവാണ് അത് നടത്തികൊണ്ടുപോകാൻ. എന്തുകൊണ്ട് ഈ വെൽഫെയർ ബോഡികൾക്ക് ഒരു പൊതുബോഡി കൊണ്ടുവരുന്നതിനെ പറ്റി ആലോചിച്ചുകൂടാ ? ഇവരുടെയെല്ലാം അഡ്മിനിസ്ട്രേഷൻ സംബന്ധിച്ച കാര്യവും അങ്ങ് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് സിംപ്ലിഫിക്കേഷൻ ഓഫ് ദി പ്രോസ്സസ് ആണ്. നമുക്ക് ഇന്നറിയാം, എന്തുമാത്രം സങ്കീർണ്ണതയാണ്. ഒരു തൊഴിലുടമ എത്ര റിട്ടേൺസാണ് കൊടുക്കേണ്ടത് ? എത്ര സ്റ്റേറ്റ്മെന്റാണ് കൊടുക്കേണ്ടത്, എന്തെല്ലാം ഫോറങ്ങളാണ് സൂക്ഷിക്കേണ്ടിവരുന്നത് ? ഈ ആധുനികയുഗത്തിൽ എല്ലാറ്റിനുംകൂടി ഒരു ഫോർമാറ്റ് ഡെവലപ് ചെയ്തിട്ട് ഒരു തൊഴിലുടമ ഷോപ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly

കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമാകട്ടെ, ഇ.എസ്.ഐ. പ്രകാരമാകട്ടെ, ഏതു പ്രകാരമുള്ള പട്ടികയും ഒന്നിൽ സുക്ഷിക്കുന്നവിധത്തിൽ ക്രോഡീകരിച്ച് ഒരു ഫോറം കൊണ്ടുവന്നാൽ എന്തെന്ന് അങ്ങ് ആലോചിക്കണം. ഈ സെൽഫ് സർവ്വീസിനും അങ്ങനെ ചെയ്താൽ എന്താണ് ? അങ്ങ് ഗൗരവമായിട്ട് ഇതിനെപ്പറ്റി ചിന്തിക്കണം. മറ്റൊന്ന് എനിക്ക് പറയാനുള്ളത്, ഐ.ടി.ഐ.യുടെ നവീകരണത്തെ സംബന്ധിച്ചാണ്. നമ്മുടെ ഏറ്റവും വലിയ പ്ലസ് പോയിന്റ് എന്താണ് ? നമ്മുടെ പ്ലസ് പോയിന്റ് എന്നുപറയുന്നത് സ്കിൽഡ് ട്രെയിന്റ് മാൻപവറാണ്. നമ്മുടെ കൈയിൽ ധാതുസമ്പത്തില്ല. നമ്മുടെ കൈയിൽ മറ്റ് റിസോഴ്സില്ല. ലോകത്തോട് മൽസരിക്കാൻ നമ്മുടെ കൈയിലുള്ളത് നമ്മുടെ യുവാക്കളാണ്. ആ യുവാക്കളുടെ ട്രെയിനിംഗ് എന്നുപറയുന്നത് ഐ.ടി. ഐ. മുഖേന ചെയ്യേണ്ടതാണ്. ഐ.ടി.ഐ. യുടെ സംഗതി എന്താണ് ? 32 ഐ.ടി. ഐ. സർക്കാരിനുണ്ട്. 394 പ്രൈവറ്റ് ഐ.ടി.സി.കൾ ഉണ്ട്. പണ്ടേയ്ക്കുംപണ്ടേയുള്ള കോഴ്സുകൾ ആണ് ഇവിടെ നിലവിലുള്ളത്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ എംപ്ലോയ്മെന്റ് ഡിപ്പാർട്ടുമെന്റ് 34 കോഴ്സുകൾ പറഞ്ഞിട്ടുണ്ട്. അതിൽ ഒന്നുരണ്ടെണ്ണം വളരെ താൽപ്പര്യമെടുത്ത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയെ പ്രശംസിക്കുന്ന മറ്റൊരു കാര്യം, എൻ.സി.വി.ടി.യിൽ പോയിട്ട് അഫിലിയേഷന്റെ കാര്യത്തിൽ അദ്ദേഹം റിക്കാർഡ് വിജയം ഉണ്ടാക്കിക്കൊണ്ട് വന്നിട്ടുണ്ട്. പലതിനും ഇന്ന് അഫിലിയേഷനുണ്ട്. പക്ഷേ ഇത് പോരാ. ഐ.ടി.ഐ. കളിൽ പണ്ടത്തെ കാര്യങ്ങളുമായിട്ട് നിന്നിട്ട് എന്താണ് കാര്യം ? ഐ.ടി.ഐ. കൾക്ക് ഒരു സങ്കൽപ്പം എന്നുപറയുന്നത് തട്ടുക,മുട്ടുക,ഗ്രീസ് ആയാൽ പുറത്തുകാണാത്തവിധത്തിലുള്ള കുപ്പായം ഇടുക എന്നുള്ള കൺസെപ്റ്റിൽ നിന്നും മാറി ആധുനികയുഗത്തിൽ പുതിയ കോഴ്സുകൾ പഠിക്കാൻ കഴിയണം. ഹോട്ടൽ മാനേജുമെന്റ്, സർവ്വീസ് സെക്ടറിലേത്, ട്രാവൽ ആന്റ് ടൂറിസം, ഫാഷൻ ടെക്നോളജി ഈ രംഗത്തൊക്കെയുള്ള ധാരാളം സംഗതികളുണ്ട്. പക്ഷേ എന്താണ് പ്രശ്നം ? നമ്മുടെ നാടിന് ഒരു ചിന്തയുണ്ട് ? ഐ.ടി.ഐ. നടത്തുന്നതാകട്ടെ, സ്കൂൾ നടത്തുന്നതാകട്ടെ മാഷുമാർക്ക് ജോലിയുണ്ടാക്കാൻ എന്നാണ് ചിന്ത. ഐ.ടി..ഐ.യിൽ ഇപ്പോൾ പഠിപ്പിക്കുന്ന മാഷുമാർക്ക് പുതിയ കോഴ്സുകൾ പഠിപ്പിക്കാൻ പറ്റുകയില്ല. ഫിറ്ററും, വെൽഡറും, ടർണറും പഠിപ്പിക്കുന്ന മാഷിന് എങ്ങനെയാണ് ഫാഷൻ ടെക്നോളജി പഠിപ്പിക്കാൻ പറ്റുന്നത് ? അതിന് എന്തെങ്കിലും മാർഗ്ഗം വേറെ കണ്ടുപിടിക്കണം. ഐ.ടി.ഐ. എന്നുപറയുന്നത് മാഷുമാർക്ക് ജോലി കൊടുക്കാനുള്ള സംവിധാനമല്ല. മാറുന്ന ലോക സാഹചര്യമനുസരിച്ച് Trained skill manpower നമുക്ക് ഉണ്ടാക്കിക്കൊടുക്കാൻ പറ്റുന്ന സംവിധാനമാണ്. അതിനനുസരിച്ച് നമ്മുടെ ഐ.ടി.ഐ.കളിൽ നവീകരണത്തിന് അങ്ങ് വലിയ പ്രയോറിറ്റി കൊടുക്കണമെന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ടോപ് പ്രയോറിറ്റി അങ്ങ് അതിന് കൊടുക്കണം. നമ്മുടെ നാട്ടിൽ ചില ആശാവഹമായിട്ടുള്ള മാറ്റങ്ങൾ വരുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ മന്ത്രിയുടെ വകുപ്പിന്റെ പേരുതന്നെ മാറ്റണമെന്നാണ്. "Labour grievances redresses" അല്ല. ലേബർ ഡിപ്പാർട്ടുമെൻറ് എന്നുപറയുന്നത് തൊഴിൽ രംഗത്തെ ഉത്ഥാനചലനങ്ങളെ മനസ്സിലാക്കി, മാറ്റങ്ങളെ മനസ്സിലാക്കി നമ്മുടെ വ്യാവസായിക ബന്ധങ്ങളും നമ്മുടെ ഡെവലപ്മെന്റും നമ്മുടെ ഹ്യൂമൻ റിസോഴ്സസും എല്ലാം കൂടി കൈകാര്യം ചെയ്യുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പാണ്. നമ്മുടെ യൂണിയൻ ചർച്ചയിൽ പറയാറുണ്ട് Designation according to the nature of work എന്ന്. ജോലിയുടെ സ്വഭാവത്തിനനുസരിച്ച് ഈ വകുപ്പിന്റെ പേരുതന്നെ മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിൽ നമ്മൾ കാണേണ്ട ഒരു കാര്യം, ഇവിടെ ഇപ്പോൾ ആഗോളവൽക്കരണം പോലുള്ള സംഗതികളെപ്പറ്റി പറഞ്ഞു. ആഗോളവൽക്കരണം പോലുള്ള സംഗതികളോട് നമ്മൾ കലഹിച്ചിട്ടു കാര്യമില്ല. അത് ഒരു യാഥാർത്ഥ്യമായിട്ട് തീർന്നിരിക്കുകയാണ്. യാഥാർത്ഥ്യമായിട്ട് തീർന്ന സാഹചര്യത്തിൽ നമ്മുടെ വിഭവശേഷിയെ എങ്ങനെ ഉപയോഗപ്പെടുത്താം, എംപ്ലോയ്മെന്റ് മാർക്കറ്റിലേയ്ക്ക്, നമ്മുടെ ലോക മാർക്കറ്റിലേയ്ക്ക് എങ്ങനെ കുട്ടികളെ പിടിച്ചുനിർത്താൻ കഴിയണം എന്ന് നമ്മൾ നോക്കണം. ഏറ്റവും വലിയ പാഠം ചൈനയിൽ നിന്നും എന്നാണ് എന്റെ അഭിപ്രായം. ചൈന ഏറ്റവും നല്ല എക്സ്പിരിമെന്റാണ്. ചൈന സത്യത്തിൽ ചെയ്തതെന്താണെന്നുവച്ചാൽ അവരുടെ യുവാക്കളെ ട്രെയിൻ ചെയ്യുന്ന കാര്യത്തിൽ, പ്രത്യേകിച്ച് സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസിൽ ട്രെയിൻ ചെയ്യുന്ന കാര്യത്തിൽ വളരെ ദൂരം അവർക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞു. ഫ്രീ ഇക്കോണമി സോൺ വന്നതുകൊണ്ട് ലോകത്തിലെ ആർക്കും അവിടെവന്ന് സ്ഥാപനം തുടങ്ങാം എന്നുള്ള സ്വഭാവത്തിലേയ്ക്ക് ചൈന അവരെ വികസിപ്പിച്ചെടുത്തു. അതോടൊപ്പം തന്നെ ഐ.എം.എഫ്. പോലെയുള്ളവരുടെ റിജിഡായിട്ടുള്ള കണ്ടിഷൻസ് അവർ അംഗീകരിക്കാതിരുന്നു. അവർ ആ സമീപനം എടുത്തതിന്റെ ഫലമായി ലോകമാർക്കറ്റിൽ ഇന്ന് എന്താണ് സംഭവിക്കുന്നത് ? തിരുവനന്തപുരത്ത് എവിടെ ചെന്നാലും കാണാൻ സാധിക്കും ചൈനീസ് മാർക്കറ്റ്. 50 രൂപയ്ക്കും 100 രൂപയ്ക്കും കിട്ടുന്ന കളിക്കോപ്പ് ചൈനാക്കാരന് 25 രൂപയ്ക്ക് വിൽക്കാൻ കഴിയും. ചൈനാക്കാരൻ മനസ്സിലാക്കി എന്റെ കൈയിലുള്ള സമ്പത്ത് ഹ്യൂമൻ റിസോഴ്സസാണ്. ആ ഹ്യൂമൻ റിസോഴ്സസിന്റെ ലോക കമ്പോളത്തിലേയ്ക്കുള്ള പ്ലാനിന്റെ ഫലമായി ചൈനയ്ക്ക് കടന്നുവരാൻ പറ്റിയതുപോലെ നമുക്ക് പറ്റിയ കാര്യം എന്നുപറയുന്നത് നമ്മുടെ റിസോഴ്സസ് എന്നുപറയുന്നത് നമ്മുടെ യുവാക്കളാണ്. ആ യുവാക്കളുടെ കർമ്മശേഷി ഉപയോഗിക്കണമെങ്കിൽ നോളഡ്ജ് ബെയ്സ്ഡായിട്ടുള്ള ഒരു സമ്പദ്ഘടന നിലനിൽക്കുന്ന ഈ രാജ്യത്ത് നമുക്ക് ആരെക്കാളും മുൻപിൽ ഓടിയെത്താൻ കഴിയുമെന്ന കാര്യം നമ്മൾ ഗൗരവമായിട്ട് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ള മറ്റൊരു കാര്യം. അതുപോലെതന്നെ ഇതിൽ ശരിക്ക് ക്ലോസ് കോ-ഓർഡിനേഷൻ വേണം. വിദ്യാഭ്യാസ മന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, വ്യവസായ വകുപ്പുമന്ത്രി ഇവരുടേതായിട്ടുള്ള ക്യാബിനറ്റൊക്കെയുണ്ടെങ്കിൽ പോലും ഇവരുടെ സെക്രട്ടറിമാരുമൊക്കെ ഉൾപ്പെടുന്ന ഒരു പെർമനന്റ് ബോഡി സത്യത്തിൽ ഉണ്ടാകണം. തൊഴിൽ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് ഗൗരവമായ ചർച്ച ആവശ്യമാണ്. വളരെ കഷ്ടമാണ് ഇ.എസ്.ഐ.യുടെ കാര്യം. ബഹുമാനപ്പെട്ട മന്ത്രി ഡൽഹിയിൽ പോയി വളരെ താൽപ്പര്യമെടുത്ത് ചില കാര്യങ്ങൾ ചെയ്യുന്നുവെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ഏറ്റവും നല്ല ഒരു ലേബർ വെൽഫെയർ പദ്ധതി എന്ന നിലയിൽ. ആ കാര്യം കൂടി ഗൗരവമായി എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ രംഗത്ത് നല്ല മാറ്റങ്ങൾക്കു തുടക്കം കുറിച്ചിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രി എടുത്തിട്ടുള്ള ഈ നയപരിപാടികൾക്ക് പിന്തുണ എന്നുള്ള നിലയിൽ പറഞ്ഞുകൊണ്ട് ഈ ഡിമാന്റുകളെ ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ബാലറാം : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കുടുംബക്ഷേമ രംഗങ്ങളിൽ നമ്മുടെ സംസ്ഥാനം വികസിത രാജ്യങ്ങൾക്കൊപ്പം എത്തിനിൽക്കുന്നുണ്ടെങ്കിലും ഉൽപ്പാദനവും ഉൽപാദനക്ഷമതയും ഏറ്റവും കുറഞ്ഞ സംസ്ഥാനമായിട്ട് കേരളം മാറിയിരിക്കുകയാണ്. ഇതിനാണ് കേരള മോഡൽ ഇക്കോണമി എന്ന് നമ്മൾ വാഴ്ത്തപ്പെട്ടത്. കേരളത്തെ ദാരിദ്ര്യത്തിലേയ്ക്കും പട്ടിണി മരണത്തിലേയ്ക്കും തള്ളിവിടാതെ പിടിച്ചുനിർത്തിയത് പ്രവാസികളുടെ പണമാണ്. ഇവിടെ കഴിഞ്ഞദിവസം ധനകാര്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് 26,000-ൽപ്പരം കോടി രൂപയാണ് വിദേശികളിൽ നിന്നും ഒരു വർഷം നമ്മുടെ സംസ്ഥാനത്ത് എത്തിച്ചേരുന്നത് എന്ന്. അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക, ഏഷ്യൻ രാജ്യങ്ങൾ, സൗദി അറേബ്യ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിൽ ഏതാണ്ട് 25 ലക്ഷത്തിൽപ്പരം ആളുകൾ ജോലി ചെയ്യുന്നു. ഇത്രയുമധികം ജോലി ചെയ്യുന്ന ഈ ആളുകളെ സംബന്ധിച്ച് ഇത്രയും കാലമായിട്ട് നമുക്ക് ഒരു ഡാറ്റ ഇല്ല എന്നുള്ളതാണ് പ്രധാനമായിട്ടുള്ള കാര്യം. ഓരോ രാജ്യത്തും ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം എത്രയാണ്: അവരുടെ സാമ്പത്തിക, സാമൂഹിക സ്ഥിതി എന്താണ് എന്നുള്ളതിനെക്കുറിച്ച് ഒരു ഡാറ്റ ഉണ്ടാക്കാനുള്ള ശ്രമം നമ്മൾ ഇതുവരെ നടത്തിയിട്ടില്ല. അതുകൊണ്ട് ഒരു ബെയ്സിക് ഡാറ്റ അടിയന്തിരമായിട്ട് ഇക്കാര്യത്തിൽ ഉണ്ടാക്കേണ്ടതാണ്. എങ്കിൽ മാത്രമേ എന്തെങ്കിലും പദ്ധതികൾ ഉണ്ടാക്കാൻ നമുക്ക് സാധിക്കൂ. അതുപോലെതന്നെ കേരളത്തിനു പുറത്തുള്ള അയൽ സംസ്ഥാനങ്ങളിൽ ബോംബെ, മദ്രാസ്, തമിഴ്നാട്, കൽക്കട്ട തുടങ്ങിയ സംസ്ഥാനങ്ങളിൽ ജീവിക്കുന്ന കേരളീയരായിട്ടുള്ള മലയാളികൾ ഉണ്ട്. അവരെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തിന് ഒരു കണക്കില്ല. കേരളത്തിലെ സമ്പദ്ഘടനയിൽ നിർണായകമായിട്ടുള്ള സ്വാധീനം ചെലുത്തുന്ന ഈ വിദേശ മലയാളികളെ സംബന്ധിച്ച ഒരു ബെയ്സിക് ഡാറ്റ ഉണ്ടാക്കാനുള്ള ശ്രമം നമ്മുടെ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ആദ്യമായിട്ട് പറയാനുള്ളത്. ഈ ബെയ്സിക് ഡാറ്റ ഉണ്ടാക്കണമെങ്കിൽ ശാസ്ത്രീയമായിട്ട് അത് ചെയ്യാൻ കഴിയും. ഇപ്പോൾ ആധുനിക സൗകര്യങ്ങളുണ്ട്. അതിനും പുറമെ വോളന്ററി ഓർഗനൈസേഷനെ ഏൽപിച്ചാൽ പഞ്ചായത്തുതലത്തിൽ തന്നെ ഓരോ കുടുംബത്തിൽ ചെന്ന് ഇതിന്റെ ബെയ്സിക് ഡാറ്റ ഉണ്ടാക്കാം. വിദേശത്തുള്ള ആളുകളുടെ ഡാറ്റയും നമുക്കുണ്ടാക്കാൻ സാധിക്കും. അതിന് സർക്കാർ നടപടി എടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതുപോലെതന്നെ പ്രവാസികൾ എന്നുപറഞ്ഞാൽ പൊൻമുട്ടയിടുന്ന താറാവുകളാണ്. അവരെ ചൂഷണം ചെയ്യുന്ന ആളുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. മതസംഘടനയായാലും രാഷ്ട്രീയ പാർട്ടികളായാലും അവരുടെ സ്വന്തം കുടുംബക്കാർ തന്നെ അവർ കഷ്ടപ്പെട്ട് ഉണ്ടാക്കുന്ന പണത്തെ ചൂഷണം ചെയ്യുന്നു. അതുപോലെ തന്നെ അവരുടെ ക്ഷേമ കാര്യം അന്വേഷിക്കാൻ, അല്ലെങ്കിൽ അവരുടെ പ്രശ്നങ്ങൾ എന്ത് എന്ന് അന്വേഷിക്കാൻ വേണ്ടി ആഴത്തിലുള്ള ഒരു പഠനം നമ്മൾ ഇതുവരെ നടത്തിയിട്ടില്ല എന്നുള്ളതും ഏറ്റവും ദുഃഖകരമായിട്ടുള്ള കാര്യമാണ്. യൂറോപ്പിലും അമേരിക്കയിലും ജീവിക്കുന്നതുപോലെയല്ല ഗൾഫ് രാജ്യങ്ങളിൽ ജീവിക്കുന്നത്. ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു, അദ്ദേഹം 30 വർഷം ഗൾഫിലായിരുന്നുവെന്ന്. അദ്ദേഹം പോയതിനുശേഷം അവിടത്തെ സ്ഥിതി കുറച്ചുകൂടെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. ശ്രീ. എം. എം. ഹസ്സൻ മന്ത്രിയാവുകയും ശ്രീ. മഞ്ഞളാംകുഴി അലി അവിടംവിട്ട് പോവുകയും ചെയ്തതിനുശേഷം അവിടത്തെ സ്ഥിതി അൽപ്പം മെച്ചപ്പെട്ടിട്ടുണ്ടെന്നാണ് പറയുന്നത്. കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ വകുപ്പാണെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവാസി വകുപ്പിൽ ഒരു മണ്ണാങ്കട്ടയും നടന്നിട്ടില്ല. വെറും പ്രസ്താവനയല്ലാതെ ഒന്നും ചെയ്തിട്ടില്ല ശ്രീ. എം. എം. ഹസ്സൻ മന്ത്രിയായതിനുശേഷമാണ് അവർക്ക് അൽപ്പം ആശ്വാസമായത്. എന്തെങ്കിലും ചെയ്യാൻ കഴിവുള്ള മന്ത്രി എന്നുള്ള ധാരണയുണ്ടാകാൻ സാധിച്ചിട്ടുണ്ടെന്നു മാത്രമല്ല , ചെറിയ ചെറിയ കാര്യങ്ങൾ നടപ്പാക്കാനുള്ള ശ്രമമെങ്കിലും ഈ സർക്കാർ വന്നതിനുശേഷം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഗൾഫിൽ ജീവിക്കുന്ന ആളുകൾ ഇവിടെ എല്ലാപേരും സൂചിപ്പിച്ചതുപോലെ നമ്മുടെ എസ്റ്റേറ്റ് തൊഴിലാളികൾ ജീവിക്കുന്നതിനേക്കാൾ കഷ്ടപ്പെട്ടാണ് ജീവിക്കുന്നത്. ഒരു ചെറിയ ശതമാനം മാത്രമാണ് നല്ല ഉയർന്ന ശമ്പളം വാങ്ങുന്നവർ. നല്ല ബിസിനസൊക്കെയുള്ള ഒരു ചെറിയ ശതമാനമൊഴിച്ചാൽ ബാക്കിയുള്ളവരൊക്കെ വളരെയധികം കഷ്ടപ്പെട്ടും വേദനയും ബുദ്ധിമുട്ടും അനുഭവിച്ചും ജീവിക്കുന്നവരാണ്. നാലും അഞ്ചും വർഷമായിട്ട് നാട്ടിലേയ്ക്ക് വരാൻ വിമാനകൂലിപോലും ഇല്ലാത്ത ഗൾഫ് മലയാളികളുണ്ട്. ഇവിടെ വരുമ്പോൾ വലിയ പത്രാസിലൊക്കെ കാണും. ഗൾഫുകാരെ എല്ലാപേരേയും ഒരുപോലെയാണ് കാണുന്നത്. മീൻകാരൻപോലും ഗൾഫുകാർ എന്നു പറഞ്ഞാൽ മീനിന്റെ വില കൂട്ടുന്ന സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. അവിടെ ഒരു റൂമിൽ പത്തും പതിനഞ്ചും പേർ താമസിക്കുകയും കാക്കകൊള്ളാത്ത വെയിൽകൊണ്ട് പണിയെടുത്ത് ക്ഷീണിച്ച്, ചോര നീരാക്കി ജോലി ചെയ്യുന്ന പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ കാര്യങ്ങൾ സാധിക്കുവാനോ, മനസ്സിലാക്കുവാനോ ആരും തയ്യാറാവുകയില്ല. പലപ്പോഴും അത്തരത്തിലുള്ള ആളുകളാണ് ധാരാളമുള്ളതെന്ന് നാം കാണണം. നമ്മുടെ രാഷ്ട്രീയ പാർട്ടിയിൽപെട്ടവരിൽ പലരും ഗൾഫ് നാടുകളിലേയ്ക്ക് പോകുന്നുണ്ട്. അവരൊക്കെ വി.ഐ.പി.മാരെ കണ്ട് മടങ്ങി വരുന്നുവെന്നുള്ളതല്ലാതെ അവിടെ താമസിക്കുന്ന ആളുകളെ കാണാനോ അവരുടെ ദുരിതങ്ങൾ മനസ്സിലാക്കാനോ ആരും ഗൗരവമായി മിനക്കെട്ടിട്ടില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് അത്തരത്തിലുള്ള ആളുകളുടെ ഒരു ബേസിക് ഡേറ്റ നമ്മൾ ഉണ്ടാക്കുകയും അതിനുശേഷം അവർക്ക് ചെയ്യാവുന്ന സഹായങ്ങളൊക്കെ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ കോസ്റ്റൽ മേഖലയിൽ പ്രത്യേകിച്ച് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിലെ വീടുകളിലെ സ്ഥിതി നോക്കിയാൽ ഒരു വീട്ടിൽ നിന്ന് രണ്ടോ മൂന്നോ പുരുഷന്മാർ ഗൾഫിലാണ് എന്നു പറഞ്ഞാൽ അവർ സമ്പന്നരാണെന്നല്ല അർത്ഥം. സ്ത്രീകളും കുട്ടികളുമടങ്ങുന്ന അവരുടെ കുടുംബത്തെ ചൂഷണം ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥന്മാർ ഇന്നുണ്ട്. അവർക്ക് ബർത്ത് സർട്ടിഫിക്കറ്റോ മാര്യേജ് സർട്ടിഫിക്കറ്റോ, ഡിഗ്രി സർട്ടിഫിക്കറ്റോ കെട്ടിടത്തിന്റെ പ്ലാനിനുള്ള അപ്രൂവലോ വാങ്ങാൻ വില്ലേജ് ഓഫീസുകളിലോ, പഞ്ചായത്ത് ഓഫീസുകളിലോ, താലൂക്ക് ഓഫീസുകളിലോ, കളക്ടറേറ്റിലോ ചെന്നാൽ അവരെ നമ്മുടെ നാട്ടിലുള്ള ആളുകളെ നടത്തിക്കുന്നതുപോലെ തന്നെ കൂടുതൽ നടത്തിക്കുകയും അവരിൽ നിന്ന് കണ്ടമാനം പൈസ ഈടാക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാർ ഓഫീസുകളിൽ നിലനിൽക്കുന്നത്. ഗൾഫിൽ നിന്നും വരുന്ന ആളുകൾ വളരെ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട ആളുകളാണ്. രണ്ടും മൂന്നും വർഷം കൂടുമ്പോഴാണ് അവർക്ക് നാട്ടിലേയ്ക്ക് ഒരു മാസത്തെ ലീവിന് വരാൻ സാധിക്കുക. അങ്ങനെ ഒരു മാസത്തെ ലീവിൽ വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ ബന്ധുകുടുംബങ്ങളിൽ ഒക്കെയുള്ള വിസിറ്റ് കഴിഞ്ഞാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകളോ മറ്റു കാര്യങ്ങളോ സർക്കാർ ഓഫീസുകളിൽ നിന്ന് നേടിയെടുക്കാനുള്ള സമയം അവർക്ക് തീരെ കിട്ടുന്നില്ല. അത്തരത്തിലുള്ള ആളുകൾക്ക് ഒരു മാസത്തിനുള്ളിൽ അതൊന്നും ചെയ്തുതീർക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഗൾഫിലുള്ള ആളുകൾക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കാനുള്ള സംവിധാനം സർക്കാർ തലത്തിലുണ്ടാകണം. ഐഡന്റിറ്റി കാർഡ് കൊടുക്കുന്ന ആളുകൾക്ക് സർക്കാർ ഓഫീസുകളിൽ അവരുടെ കടലാസുകൾ ശരിയാക്കികിട്ടുന്ന കാര്യത്തിൽ പ്രത്യേകിച്ച് സ്ത്രീകളൊക്കെ അതിനുവേണ്ടി ചെല്ലുമ്പോൾ പ്രത്യേക പരിഗണന ലഭിക്കുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ ഒരു ക്യാബിനറ്റുതല ഡിസിഷൻ തന്നെ എടുക്കുന്നതാണ് നല്ലത്. അതിന് ജില്ലാ കളക്ടറും എസ്.പി.യും അടങ്ങുന്ന ഒരു സെൽ ജില്ലാതലത്തിൽ ഉണ്ടാക്കുകയും അവിടെ പരാതിയുള്ളവർക്ക് പരാതി കൊടുക്കാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്താൽ അത് ഉപകാരപ്രദമായിരിക്കും. പുരുഷന്മാർ ഗൾഫിലുള്ള വീടുകളിൽ കളവു നടന്നാൽ അതു സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ ഒരു പെറ്റിഷൻ കൊടുത്താൽപ്പോലും അതിന് പരിഹാരമില്ലെന്നു മാത്രമല്ല അങ്ങനെ കൊടുക്കുന്ന പെറ്റീഷന് ഇവർ ഗൾഫുകാരാണ്, വലിയ പൈസക്കാരാണ് എന്നുള്ള മിഥ്യയായ ധാരണയാണ് സർക്കാർ ഉദ്യോഗസ്ഥന്മാർക്കും പോലീസ് ഉദ്യോഗസ്ഥന്മാർക്കും ഉള്ളത്. അവരുടെ കൈയിൽ നിന്ന് പൈസ വാങ്ങുന്നതല്ലാതെ ഒരു സഹായവും ചെയ്തുകൊടുക്കുന്ന സമീപനം ആരുടേയും ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. ഗൾഫിൽ ഫാമിലിയായിട്ട് താമസിക്കുന്ന ആളുകളെ മാനസികമായി പീഡിപ്പിക്കുന്നതിനു പുറമെ അവരെക്കൊണ്ട് ഇതുപോലെ വളരെയധികം ചെലവഴിപ്പിക്കുന്ന സമീപനം ഉണ്ട്. ഇതിന് ഒരു തീരുമാനമുണ്ടാവുകയും ഐഡന്റിറ്റി കാർഡ് കൊടുക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. നേരത്തെ ശ്രീ. പ്രതാപൻ സൂചിപ്പിച്ചതുപോലെ വലിയ മുതൽമുടക്കില്ലാതെ 5കോടി 10 കോടി എന്നുള്ള മുതൽമുടക്കില്ലാതെ എരിപൊരി കൊള്ളുന്ന വെയിലത്ത് പണിയെടുത്ത് ഉണ്ടാക്കിയ നാലഞ്ച് ലക്ഷം രൂപ കൊണ്ട് വീട്ടിൽ വന്ന് സ്വസ്ഥമായി ജീവിക്കാൻ വേണ്ടി എന്തെങ്കിലും ചെറിയ വ്യവസായങ്ങൾ തുടങ്ങണമെന്ന് ആഗ്രഹിക്കുന്ന അളുകളുണ്ട്. അവർക്ക് വേണ്ട നിർദ്ദേശം കൊടുക്കാൻ, കേരളത്തിൽ വ്യവസായം തുടങ്ങാൻ എന്തൊക്കെ സാദ്ധ്യതകളുണ്ട് എന്നതിനെക്കുറിച്ച് അവബോധമുണ്ടാക്കാൻ യാതൊരു സംവിധാനവും ഇന്ന് നമ്മുടെ സംസ്ഥാനത്തില്ല. അതുകൊണ്ട് നമ്മുടെ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ... ഇൻഫർമേഷൻ ഓഫീസർമാരുടെ പ്രധാന ജോലി മന്ത്രിമാരുടെ പ്രസംഗങ്ങൾ പ്രസ്സ് റിലീസ് ഇറക്കുക എന്നുള്ളതല്ലാതെ കാര്യമായ

LIBRARY ARCHIVES Kerala Legislative Assembly

പണിയുണ്ടെന്നൊന്നും തോന്നുന്നില്ല. ഇൻഫർമേഷൻ ഓഫീസുകളിൽ ഫിനാൻഷ്യൽ എക്സ്പേർട്ടായ ആളുകളെ കൊണ്ടുവന്ന് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസിനെക്കുറിച്ചും, ടെക്നിക്കൽ കാര്യങ്ങളെക്കുറിച്ചും അവരെ ബോധവാന്മാരാക്കുന്നതിനുള്ള ഒരു സെൽ തുടങ്ങണം. അതിന് ഒരു ചെറിയ ഫീസ് ഈടാക്കിയാലും വിരോധമില്ല. തിരുവനന്തപുരത്ത് അങ്ങനെ ഒന്ന് തുടങ്ങിയിട്ടുണ്ട്. അതുപോലെ ഫിനാൻഷ്യൽ എക്സ്പേർട്ടിന്റെ സേവനം ഉണ്ടാകുന്ന രീതിയിലുള്ള ഒരു സെൽ ഓരോ ജില്ലയിലും ആരംഭിക്കുന്നത് വളരെ നന്നായിരിക്കും. ഗൾഫിൽ മാനുവൽ ലേബറിന്റെ കാലം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ സ്കിൽഡ് ലേബറിനാണ് സാദ്ധ്യതയുള്ളത്. ഇവിടെ പാരമ്പര്യമായിട്ട് തൊഴിലെടുക്കുന്ന ആശാരി, കൊല്ലൻ തുടങ്ങിയ പ്രവൃത്തിക്കാർക്ക് ജോലി കിട്ടാത്ത അവസ്ഥയാണ്. അവിടെ പുതിയ മെഷിനറിയും അതുപയോഗിക്കാനുള്ള പരിശീലനവും ആവശ്യമാണ്. അതുകൊണ്ട് പുതിയ ട്രെയ്ഡ് സെന്ററുകൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ച് താഴ്ന്ന വിദ്യാഭ്യാസമുള്ളവർക്ക് പുതിയ പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ച് അവരെ പരിശീലിപ്പിക്കുന്നത് നല്ലതാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യം ഏറ്റവുമധികം പുറംരാജ്യങ്ങളിൽ സാദ്ധ്യതയുള്ള ഒന്നാണ് നഴ്സിംഗ്. കേരളത്തിൽ നിന്ന് നഴ്സിംഗ് പാസ്സായ കുട്ടികൾക്ക് അവിടെ പോകണമെങ്കിൽ പ്രത്യേകമായ പരീക്ഷയുണ്ട്. അതിന് നമ്മുടെ സംസ്ഥാനത്ത് കോച്ചിംഗ് സെന്ററില്ല. കൊച്ചിയിൽ ഒരു എക്സാമിനേഷൻ സെന്ററുണ്ട്. കോച്ചിംഗ് സെന്റർ നമ്മുടെ സംസ്ഥാനത്തില്ല. പരീക്ഷ എഴുതണമെങ്കിൽ ചെന്നൈയിലോ, ബോംബെയിലോ പോകണമെന്നുള്ള സ്ഥിതിയാണ്. അതുകൊണ്ട് പരീക്ഷാ സെന്ററിനോടൊപ്പം തന്നെ കോച്ചിംഗ് സെന്ററുകൾ ജില്ലകളായ കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം തുടങ്ങിയ പ്രധാനപ്പെട്ട ജില്ലകളിൽ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിൽ തൊഴിലില്ലായ്മ ചൂഷണം ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാത്ത വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെ സംബന്ധിച്ച് ദിവസേന പത്രത്തിൽ വാർത്ത വരികയാണ്. വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾ മാന്യമായിട്ട് ജോലി നൽകാമെന്നു പറഞ്ഞ് സ്ത്രീകൾ ഉൾപ്പെടെയുള്ള ആളുകളുടെ കൈയിൽ നിന്ന് തോന്നിയമാതിരി പണം വാങ്ങിയിട്ട് അവരെ പറ്റിച്ച് ചിലരെ ഗൾഫിലേയ്ക്ക് കൊണ്ടുപോകുന്നുണ്ട്. ഗൾഫിൽ കൊണ്ടുപോയാൽ അവർക്ക് ആറു മാസം ഏഴുമാസമൊക്കെ പണിയെടുത്താലും ശമ്പളം കൊടുക്കാറില്ല. പാസ്സ്പോർട്ടും ഈ റിക്രൂട്ടിംഗ് ഏജൻസിയുടെ കയ്യിലായിരിക്കും. അവർക്ക് തിരിച്ചുവരാൻ വിമാനക്കൂലി കൊടുക്കാനും നിവൃത്തിയില്ല. അവിടെ ജീവിക്കാനും വയ്യ. പുറത്തോട്ട് ഇറങ്ങാനും പറ്റാത്ത സാഹചര്യങ്ങളിൽ കിടക്കുന്ന ആയിരക്കണക്കിന് ആളുകൾ ഇവിടെയുണ്ട്. അവരെ സംരക്ഷിക്കുന്നതിന് റിക്രൂട്ടിംഗ് ഏജൻസിക്കെതിരെ ഇപ്പോൾ കേസെടുക്കുന്നുണ്ട്. അത് വഞ്ചനാകുറ്റത്തിനുള്ള കേസു മാത്രമാണ്. അത് കുറേക്കൂടി കർശനമായ നിലയിൽ കേസെടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. കേന്ദ്ര സർക്കാർ അത്തരം കേസ് കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ പ്രവാസി വകുപ്പുമന്ത്രി കേന്ദ്രത്തിൽ പോവുകയും അവിടത്തെ മന്ത്രിമാരുമായി ബന്ധപ്പെടുകയും ചെയ്തതിനുശേഷം കേരളത്തിന് ദോഷകരമായ കാര്യങ്ങൾ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട് എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. അത് തീർച്ചയായും അഭിനന്ദനാർഹമാണ്. പ്രവാസി വകുപ്പ് വന്നതിനുശേഷം കുറെ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ, അതേ അവസരത്തിൽതന്നെ ഈ വകുപ്പിന് വേണ്ടത്ര പ്രാധാന്യം ഗവൺമെന്റ് കൊടുക്കുന്നില്ല എന്നുള്ള ദയനീയ

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. നളദമയന്തി കഥയിലെ ഹംസത്തെപ്പോലെ ശ്രീ. എം. എം. ഹസ്സൻ ഇന്ന് ഗൾഫിലേയ്ക്കും അവിടെനിന്ന് തിരിച്ചും സന്ദേശങ്ങൾ അയയ്ക്കുന്നതൊഴിച്ച് ആ വകുപ്പിന് പ്രത്യേകമായ പ്രാധാന്യം കൊടുക്കാൻ സർക്കാർ ഇതുവരെ തയ്യാറായിട്ടില്ലായെന്നത് ഖേദകരമായിട്ടുള്ള കാര്യമാണ്. നമ്മുടെ മുഖ്യമന്ത്രി ശ്രീ. എം. എം. ഹസ്സനുമായി വളരെ നല്ല ബന്ധമുള്ള ആളാണ്. ശ്രീ. എം. എം. ഹസ്സനോട് ഒരു ചെറിയ കാരുണ്യം കാണിക്കണം. അവിൽ പൊതിയുമായി കുചേലൻ ശ്രീകൃഷ്ണനെ സമീപിച്ചപ്പോൾ, ശ്രീകൃഷ്ണൻ കാണിച്ച ദയയെങ്കിലും ശ്രീ. എം. എം. ഹസ്സന്റെ കാര്യത്തിൽ കാണിക്കണം. അങ്ങനെ മുഖ്യമന്ത്രി ദയ കാണിക്കുമ്പോൾ ആ കയ്യിൽ കയറി പിടിക്കാൻ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തയ്യാറാകരുത് എന്നുകൂടി വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തൊഴിൽ വകുപ്പിനെ സംബന്ധിച്ചാണ് ചർച്ച നടക്കുന്നത്. ഇവിടെ ബഹുമാന്യരായ ചില അംഗങ്ങൾ മറ്റ് ചില ചർച്ചകളാണ് കൂടുതലും നടത്തിയത്. അതുകൊണ്ട് അതു സംബന്ധിച്ച് ഒന്നുരണ്ട് പോയിന്റുകൾ മാത്രം പറയുകയാണ്. സ്റ്റാലിനും കമ്മ്യൂണിസ്റ്റുകാരും വലിയ ക്രൂരന്മാരാണ്, ഏറ്റവും വലിയ ക്രൂരന്മാർ കമ്മ്യൂണിസ്റ്റുകാരാണ് എന്ന രൂപത്തിലാണ് ഇവിടെ ശ്രീ: പി. ടി. തോമസ് സംസാരിച്ചത്. രണ്ടാം ലോക മഹായുദ്ധത്തിൽ ഫാസിസത്തെ പരാജയപ്പെടുത്താൻ സ്റ്റാലിൻ ഇല്ലായിരുന്നുവെങ്കിൽ കഴിയുമായിരുന്നോ എന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. ഇൻഡ്യയുടെ പുരോഗതിക്ക് സ്റ്റാലിനും മറ്റും നല്കിയിട്ടുള്ള സംഭാവന ഏറ്റവും മഹത്തായിട്ടുള്ളതാണ്. പിന്നെ കമ്മ്യൂണിസ്റ്റുകാർ ക്രൂരതയുടെ പര്യായമാണ് എന്നാണ് പറഞ്ഞത്. ജീവിച്ചിരിക്കുന്ന രക്തസാക്ഷിയായ സൈമൺ ബ്രിട്ടോയുടെ ചരിത്രം ഞാൻ ശ്രീ. പി.ടി. തോമസിന് ഓർമ്മിപ്പിച്ചു തരേണ്ട കാര്യമില്ലല്ലോ; വണ്ടിപ്പെരിയാറിലെ അയ്യപ്പദാസിനെ കൊലപ്പെടുത്തിയതിന് നിങ്ങളുടെ ആളുകൾ ഇപ്പോൾ ജയിലിൽ കിടക്കുകയാണ്. മാത്രമല്ല വിനോദിനെ ഇരട്ടിയാറിൽ കൊലപ്പെടുത്തിയതും ഉണ്ട്. അങ്ങനെ മനുഷ്യസ്നേഹത്തിന്റെ പ്രാധാന്യം ഒന്നും നിങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്തേണ്ട കാര്യമില്ല എന്നാണ് എനിക്ക് തോന്നുന്നത്. പിന്നെ തൊഴിലാളികളുടെ ഇടയിലുള്ള അപചയം സംബന്ധിച്ച് ശ്രീ. ഷിബു ബേബിജോൺ പറയുകയുണ്ടായി. ചവറയിലെ ഐ.ആർ.ഇ. യിലും കരിമണലിലുമൊക്കെ നടക്കുന്ന അപചയം തുടങ്ങിവച്ചത് ആരാണെന്ന് പരിശോധന നടത്തുന്നത് നല്ലതാണ്. മാത്രമല്ല, എറണാകുളത്തെ കാര്യം പറഞ്ഞു. വയലാർ രവിയോട് എന്തെല്ലാം അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിലും അത് ഈ സഭയിൽ തന്നെ കൊണ്ടുവന്ന് വിളമ്പേണ്ട കാര്യമുണ്ടോ എന്നാണ് എനിക്ക് ന്യായമായും തോന്നിയ സംശയം. ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. ഇവിടെ തൊഴിൽ വകുപ്പ് എന്നൊരു വകുപ്പ് ഇപ്പോൾ നിലവിലുണ്ടോ ? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഈ വകുപ്പിന്റെ പേര് മാറ്റണം. തൊഴിൽ നശീകരണ വകുപ്പ് എന്നാക്കുന്നതാണ് ഏറ്റവും നല്ലത്. നിങ്ങളുടെ തൊഴിൽ നയം ഇവിടെ പറയുന്നുണ്ട്, ആ തൊഴിൽ നയത്തിൽ പറയുന്നത് സാങ്കേതികവും വിജ്ഞാനപരവുമായ വൈദഗ്ദ്ധ്യം ഏത് പ്രതികൂല സാഹചര്യത്തോടും വേഗം പൊരുത്തപ്പെടാനുള്ള സാമർദ്ധ്യമുള്ള മാനവ വിഭവശേഷി നമുക്കുണ്ട്. എന്നാൽ



LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപത്തിന് അനുകൂലമായ ഘടകം ഈ മാനവവിഭവശേഷിയാണ് എന്നുള്ളത് ബോദ്ധ്യപ്പെടുത്താൻ കഴിയാത്തതാണ് ദൗർബല്യം. ആ ദൗർബല്യം നിങ്ങൾ നീക്കിക്കൊണ്ടിരിക്കുകയാണ് ഭംഗിയായി. അത് സംഘടിത മേഖലയെ തകർത്തുകൊണ്ടാണ്, പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തുകൊണ്ടാണ് നിങ്ങൾ ഈ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. എ.ഡി.ബി.യാണ് ഇതിന് എല്ലാ നിർദ്ദേശവും നൽകികൊണ്ടിരിക്കുന്നത്. നിങ്ങളുടെ തൊഴിൽ നയത്തിന്റെ ഭാഗമായി ആദ്യമേ തന്നെ നിങ്ങൾ ചുമട്ടുതൊഴിലാളിയെ പിടിച്ചുപറിക്കാരായും സാമൂഹ്യവിരുദ്ധരായും പ്രഖ്യാപിച്ചുകൊണ്ട് 602 രൂപ വാങ്ങിച്ചു. ഇനി രൂപ നിങ്ങൾക്ക് കിട്ടണമെങ്കിൽ അടുത്ത നിയമം പാസ്സാക്കി കൊടുക്കണം. ആ നിയമം പാസ്സാക്കുന്ന ജോലിയിലാണ് ഇപ്പോൾ തൊഴിൽവകുപ്പ് ഏർപ്പെട്ടിരിക്കുന്നത്. നിയമ പരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ആ നടപടി തുടരുകയാണ്. Industrial Employment Prohibition of Objection Practice എന്നൊരു ബില്ല് നിങ്ങൾ കൊണ്ടുവരുന്നുണ്ട്. ആ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? അതിലെ വ്യവസ്ഥകൾ എന്താണ് പറയുന്നത്? തൊഴിലാളിയും തൊഴിൽ സംഘടനയും രാഷ്ട്രീയ പാർട്ടിയും വ്യവസായം തുടങ്ങുന്ന തദ്ദേശ മേഖലയിലെ ജനങ്ങളും ഇവിടെ വ്യവസായം വരുന്നതിനും വ്യവസായ വളർച്ചയ്ക്കും വ്യവസായികൾക്കും എതിരാണ് എന്ന് വ്യാഖ്യാനിക്കുകയാണ് ഈ ബില്ലിൽ ചെയ്തിരിക്കുന്നത്. ഇത് ആർക്ക് വേണ്ടിയാണ് നിങ്ങൾ ചെയ്യുന്നത്? സംഘടിത മേഖലയിൽ ബാക്കിയുള്ള വിഭാഗത്തെക്കൂടി തകർക്കുകയും അവരെ അപമാനിക്കുകയും ചെയ്യുന്ന ഒരു വകുപ്പായിട്ടാണ് മാറിയിരിക്കുന്നത്. Kerala Industrial Establishments National Holidays and Festival Holidays എന്നുപറയുന്ന ബില്ല് നിങ്ങൾ പാസ്സാക്കുവാൻ പോവുകയാണ്. ആ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്, ഇന്ന് സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും തിരികെ പിടിക്കുന്നതിനാണ്. അതിനുവേണ്ടിയുള്ള ബില്ലാണിത്. ആ നിലയിൽ കരുതിക്കൂട്ടി കൊണ്ടുവന്നിരിക്കുന്നതാണ്. ഇരുപത് തൊഴിലാളികൾ ജോലി എടുക്കുന്ന സ്ഥാപനങ്ങളിൽ അമ്പത് തൊഴിലാളികൾ ഉണ്ടെങ്കിൽ മാത്രമേ നിയമം ബാധകമാകൂ എന്നാണ് അതിൽ ശുപാർശ ചെയ്തിരിക്കുന്നത്. മാത്രമല്ല, ഇപ്പോൾ Kerala Shops and Establishments Bill ഭേദഗതി ചെയ്യാൻ പോവുകയാണ്. ആ ഭേദഗതി ബില്ലിന്റെ പ്രാധാന്യം എന്താണ്? 90 ദിവസം ജോലി ചെയ്യുന്ന തൊഴിലാളിയെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് നമ്മുടെ രാജ്യത്ത് പൊതുവായി നിയമം അംഗീകരിക്കപ്പെട്ടിരിക്കുന്നതാണ്. അത് രണ്ടു വർഷമാണെങ്കിൽ അംഗീകരിച്ചാൽ മതിയെന്നുള്ള നിയമമാണ് നിങ്ങൾ കൊണ്ടുവരുന്നത്. ഈരുപത്തിൽ തൊഴിലാളികളെ ദ്രോഹിക്കുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പായി ഈ വകുപ്പിനെ അധഃപ്പതിപ്പിച്ചിരിക്കുകയാണ് കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ശ്രീ. ബാബു ദിവാകരനും അദ്ദേഹത്തിന്റെ വകുപ്പും. അങ്ങനെയാണ് എന്നുപറയാതിരിക്കുവാൻ കഴിയില്ല. ഇവിടെ ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞത് തൊഴിൽ പ്രശ്നങ്ങളൊക്കെ തീർന്നുകൊണ്ടിരിക്കുന്നു എന്നാണ്. ഏത് തൊഴിൽ പ്രശ്നമാണ് തീർന്നത്. പരമ്പരാഗത കള്ള് ചെത്ത്, തോട്ടം, ബീഡി, കയർ, കൈത്തറി, ഈറ്റ, പനമ്പ് തുടങ്ങിയ മേഖലകളിൽ ഏത് വ്യവസായ മേഖലയിലെ പ്രശ്നമാണ് പരിഹരിക്കപ്പെട്ടത്? ഒരു മേഖലയിലെ പ്രശ്നംപോലും പരിഹരിക്കപ്പെട്ടിട്ടില്ല. നിങ്ങൾ ഇരിക്കുന്ന കസേര വളരെ മാഹാത്മ്യം ഉള്ളതാണ്. മത്തായി മാഞ്ഞൂരാൻ, ടി. വി. തോമസ് അതുപോലെ നമ്മുടെ പ്രിയങ്കരനായ ശ്രീ. ബേബി ജോൺ, അങ്ങയുടെ അച്ഛൻ ഇവരെല്ലാം ഇരുന്നിട്ടുള്ളതാണ്. അവർ എങ്ങനെയാണ് തൊഴിൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്തത്? നൂറുകണക്കിനു

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ കെട്ടിക്കിടക്കുമ്പോൾ ആ പ്രശ്നങ്ങൾ തീർക്കണമെന്ന നിലയിൽ ലേബർ കമ്മീഷണർ ഓഫീസിൽനിന്ന് പരാജയപ്പെട്ടുവരുന്ന കേസ്സുകൾ പുലരുവോളം ഇരുന്ന് ചർച്ച ചെയ്ത് അവയ്ക്ക് പരിഹാരം കാണാൻ പരിശ്രമിക്കുന്ന ലേബർ മന്ത്രിമാരാണ് ഈ കസേരയിൽ ഇരുന്നിട്ടുള്ളത്. നമ്മുടെ സ്പീക്കറും ആ സ്ഥാനത്ത് ഇരുന്നിട്ടുണ്ട്. ഏത് തൊഴിൽ മേഖലയാണ് നിങ്ങൾ പരിഹരിക്കപ്പെട്ടിരിക്കുന്നത് ? ഒരു മേഖലയിലെ പ്രശ്നവും പരിഹരിക്കുവാൻ കഴിഞ്ഞില്ല. എന്താണ് തോട്ടം മേഖലയിലെ പ്രശ്നം ? കേരളത്തിലെ ജനസംഖ്യയിൽ 17 ശതമാനം ഉപജീവനം തേടുന്നത് തോട്ടം മേഖലയെ ആശ്രയിച്ചാണ്. മൂന്നു ലക്ഷത്തിലധികം തൊഴിലാളികളുള്ള ഈ മേഖലയുടെ സ്ഥിതി എന്താണ്? 23 തോട്ടങ്ങൾ അടച്ചു. 23000 തൊഴിലാളികൾക്ക് ജോലി ഇല്ല. 23 പേർ ആത്മഹത്യ ചെയ്തു. 18 പേർ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലാണ്. എന്തെങ്കിലും പരിഹാരം കാണാൻ കഴിഞ്ഞോ? നിങ്ങൾ സൗജന്യ റേഷൻ കൊടുക്കുമെന്ന് പറഞ്ഞിട്ട് ഒരുമാസം കൊടുത്ത് അവസാനിപ്പിച്ചില്ലേ ? അവിടെ തൊഴിലാളികൾ പട്ടിണിമൂലവും മറ്റ് കാരണത്താലും ആത്മഹത്യ ചെയ്യുകയാണ്. പട്ടിണിയും പരിവട്ടവുമായി ജീവിക്കുവാൻ യാതൊരു ആശ്രയവും ഇല്ലാത്ത ഒരു പരിതസ്ഥിതി അവിടെ നിലനിൽക്കുകയാണ്. ഭരണപക്ഷത്തെ ചില മെമ്പർമാർ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റിന്റെ സൗന്ദര്യം വഴിഞ്ഞൊഴുകികൊണ്ടിരിക്കുകയാണ് അതുകൊണ്ടാണ് പ്രതിപക്ഷം എതിർക്കുന്നതെന്ന്. ഈ രൂപത്തിലാണോ വഴിഞ്ഞൊഴുകുന്നത് ? തോട്ടം തൊഴിലാളികളുടെ ജീവിതംകൊണ്ട് പന്താടുകയാണ് നിങ്ങൾ. നിങ്ങൾ ഈ രാജ്യത്തെ സമ്പന്നരെ മാത്രമാണ് സംരക്ഷിക്കുന്നത്. അതിനപ്പുറത്തേയ്ക്ക് ചിന്തിക്കുവാൻ കഴിയാത്തവരാണ്. കള്ള് ചെത്ത് മേഖലയിലെ സ്ഥിതി എന്താണ് ? പതിനായിരം തൊഴിലാളികൾക്ക് ഇന്ന് ജോലി ഇല്ലാത്ത അവസ്ഥ ഉണ്ടായി. അതിന് ആരാണ് ഉത്തരവാദി ? കഴിഞ്ഞ തെരഞ്ഞടുപ്പിൽ ഇവിടെ വ്യാജ വോട്ട് കച്ചവടത്തിന്റെ ഭാഗമായി, ഉപകാരസ്മരണയുടെ ഭാഗമായി, നിങ്ങൾ കള്ള് ചെത്ത് വ്യവസായത്തെ തകർത്തു. അതിന്റെ ഭാഗമായി രണ്ടായിരം ഷാപ്പുകളാണ് നിർത്തിയത്. പൊതുമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ ഇന്ന് അക്ഷരാർത്ഥത്തിൽ ഇല്ലാതാക്കിയിരിക്കുകയാണ്. ആരാണ് ഉത്തരവാദി ? ഇവിടെ വ്യാജമദ്യ ലോബിയും സ്പിരിറ്റ് ലോബിയും അഴിഞ്ഞാടുകയാണ്. ഒമ്പത് മദ്യദുരന്തങ്ങളാണ് ഉണ്ടായത്. 14 പേരാണ് മരിച്ചത്. നിരവധിപ്പേർക്ക് കാഴ്ച നഷ്ടപ്പെട്ടു. ഈ സ്ഥിതിയിൽ കേരളത്തെ നാലുകാലിലാക്കിയതിന് ഈ ഗവൺമെന്റിന് ഉത്തരവാദിത്തമില്ലേ ? പതിനായിരകണക്കിന് തൊഴിലാളികളുടെ ജോലി നിങ്ങൾ ഇല്ലാതാക്കിയില്ലേ ? അത് മാത്രമോ; കശുവണ്ടി രംഗത്തെ സ്ഥിതി എന്താണ് ? നിങ്ങൾ തൊഴിലാളിയായി ജീവിതം ആരംഭിച്ച ആളാണല്ലോ, നിങ്ങൾ ഈ കസേരയിൽ ഇരിക്കുന്ന ആളാണല്ലോ, നിങ്ങളുടെ ജില്ലയിലാണ് ലക്ഷക്കണക്കിനുവരുന്ന കശുവണ്ടി തൊഴിലാളികൾ സമരം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള കാഷ്യൂ കോർപ്പറേഷനിലേയും സഹകരണ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് 10 ദിവസത്തെ ജോലി കൊടുക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ ; കഴിഞ്ഞില്ലല്ലോ ? കഴിഞ്ഞില്ല എന്നുമാത്രമല്ല സമ്പന്നരായ ഒരു വിഭാഗം ആളുകൾക്കുവേണ്ടി അവിടെ ചെറുകിട ഉൽപ്പാദകരെയും തൊഴിലാളികളെയും കൊള്ളയടിക്കുന്നതിനു വേണ്ടിയുള്ള സൗകര്യമാണ് ഒരുക്കിക്കൊടുത്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കശുവണ്ടി മേഖലയിൽ 4 പേർ ആത്മഹത്യ ചെയ്തില്ലേ ? കയർ മേഖലയിലെ സ്ഥിതി എന്താണ് ? അവിടെ ഒരു കയർ ബോർഡുണ്ട്. ആ കയർ ബോർഡിന് ചെയർമാൻ മാത്രമേയുള്ളൂ. നിയമവിരുദ്ധമായ നടപടിയല്ലേ അത്. 4 ലക്ഷത്തിലധികം പേർ അവിടെ ജോലി ചെയ്യുകയാണ്. 12 പേർ ആത്മഹത്യ ചെയ്തു. 3 ലക്ഷത്തിലധികം പേർക്ക് ജോലി നഷ്ടപ്പെട്ടിരിക്കുകയാണ്. എന്തു നടപടിയാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത് ? ഒരു നടപടിയും സ്വീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലായെന്നു മാത്രമല്ല, കായലോരത്തെ കയർത്തൊഴിലാളികളുടെ ജീവിതം അതിഭീകരമായ രൂപത്തിൽ തകർന്ന് തരിപ്പണമാകുമ്പോൾ അവർക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ കയ്യും കെട്ടിയിരിക്കുന്ന ഒരു വകുപ്പാണിത്. ഇവിടത്തെ പത്തു മുപ്പതു കയറ്റുമതി മുതലാളിമാർക്കുവേണ്ടിയാണ് നിങ്ങൾ നിൽക്കുന്നത്. ഒന്നര ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന കൈത്തറി മേഖലയുടെ സ്ഥിതി എന്താണ് ? നമ്മുടെ വടക്കൻ കേരളത്തിൽ ഈ മേഖലയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന വലിയൊരു ജനവിഭാഗമില്ലേ ? ആ മേഖലയാകെ തകർന്നു തരിപ്പണമായി. ഈ ഗവൺമെന്റ് എന്താണ് ചെയ്യുന്നത് ? എന്തെങ്കിലുമൊരു പ്രോഗ്രാം ഉണ്ടോ ? ഏതു പ്രശ്നമാണ് പരിഹരിച്ചു എന്നു പറയുന്നത്. ഈറ്റ രംഗത്തെ പ്രശ്നമാണോ. ബീഡി വ്യവസായ രംഗത്തെ പ്രശ്നമാണോ ? ഏതു രംഗത്തെ പ്രശ്നം പരിഹരിച്ചു എന്നാണ് പറയുന്നത് ? കൺസ്ട്രക്ഷൻ മേഖലയിൽ മണൽ മാഫിയ അഴിഞ്ഞാടുകയാണ്. പ്രാദേശികമായ പല മേഖലകളിലും കടത്തുകാരായി പ്രവർത്തിക്കുന്നത് ആരാണ് ? ഭരണകക്ഷിയുടെ പ്രാദേശിക നേതാക്കന്മാരാണ്. വ്യക്തമായ തെളിവുകൾ ഹാജരാക്കാൻ കഴിയുന്നതാണ്. മറ്റൊരു വകുപ്പ് ഇൻഫർമേഷൻ വകുപ്പാണ്. അതിന്റെ ജോലി എന്താണ് ? സാക്ഷരകേരളമാണിത്. ഗവൺമെന്റുകൾ എടുക്കുന്ന നടപടികൾ ജനങ്ങളെ അറിയിക്കാനുള്ള പ്രധാനപ്പെട്ട വകുപ്പാണിത്. ഈ വകുപ്പിൽ നമ്മുടെ ജില്ലകളിലെ പ്രവർത്തനമെന്താണ് ? എന്തെങ്കിലും പ്രവർത്തനം നടക്കുന്നുണ്ടോ ? എന്തിനാണ് ഈ വകുപ്പ് ? എന്തിനാണ് ഇതിന് പൈസ മുടക്കുന്നത് ? പത്രസമ്മേളനം നടത്താൻ വേണ്ടി മാത്രമാണോ ഈ വകുപ്പ് ? ഈ നിലയിൽ എല്ലാ രംഗത്തും പരാജയപ്പെട്ട ഒരു വകുപ്പും ഒരു ഗവൺമെന്റുമാണ് ഈ സംസ്ഥാനത്ത് ഭരിച്ചുകൊണ്ടിരിക്കുന്നത് ; മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ ഇത് ലാസ്റ്റ് ബസ്സാണെന്നും ഈ ബസ്സിൽ കയറിയില്ലെങ്കിൽ ഇതോടുകൂടി പോകുമെന്നാണ് പറഞ്ഞത്. പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുത്തിക്കൊണ്ട് അവർക്കു നേരെ ക്രൂരമായ മർദ്ദനം നടത്തി, ചെത്തുതൊഴിലാളികളെ കേരളത്തിലാകെ അടിച്ചുകിടത്തിയിട്ട്, ഇതെല്ലാം ചെയ്തതിനുശേഷം സമവായം ഉണ്ടാക്കണമെന്നു പറഞ്ഞാൽ എങ്ങനെ സമവായം ഉണ്ടാക്കും ? ഈ വണ്ടിയിൽ എങ്ങനെയാണ് കയറുന്നത് ? നിങ്ങളുടെ കൂടെയുള്ള മുഴുവൻപേരും കയറാത്ത വണ്ടിയല്ലേ ? ഈ വണ്ടിയിൽ കയറാതെ 26 പേർ പുറത്തു നിൽക്കുകയല്ലേ, നമ്മുടെ നാട്ടിൻപ്രദേശത്ത് ഒരു വണ്ടി ഓടി ടോപ്ഗിയറിൽ വന്നിട്ട് മലയുടെ മുകളിൽക്കയറും. വണ്ടി ഓടുന്ന കണ്ടാൽ തോന്നും മലയുടെ മണ്ടയിൽ കയറിപ്പോകുമെന്ന്. പക്ഷേ പകുതിയാകുമ്പോൾ വണ്ടി റിവേഴസ് ഗിയറിൽ വരും. ശ്രീ. എ. കെ. ആന്റണിയിടെ ഗവൺമെന്റ് റിവേഴ്സ് ഗിയറിൽ പുറകോട്ട് ഓടുകയാണ്. ഇതിൽ നിന്ന് ചാടി രക്ഷപ്പെടുന്നവർക്കു മാത്രമേ രക്ഷപ്പെടാൻ കഴിയൂ. അതുകൊണ്ട് തൊഴിലാളിദ്രോഹപരമായ നടപടി എടുക്കുന്ന തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാത്ത ഈ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഇവിടെയുള്ളതിനേക്കാൾ കൂടുതൽ തൊഴിലാളികൾ പുറത്താണ്. അവരുടെ കാര്യവും പറയണം. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെയും നോർക്ക വകുപ്പിന്റേയും പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ബഹുജനസമ്പർക്ക വകുപ്പാണ് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കാനും ജനങ്ങൾക്ക് പല കാര്യങ്ങളും അറിയാനുള്ള അവസരമുണ്ടാക്കിക്കൊടുക്കാനുമുള്ള വകുപ്പാണ്. മാധ്യമരംഗത്ത് വമ്പിച്ച വിപ്ലവം നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ആധുനികവൽക്കരണം നടത്തി ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറേക്കൂടി മെച്ചപ്പെടുത്താനുള്ള ശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. പൂർണ്ണമായും ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരിച്ച് കൂടുതൽ ആധുനികവൽക്കരണം നടത്തി പുതിയ മീഡിയയുമായി താദാത്മ്യം പ്രാപിച്ചുകൊണ്ട് ഗവൺമെന്റ് പ്രവർത്തനങ്ങളെ ജനങ്ങളിലേയ്ക്ക് എങ്ങനെ എത്തിക്കാൻ കഴിയുമെന്നുള്ളതാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അച്ചടി മാധ്യമങ്ങൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ എന്നിവയെല്ലാം തന്നെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ജനങ്ങളെ അറിയിക്കുന്നതിന് പ്രയോജനപ്പെടുത്താൻ ഉപയോഗിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അച്ചടി മാധ്യമങ്ങൾ മാത്രമുള്ള കാലത്താണ് പരസ്യത്തിനു വേണ്ടി തുക മാറ്റിവച്ചതെന്ന് ശ്രീ. തമ്പാനൂർ രവി പറയുകയുണ്ടായി. ഇന്ന് മാധ്യമങ്ങളുടെ വൈപുല്യം കണക്കിലെടുത്ത് ദൃശ്യ മാധ്യമങ്ങളിലേയ്ക്കു കൂടി നമുക്ക് കടന്നുവരണമെന്നുണ്ടെങ്കിൽ കൂടുതൽ പണം ആവശ്യമാണ്. പ്രസാർ ഭാരതി കോർപ്പറേഷന്റെ അധികൃതരുമായി നമ്മൾ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ദൂരദർശനും എ.ഐ.ആർ-ഉം വർക്കിംഗ് ഡേയ്സിൽ അര മണിക്കൂർ സമയം ഗവൺമെന്റിനുവേണ്ടി പ്രത്യേക സ്ലോട്ട് വിട്ടുതരാൻ തയ്യാറാണെന്ന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ വികസനപ്രവർത്തനങ്ങളും പ്രധാനപ്പെട്ട വാർത്തകളും പ്രക്ഷേപണം ചെയ്യാനും സംപ്രേഷണം ചെയ്യാനും ഉള്ള അവസരങ്ങൾ ഞങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. പക്ഷേ കൂടുതൽ പണം വേണം. മാധ്യമപ്രവർത്തകരുടെ നേരെയുണ്ടായ അക്രമങ്ങളെക്കുറിച്ച് ഇവിടെ പല മെമ്പർമാരും പറയുകയുണ്ടായി. മാധ്യമപ്രവർത്തകരുമായി വളരെ ഉറച്ച സുഹൃദ്ബന്ധം പുലർത്താനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ആ കാര്യത്തിൽ ശക്തമായ നടപടി എടുത്തിട്ടുണ്ട്. ചില സംഭവങ്ങളിൽ മാധ്യമപ്രവർത്തകർ ചില പ്രതിഷേധപ്രകടനങ്ങൾ നടത്തിയ അവസരത്തിൽ, ഫോട്ടോഗ്രാഫർമാർക്കും മാധ്യമപ്രവർത്തകർക്കും പോലീസിന്റെ മർദ്ദനമേൽക്കേണ്ട സാഹചര്യം ഉണ്ടായി. ആ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഉന്നത തലത്തിൽ തന്നെ നടപടി സ്വീകരിച്ചു. മാധ്യമപ്രവർത്തകർക്കുള്ള പ്രതിഷേധം കണക്കിലെടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അവരേയും വിളിച്ചുകൂട്ടി, പഴയ ഡി.ജി.പി, ഇപ്പോഴത്തെ ഡി.ജി.പി. ധനകാര്യവകുപ്പുമന്ത്രി എന്നിവരൊക്കെ പങ്കെടുത്ത് ഒരു ചർച്ച നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡി.ഐ.ജി. ശ്രീമതി സന്ധ്യയെ മാധ്യമപ്രവർത്തകർക്കു നേരെയുണ്ടായ അക്രമങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അവർ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ നടപടികളുണ്ടാകും. മാത്രമല്ല, വളരെ ക്ലിയറായിട്ടുള്ള സന്ദേശം മുഖ്യമന്ത്രി പോലീസ് ഓഫീസേഴ്സിന്റെ കോൺഫറൻസിൽ കൊടുത്തുകഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പോലീസുകാർ നടത്തിയ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ പോലീസുദ്യോഗസ്ഥയെ തന്നെ അന്വേഷണ കമ്മീഷനായി ഏൽപ്പിക്കുകയും നിയമസഭയിൽ ഉത്തരം നൽകിയപ്പോൾ പാലക്കാട് വച്ച് പത്രപ്രവർത്തകർക്ക് മർദ്ദനമേറ്റത് തിക്കിലും തിരക്കിലും പെട്ടാണെന്ന് മറുപടി പറയുകയും ചെയ്ത സാഹചര്യത്തിൽ അന്വേഷണം എങ്ങനെ ക്ലിയറാകും ?

ശ്രീ. എം. എം. ഹസ്സൻ : ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ, സാധാരണ പോലീസുകാരുടെ ഭാഗത്തുള്ള നടപടിയെക്കുറിച്ച് അന്വേഷിക്കുന്ന രീതി, മുൻകാലങ്ങളിൽ അവലംബിക്കുന്ന അതേ രീതി തന്നെ ഞങ്ങളും അവലംബിച്ചുകൊണ്ട് ഒരു ഡി.ഐ.ജി.-യെ ചുമതലപ്പെടുത്തി. പത്രപ്രവർത്തകരുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ടാണ് അന്വേഷണം നടക്കുന്നത്. അന്വേഷണം നടക്കട്ടെ. പത്രപ്രവർത്തകരുടെ നേരെ യാതൊരു തരത്തിലുള്ള അക്രമങ്ങളും നടത്താൻ പോലീസുദ്യോഗസ്ഥർ ശ്രമിക്കരുതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺഫറൻസിൽ പറഞ്ഞത്. അങ്ങനെയുണ്ടാകുകയാണെങ്കിൽ വളരെ കർശനമായ നടപടി ഉണ്ടാകുമെന്നു പറഞ്ഞു. ഇപ്പോഴുണ്ടാകുന്നത് മറ്റു വ്യക്തികളിൽ നിന്നാണ്. അതിലും മാധ്യമപ്രവർത്തകർക്ക് സംരക്ഷണം കൊടുക്കണം. ശ്രീ. കെ. പി. രാജേന്ദ്രൻ ചോദിച്ചു, അവർക്ക് യൂണിഫോം കൊടുത്തുകൂടേയെന്ന്. ഞാൻ ഈ പ്രശ്നം അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഡൽഹിയിലൊക്കെ പ്രത്യേക ജാക്കറ്റ് അവർക്ക് കൊടുക്കുന്നുണ്ട്. പക്ഷേ പത്രപ്രവർത്തക യൂണിയൻ ആ നിർദ്ദേശത്തോട് യോജിപ്പു പ്രകടിപ്പിക്കാത്തതുകൊണ്ട് അത് വിട്ടുകളഞ്ഞു. മാധ്യമങ്ങൾക്ക് പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യമുണ്ട് മാധ്യമപ്രവർത്തകരുടെ ക്ഷേമകാര്യത്തിൽ ഇൻഡ്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത രൂപത്തിൽ നമ്മൾ പല നല്ല കാര്യങ്ങളും തുടങ്ങിവച്ചിട്ടുണ്ട്. അത് തുടരും. ഇപ്പോൾ നോൺ ജേർണലിസ്റ്റുകൾക്കു കൂടി ഈ ഗവൺമെന്റ് വന്നശേഷം അവരുടെ പെൻഷൻ യാഥാർത്ഥ്യമാക്കി. നിങ്ങളാണ് തുടങ്ങിവച്ചത്. പെൻഷൻ കൊടുത്തുതുടങ്ങി. പത്രത്തിലൊക്കെ വന്നതാണ്. നോൺ ജേർണലിസ്റ്റുകളുടെ അഭിപ്രായം പത്രത്തിൽ വന്നതാണ്. ആ നിലയിൽ പബ്ലിക് റിലേഷൻസ് വകുപ്പ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനും കൂടുതൽ ജനങ്ങളെ അറിയിക്കാനുമുള്ള നടപടികൾ എടുത്തു. ബഹുമാനപ്പെട്ട മെമ്പർമാർ ഫണ്ടമെന്റൽ റൈറ്റിനെക്കുറിച്ച് പറയുകയുണ്ടായി. അറിയാനുള്ള അവകാശമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് കാര്യങ്ങൾ സാധാരണ ജനങ്ങളെ അറിയിക്കാനുള്ള ഒരു സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ മുന്നോടിയായിട്ട് ഗവൺമെന്റിന്റെ വെബ് പോർട്ടൽ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. എല്ലാ വകുപ്പുകളും കംപ്യൂട്ടറൈസ് ചെയ്തുകഴിഞ്ഞു. ഈ വെബ് പോർട്ടലുമായി ബന്ധപ്പെട്ടുകൊണ്ട് അപേക്ഷകൾ, പരാതികൾ എന്നിവയൊക്കെ കൈകാര്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ സംവിധാനം ഉണ്ടാക്കാൻ പോകുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ കേരളമൊട്ടുക്ക് എല്ലാ പ്രദേശങ്ങളിലും പഞ്ചായത്തുകളിൽ കിയോസ്കുകൾ ഉണ്ടാക്കി പരാതികൾ നൽകുന്നതിനുള്ള സംവിധാനം നടത്താൻ കഴിയും.

1. P.M] ഇവിടെ നോർക്ക വകുപ്പിനെക്കുറിച്ച് പറഞ്ഞു. ശ്രീ. വി. ബാലറാം പറഞ്ഞതുതന്നെ ഞാനും ആവർത്തിക്കുകയാണ്. മഹാത്ഭുതമൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. 45 ലക്ഷം രൂപ ബഡ്ജറ്റിൽ വച്ചിട്ട് അതൊന്നും സ്പെന്റു ചെയ്യാതെ കഴിഞ്ഞ 5 കൊല്ലം പിന്നിട്ടു. പ്രവാസി സുരക്ഷാ പദ്ധതി മാത്രമാണ് എൽ.ഡി. എഫിന്റെ കാലത്ത് ചെയ്തത്. അവർ തുടങ്ങിവച്ച ഈ വകുപ്പിന് കഴിഞ്ഞ രണ്ടു വർഷമായി ജീവൻ നൽകാനുള്ള ശ്രമത്തിലാണ്. ഇത് പ്രാവർത്തികമാക്കാൻ ഒരു കോർപ്പറേഷനെതന്നെ ചുമതലപ്പെടുത്തി. ഡിസംബർ മാസത്തിലാണ് ആ കോർപ്പറേഷൻ നിലവിൽ വന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരുകോടി രൂപ ആ കോർപ്പറേഷന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ തരാമെന്ന് പറഞ്ഞു. ഗൾഫിൽ പോയി മടങ്ങിവന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവരുണ്ട്. അവർക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ സാന്ത്വന എന്ന പേരിൽ ഒരു സുരക്ഷാ പദ്ധതിക്ക് രൂപം കൊടുക്കുകയാണ്. 25 ലക്ഷം രൂപ അതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. അവരെ സഹായിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതുപോലെ ഗൾഫിൽ നിന്നും മടങ്ങിയെത്തിയിട്ടുള്ളവർക്കും ഗൾഫിലുള്ളവർക്കും, പുതിയപുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ മാർഗ്ഗനിർദ്ദേശം കൊടുക്കുന്നതിനും അവർക്കാവശ്യമായ പ്രോജക്ടുകളുണ്ടാക്കി കൊടുക്കാനും അവർക്കാവശ്യമായ ബാങ്ക് വായ്പ ലഭ്യമാക്കാനും 'Roots'- Norka Development Initiative എന്ന സംവിധാനത്തിലൂടെ കൂടുതൽ കൂടുതൽ വ്യവസായ സംരംഭങ്ങളുണ്ടാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇപ്പോൾ ഗൾഫ് നാടുകളിലെ ലേബർ കുടുംബങ്ങളിൽ ജോലി ചെയ്യുന്ന ധാരാളം മലയാളികളുണ്ട്. അവരുടെ ജീവിത രീതി വളരെ കഷ്ടവും ദുഃഖകരവുമാണ്. നമ്മൾ പ്രവാസികളെന്നു പറയുമ്പോൾ വളരെ ഉന്നതതലത്തിൽ നിൽക്കുന്ന ആളുകൾവരെ അതിലടങ്ങുകയാണ്. ഇവിടെ ലേബർ ക്യാമ്പുകളിൽ ജീവിക്കുന്ന ആളുകളുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് അങ്ങ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. എം. എം. ഹസ്സൻ : ഞാൻ ഈ പ്രാവശ്യം യു.എ.ഇ., ദോഹ, മസ്ക്കറ്റ് എന്നീ മൂന്നു രാജ്യങ്ങളിൽ പോയി. ഈ മൂന്നു സ്ഥലത്തേയും ലേബർ ക്യാമ്പുകളിൽ പോയി. സാധാരണ ആരും പോകാറില്ല എന്നുള്ള വിമർശനം കണക്കിലെടുത്ത് അവരോടൊപ്പം ദീർഘനേരം സംസാരിച്ചു. ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞത് സത്യവിരുദ്ധമാണ്. പ്രവാസി സ്വാശ്രയ പദ്ധതി എന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അവരെല്ലാം അംഗങ്ങളാകാമെന്ന് സമ്മതിച്ചു. ഇവർ ഭരിക്കുന്ന കാലത്ത് ഒരു ഇൻഷ്വറൻസ് സ്കീം എന്നു പറയുന്നത് 999 രൂപയാണ്. ആ സ്കീം കഴിഞ്ഞു. ഇൻഷ്വറൻസ് കമ്പനിക്ക് കോടി രൂപ കൂടി, എത്ര പേർക്കാണ് അതിന്റെ പ്രയോജനം കിട്ടിയത് ? 5 കൊല്ലം കോൺട്രിബ്യൂഷൻ നടത്തിയാൽ മരിക്കുന്നതുവരെ പ്രതിമാസ പെൻഷൻ. ഈ 5 കൊല്ലക്കാലത്തേയ്ക്ക് ഇവരെ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുടെ ഒരു ഇൻഷ്വറൻസ് പദ്ധതിയിൽ ഞങ്ങൾ ചേർക്കുകയാണ്. ആ ഇൻഷ്വറൻസ് പ്രീമിയമായി 2 കോടി രൂപയാണ് ഞങ്ങൾ അയട്ക്കുന്നത്. അവർക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ അവരുടെ കുടുംബത്തിന് 10

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപവരെ കൊടുക്കാനുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതി നന്നായിട്ട് മാർക്കറ്റു ചെയ്തു കഴിഞ്ഞാൽ, ഇതിനാവശ്യമായ പരസ്യം കൊടുത്തുകഴിഞ്ഞാൽ ആളുകൾ ചേരും. അതിന് പ്രൊമോട്ടേഴ്സിനെ വയ്ക്കണം, അതിനുള്ള തുക ഞങ്ങൾക്ക് അനുവദിച്ചു കിട്ടണം. അത് ഇവിടെ നടപ്പാക്കി. പിന്നെ ഇവിടെ വെറും 1000 രൂപയുടെ പ്രവാസി സുരക്ഷാ പദ്ധതിയായിരുന്നു എങ്കിൽ ആ ഇൻഷ്വറൻസ് പ്രീമിയംപോലും സൗജന്യമായി അടച്ചുകൊണ്ട് പരിപാടി ഇട്ടിരിക്കുകയാണ്. അതുപോലെ skill upgradation course-നെക്കുറിച്ച് ഇവിടെ മെമ്പർമാർ പറഞ്ഞു. കൂടുതൽ ആളുകൾക്ക് തൊഴിൽ പരിശീലനം നൽകാൻ വേണ്ടിയുള്ള കോഴ്സുകൾ ആരംഭിക്കാൻ പോവുകയാണ്. അല്ലാതെ ഖജനാവിൽ നിന്നും പെൻഷൻ കൊടുക്കാനും തൊഴിലില്ലാതെ ഈ സംസ്ഥാനത്ത് മടങ്ങിവരുന്നവർക്കെല്ലാം തൊഴിൽ കൊടുത്ത് പുനരധിവസിപ്പിക്കാനും സാധ്യമല്ല. അവർക്ക് മാർഗ്ഗ നിർദ്ദേശം കൊടുക്കുക, അവർക്കാവശ്യമായ സഹായം കൊടുക്കുക, അവർക്ക് എല്ലാവിധ സൗകര്യങ്ങളും ഒത്തിണക്കിക്കൊടുക്കുക. അങ്ങനെ കേരളത്തിന്റെ ഈ സാമൂഹ്യ ജീവിതത്തിൽ പ്രവാസി മലയാളികളുടെ പങ്കിനെ അംഗീകരിച്ചുകൊണ്ട് അവരെ സഹായിക്കുകയാണ് ചെയ്യുന്നത്. ഇവിടെ കഴിഞ്ഞ രണ്ടുകൊല്ലം ഈ വകുപ്പ് എന്തു ചെയ്തു എന്ന് അദ്ദേഹം ചോദിച്ചു. ഒന്നുരണ്ടു കാര്യങ്ങൾ ഇവിടെ പറഞ്ഞോട്ടെ, വിദേശത്ത് മരണമടഞ്ഞ മലയാളികളുടെ ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് എമ്പസ്സികളുമായി ബന്ധപ്പെട്ട് 285 കേസുകൾ ഞങ്ങൾ കൈകാര്യം ചെയ്തു. മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി അനന്തരാവകാശികൾ സമർപ്പിച്ച 230 അപേക്ഷകൾ ഞങ്ങൾ കൈകാര്യം ചെയ്തു. എമ്പസ്സിയുമായി ബന്ധപ്പെട്ട് 56 പേർക്ക് മരണാനന്തര ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കാൻ കഴിഞ്ഞു. വിദേശത്ത് കാണാതായവരെ കണ്ടുപിടിക്കുന്നതിനു വേണ്ടി 149 അപേക്ഷകൾ ഞങ്ങൾക്ക് കിട്ടി. അതിൽ 62 പേരെ തിരിച്ച് നാട്ടിലെത്തിക്കാൻ സാധിച്ചു. വിദേശ രാജ്യങ്ങളിൽ 11 പേർക്ക് ഈ ഗവൺമെന്റ് ഇടപെട്ട് മോചനം കൊടുക്കാൻ കഴിഞ്ഞു. അതുകൊണ്ട് ഈ തരത്തിലുള്ള പല കാര്യങ്ങളിലും കുവൈറ്റ് നഷ്ട പരിഹാരമായാലും അതുപോലുള്ള കാര്യങ്ങളിൽ ഗവൺമെന്റ് ഇപ്പോൾ പൊതുമാപ്പ് പ്രഖ്യാപിച്ചു. ഇറാക്ക് യുദ്ധം വന്നു, timely intervention ഗവൺമെന്റിന്റെ ചുമതലയാണ്. അതു നടത്താൻ ഇങ്ങനെയൊരു വകുപ്പിന്റെ പ്രവർത്തനം ഫലപ്രദമായി. ബഹുമാനപ്പെട്ട വി. ബാലറാം ഇവിടെ പറഞ്ഞു, ഇമിഗ്രേഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തിയെന്നറിഞ്ഞപ്പോൾ ആദ്യമായി ഒരു സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികളായി കേന്ദ്രത്തിൽ പോയത് ഞങ്ങളാണ്. ഞാൻ പോയി, തൊട്ടുപിന്നാലേ ലേബർ മിനിസ്റ്റർ പോയി. അവർ ഇമിഗ്രേഷൻ ചട്ടങ്ങളിൽ വരുത്തിയ മാറ്റംകാരണം ഗ്രൂപ്പ് വിസ കിട്ടുന്നവർക്കുമാത്രമേ അത് കൊണ്ടുപോകാൻ കഴിയൂ എന്നുള്ള അവസ്ഥ വന്നപ്പോൾ, കേരളത്തിൽ കൂടുതലും വരുന്നത് സിങ്കിൾ വിസയുള്ളവരാണ്, അവരെ അതു ബാധിക്കുമെന്നുള്ളതുകൊണ്ട് നമ്മുടെ എം.പി.മാർ ശബ്ദമുണ്ടാക്കി, കേരള ഗവൺമെന്റ് റെപ്രസെന്റു ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത് തടഞ്ഞുവച്ചിരിക്കുകയാണ്. തൽക്കാലത്തേക്ക് അത് നടപ്പിലാക്കുകയില്ല, മരവിപ്പിച്ചിരിക്കുകയാണ്. അങ്ങനെയുള്ള കാര്യങ്ങൾ നടത്തുന്നതോടൊപ്പം തന്നെ ഇവിടെ പറഞ്ഞു, ഏറ്റവും വലിയ പ്രശ്നം ഗൾഫ് മലയാളികളുടെ യാത്രാ പ്രശ്നമാണ്. ഞാൻ എയർ ഇന്ത്യയുടെ ചെയർമാനുമായി ഇന്നലേയും ബന്ധപ്പെട്ടു. Low income budget-ൽ എയർലൈൻ തുടങ്ങാൻ എയർ ഇന്ത്യ തീരുമാനിച്ചിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽ നിന്നും ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിലേയ്ക്കും കോഴിക്കോട്ടേയ്ക്കുമാണ് വരുന്നത്. നമ്മൾ അതിനെ സ്വാഗതം ചെയ്തിരിക്കുകയാണ്. അതിനൊരു വ്യവസ്ഥ വച്ചിട്ടുണ്ട്, കാരണം ഏവിയേഷൻ തെർമ്മൽ ഫ്യൂവലിൽ ഏർപ്പെടുത്തിയിട്ടുള്ള ടാക്സ് കുറയ്ക്കണമെന്നു പറഞ്ഞിട്ടുണ്ട്. രേഖാമൂലം ആ നിർദ്ദേശം തന്നാൽ ചർച്ച ചെയ്യാമെന്നാണ് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. ഗൾഫ് രാജ്യങ്ങളിൽ നിന്നും നാട്ടിലേയ്ക്കു മടങ്ങുന്നവരുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും തയ്യാറാകാത്ത ഒരു സാഹചര്യത്തിലാണ് കപ്പൽ സർവ്വീസ് ആരംഭിക്കാൻ ഗ്ലോബൽ ഇൻവേസ്റ്റേഴ്സ് മീറ്റിൽ രണ്ടു കമ്പനികളുമായി എം.ഒ.യു. ഒപ്പിട്ടിട്ടുള്ളത്. ടെക്നിക്കൽ, അതുപോലെതന്നെ feasibility സ്റ്റഡി എന്നിവ നടത്തി അടുത്തമാസം അവർ റിപ്പോർട്ടുതരും. തൊഴിൽ വകുപ്പു മന്ത്രിയും ഞാനും ഈ കാര്യം ചർച്ച ചെയ്തു. സീ പോർട്ട് അതോറിറ്റി, പോർട്ട് ട്രസ്റ്റുമായി ചർച്ചചെയ്ത് കപ്പൽ സർവ്വീസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കും. ഇവിടെ ശ്രീ. ടി. എൻ പ്രതാപൻ പറഞ്ഞതുപോലെ അതിനു വേണ്ടിവന്നാൽ നമ്മുടെ Inland Navigation Corporation അല്ലെങ്കിൽ ഞങ്ങൾ രൂപീകരിച്ചിട്ടുള്ള "Roots" സാമ്പത്തിക സഹായം കൊടുക്കേണ്ടി വന്നാൽ ആ പാർട്ടിസിപ്പേഷനും തയ്യാറാണ്. അതോടൊപ്പം ഒരു കാര്യംകൂടി പറയുന്നു, നമ്മുടെ നാട്ടിൽ ഓരോ പഞ്ചായത്തിലും ഗ്രാമങ്ങളിലുമെല്ലാം വികസന പ്രവർത്തനങ്ങളിൽ ഗൾഫ് മലയാളികളും വിദേശ മലയാളികളും താൽപ്പര്യം കാണിച്ചിട്ടുണ്ട്. അവർക്കുവേണ്ടി 'എന്റെ ഗ്രാമം എന്റെ സ്വപ്നം' എന്ന പേരിൽ ഞങ്ങൾ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അവർ പണം തന്നിട്ട് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയാണ്. വെങ്ങാനൂരിൽ ആഗസ്റ്റു മാസത്തിൽ മുഖ്യമന്ത്രിതന്നെ ആ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയാണ്. ഒരു ഗ്രാമത്തിന്റെ വികസനത്തിൽ വിദേശ മലയാളികളുടെ സംഭാവന നമുക്ക് സ്വീകരിക്കാൻ കഴിയും. ശ്രീ. മോഹൻകുമാർ ചൂണ്ടിക്കാണിച്ചതുപോലെ വിദേശ മലയാളികളോടൊപ്പംതന്നെ ഇന്ത്യയ്ക്കകത്തുള്ള മറുനാടൻ മലയാളികൾ, അങ്ങേയ്ക്കറിയാം, അങ്ങ് കഴിഞ്ഞ ദിവസം ചെന്നൈയിൽ പോയതാണ്. 10 ലക്ഷം മലയാളികളാണ് ചെന്നൈയിൽ ജോലി ചെയ്യുന്നത്. 20 ലക്ഷത്തോളം ആളുകൾ മുംബൈയിലുണ്ട്, ഇവരുടെ കാര്യം ഇതുവരെ നോർക്ക ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കിയിട്ട് ശ്രദ്ധിച്ചിട്ടില്ല. അവരുടെ സമ്മേളനം 12, 13 തീയതികളിൽ സമന്വയം എന്നപേരിൽ തിരുവനന്തപുരത്തുവച്ച് നടക്കുകയാണ്. അവരുടെ പ്രശ്നങ്ങൾക്ക് കൂടി മുൻഗണന നൽകാൻ, അവരുടെ കാര്യങ്ങൾക്കുകൂടി താല്പര്യമെടുക്കാൻ ഈ നോർക്ക ഡിപ്പാർട്ടുമെന്റ് മുന്നോട്ടു വരികയാണ്. അതുകൊണ്ട് ഈ വകുപ്പ് രണ്ടുകൊല്ലമായി ഒന്നും ചെയ്തില്ല, പിരിച്ചുവിടണമെന്ന് പ്രവാസിയായിരുന്ന ശ്രീ. മഞ്ഞളാം കുഴി അലി പറഞ്ഞപ്പോൾ എനിക്ക് ദുഃഖം തോന്നി. കാരണം തലവേദനയുണ്ടായാൽ അതിന് മരുന്നു കൊടുക്കുക എന്നുള്ളതല്ലാതെ തല വെട്ടിമാറ്റുക എന്നുള്ള സ്ഥിതിയുണ്ടോ ? അതുകൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ കൂടുതൽ പണം കിട്ടിയാൽ തീർച്ചയായും സാധിക്കും. വരും കാലങ്ങളിൽ പണവും ഫെഡുമൊക്കെ തരാമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. എന്റെ തൊട്ടടുത്താണ് ധനകാര്യ വകുപ്പുമന്ത്രി ഇരിക്കുന്നത്, അതുകൊണ്ട് തീർച്ചയായും ആ സ്നേഹം അദ്ദേഹത്തിനു കാണും, ഈ വകുപ്പിനോടു കാണിക്കും. ഈ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ച നിർദ്ദേശങ്ങൾ തീർച്ചയായും ഗൗരവമായി നടപ്പിലാക്കുമെന്നു പറഞ്ഞുകൊണ്ട് ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടും എനിക്കുള്ള നന്ദി ഞാൻ പ്രത്യേകം അറിയിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ലേബർ വകുപ്പിന്റെ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് വകുപ്പിന്റെ പ്രവർത്തനങ്ങളിലുള്ള പോരായ്മകളും അതിന്റെ കുറവുകളുമൊക്കെ ചൂണ്ടിക്കാണിക്കുകയും വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയും ചെയ്ത എല്ലാ മെമ്പർമാരോടുമുള്ള എന്റെ നന്ദി ഞാൻ ആദ്യമായി അറിയിക്കുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

അവർ ഇവിടെ മുന്നോട്ടു വച്ചിട്ടുള്ള വളരെ പ്രസക്തമായ നിർദ്ദേശങ്ങൾ അതർഹിക്കുന്ന ഗൗരവത്തോടുകൂടി തന്നെ വകുപ്പ് ഉൾക്കൊള്ളുകയും അതു നടപ്പിലാക്കുകയും ചെയ്യുമെന്നു ഞാൻ ഉറപ്പു നൽകുന്നു. ഇവിടെ പ്രതിപക്ഷത്തു നിന്നും സംസാരിച്ച പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ വളരെ പ്രതികൂലമായ സാഹചര്യത്തിലാണ് ലേബർ വകുപ്പ് നിലനിൽക്കുന്നത് എന്ന കാര്യത്തിൽ ഞാൻ അവരോടു പൂർണ്ണമായും യോജിക്കുകയാണ്. അന്തർദ്ദേശീയ തലത്തിലും ദേശീയ തലത്തിലും നമ്മുടെ സംസ്ഥാനങ്ങൾക്കുണ്ടായി കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, അതിൽ ഏറ്റവും കൂടുതൽ കെടുതികൾ അനുഭവിക്കേണ്ടി വന്നിരിക്കുന്നത് കേരളത്തിലെ തൊഴിലാളികൾ തന്നെയാണ്. പ്രത്യേകിച്ചും പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ. ഒരു ഭാഗത്ത് അവർക്കുള്ള തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങളിൽ നിന്നും അവരെ രക്ഷിക്കാൻ നമുക്ക് എങ്ങനെ കഴിയും? ഇവിടെ അവസാനമായി സംസാരിച്ചപ്പോൾ ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു, ഈ വകുപ്പിന്റെ പേരു തന്നെ മാറ്റണമെന്ന്. ഞാനും അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. ഈ ലേബർ വകുപ്പ് രൂപീകരിക്കുമ്പോൾ ഉണ്ടായിരുന്ന ചുമതലകൾ അല്ല ഇന്നു ലേബർ വകുപ്പിനു വഹിക്കാനുള്ളത്. പൂർണ്ണമായും ചൂഷണത്തിനു വിധേയരായിരുന്ന തൊഴിലാളികളെ അതിൽ നിന്നും മോചിപ്പിക്കുവാനും അവർക്ക് ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുന്നതിനും ലേബർ പ്രൊട്ടക്ഷൻ മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. അതു മാത്രമായിരുന്നു ആ വകുപ്പിന്റെ ചുമതല. ഇന്ന് ഇതു റിലേഷൻസ് വകുപ്പാക്കി മാറ്റണം. ഇതു വ്യവസായത്തിൽ തൊഴിൽ ഉടമാ ബന്ധങ്ങളെ പുനഃസ്ഥാപിക്കുന്നതിനും അതു സൗഹൃദമായി നിലനിർത്തുന്നതിനും അതിനെ വളരെ അനുകൂലമാക്കി മാറ്റിക്കൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വകുപ്പാക്കി മാറ്റണം എന്നാണ് എന്റെ അഭിപ്രായം. തൊഴിലാളികളുടെ പ്രൊട്ടക്ഷൻ മാത്രമല്ല ഇന്നു ഈ വകുപ്പിനു ചെയ്യേണ്ടി വരുന്നത്. ഇന്നിപ്പോൾ തൊഴിലാളികളുടെ ക്ഷേമത്തിന് ഒരു കുറവും ഇല്ല. ഇഷ്ടം പോലെ നിയമ നിർമ്മാണങ്ങൾ ഉണ്ട്. ഒരു കാരണവശാലും തൊഴിലാളികൾക്കു വിരുദ്ധമാകാതെയിരിക്കാനാണ് ശ്രമിക്കുന്നത്. പ്രതികൂല സാഹചര്യം എന്നു ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട ബാലൻ പ്രസംഗം തുടങ്ങി വച്ചപ്പോൾ പറഞ്ഞ ഒരു കാര്യം, വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയത് തൊഴിൽ വകുപ്പിന്റെ കെടുകാര്യസ്ഥത കൊണ്ടല്ല. അവിടെ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങളിൽ അപ്പപ്പോൾ ഇടപെടാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. എനിക്കു ഒരു കാര്യം തറപ്പിച്ചു പറയാൻ കഴിയും. ഇവിടെ സംസാരിച്ച ഈ സഭയിലെ തൊഴിൽ രംഗവുമായി ബന്ധപ്പെടുന്ന തൊഴിലാളി പ്രവർത്തകരായിട്ടുള്ള ഒരു അംഗത്തിനും തൊഴിൽ വകുപ്പിന്റെ സമയോചിതമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്നു ആത്മാർത്ഥമായി പറയാൻ കഴിയില്ല. ഒരു പക്ഷേ വിമർശനത്തിനുവേണ്ടി ശ്രീ. എ. കെ. ബാലനെപ്പോലെയുള്ള ആളുകൾക്ക് അങ്ങനെ സംസാരിക്കേണ്ടി വരും, അതിനവർ നിർബന്ധിതരായി തീരാറുള്ളതാണ്. ഞാൻ അതിനെ ആ സ്പിരിറ്റിൽ തന്നെയാണ് എടുത്തിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ നാം കാണണം. പെരുമ്പാവൂർ റയോൺസിന്റെ കാര്യത്തിലും ഞാൻ ഇടപെട്ടിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ട്രേഡ് യൂണിയൻ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികളിൽ നല്ലൊരു ശതമാനവും ഈ മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറായി മുന്നോട്ടു വരുന്നു എന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. അതുകൊണ്ടാണ് ഈ നിലയിൽ എങ്കിലും കാര്യങ്ങൾ കൊണ്ടു പോകാൻ കഴിയുന്നത്. പക്ഷേ ആ മാറ്റങ്ങൾ പൂർണ്ണമായ തോതിൽ ഉൾക്കൊള്ളാൻ തൊഴിലാളികൾ തയ്യാറാകണം. ആ ബോധം തൊഴിലാളികളിൽ വളർത്തി എടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഈ മാറ്റങ്ങളുടെ കെടുതികളിൽ നിന്നും നമുക്ക് രക്ഷനേടാൻ കഴിയൂ. അവിടെ ഒരു ഭാഗത്തു തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. മറു ഭാഗത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ സംഖ്യ. വളർന്നു വരുന്നു. ആത്മാർത്ഥമായിത്തന്നെ പണിയെടുക്കുന്ന തൊഴിലാളികൾ മുണ്ടു മുറുക്കി ഉടുത്ത് പ്രതികൂല

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളെ എല്ലാം അതിജീവിച്ച് വളരെ പ്രയാസപ്പെട്ട് നമ്മുടെ അടുത്ത ഒരു തലമുറയെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നു. കേരളത്തിൽ വളർന്നു വരുന്ന ഈ തലമുറയുടെ ഭാവിയെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികൾ വളരെയധികം യാതനകൾ സഹിച്ച് അവരുടെ കുട്ടികളെ പഠിപ്പിച്ച് അവർ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തു വരുമ്പോൾ കേരളത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ചിന്തിക്കാൻ കഴിയാതിരുന്നതു മൂലം നമ്മുടെ സംസ്ഥാനത്തെ വ്യാവസായിക വളർച്ച മുരടിച്ചു നിൽക്കുന്നു. അതിനു പല കാരണങ്ങളുണ്ട്. എല്ലാം തൊഴിലാളികളുടെ തലയിൽകെട്ടി വയ്ക്കാൻ ആരു ശ്രമിച്ചാലും അതിനോടു യോജിക്കുന്ന ആളല്ല ഞാൻ. യാഥാർത്ഥ്യവും അതല്ല. പല കാരണങ്ങൾകൊണ്ടും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന മാനുഫാക്ചറിംഗ് സെക്ടർ, അതിന്റെ സ്ഥിതിവിവരക്കണക്കുകളിലേക്കൊന്നും സമയമില്ലാത്തതുകൊണ്ട് ഞാൻ പോകുന്നില്ല. 39 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതിൽ എസ്. എസ്. എൽ.സി. മാത്രം പാസ്സായവർ 78 ശതമാനമാണ്. ജനറലായി വിദ്യാഭ്യാസം ലഭിച്ചവർ, അതായത് ബി. എ., ബി. എസ്.സി., എം. എ., എം.എസ്.സി. ഇതൊക്കെ പാസ്സായവരുടെ വലിയ ഒരു സംഖ്യ തന്നെയുണ്ട്. പക്ഷേ അവർ ആരും എംപ്ലോയബിളായിട്ടുള്ള സ്കിൽ നേടിയവരല്ല. അവർക്കാകെ ഉണ്ടായിരിക്കുന്ന സങ്കൽപ്പം, ഗവൺമെന്റാണ് ഏറ്റവും വലിയ തൊഴിൽ ദാതാവെന്നാണ്. പൊതുമേഖലയിലും സർക്കാർ മേഖലയിലുമുള്ള തൊഴിൽ അവസരങ്ങൾക്കുവേണ്ടിയാണ് ഇവർ കാത്തിരിക്കുന്നത്. ഗവൺമെന്റ് ഒരു തൊഴിൽ ദാതാവ് എന്നുള്ള സങ്കൽപ്പങ്ങൾക്ക് കുറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. യാഥാർത്ഥ്യം നമ്മൾ ഉൾക്കൊള്ളണം. ഗവൺമെന്റ് ആ നയങ്ങൾ തുടരണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് ആശയപരമായ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നതുകൊണ്ട് ഞാൻ പറയട്ടെ പൊതുമേഖലയിലും സർക്കാർ മേഖലയിലും തൊഴിലവസരങ്ങൾ കുറഞ്ഞു കൊണ്ടിരിക്കുകയാണ്. വലിയ സ്കോപ്പ് ഒന്നും ഇപ്പോൾ ആ മേഖലകളിൽ ഇല്ല.നമ്മുടെ ഏറ്റവും വലിയ സമ്പത്താണ് തൊഴിൽ രഹിതരായ ചെറുപ്പക്കാർ. അവരുടെ സ്കിൽ ഡെവലപ്പ് ചെയ്തു അവരെ എംപ്ലോയ് ചെയ്യാൻ കഴിഞ്ഞാൽ അതാണ് ഏറ്റവും വലിയ സമ്പത്തായ മാനവശേഷി. അതു ഉപയോഗിക്കാൻ കഴിഞ്ഞാൽ കേരളത്തെ മറ്റേതൊരു സംസ്ഥാനത്തെക്കാളും സാമ്പത്തികമായും തൊഴിൽപരമായും ഏറ്റവും മുമ്പിൽ നിൽക്കുന്ന ഒരു സംസ്ഥാനമാക്കി മാറ്റാൻ കഴിയും. ലേബർ വകുപ്പിന്റെ കാഴ്ചപ്പാടിലും പ്രവർത്തനങ്ങളിലും പുതിയ സമീപനം ആവശ്യമായി വന്നിരിക്കുന്നു. ഉള്ള തൊഴിലവസരങ്ങൾ നിലനിർത്തണം. അവ നിലനിർത്തുമ്പോൾ തന്നെ കൂടുതൽ തൊഴിലവസരങ്ങൾ, സൃഷ്ടിക്കാനുള്ള സാഹചര്യം ഒരുക്കുക എന്നതിൽ മറ്റാരേക്കാളും ഉത്തരവാദിത്വം തൊഴിലാളികൾക്ക് ഉണ്ടെന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. കേരളത്തിൽ സമഗ്രമായ വ്യവസായ വൽക്കരണം അനിവാര്യമായി തീർക്കേണ്ടതു ഇവിടത്തെ മുതലാളിമാർക്കല്ല, മറിച്ച് ഇവിടത്തെ തൊഴിലാളികൾക്കാണ് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കേണ്ടത്. അതിനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കാനാണ് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനെ തൊഴിലാളി വിരുദ്ധമെന്നു ദയവുചെയ്തു നിങ്ങൾ വിശേഷിപ്പിക്കരുത്. നമ്മുടെ സംസ്ഥാനത്ത് അറിഞ്ഞോ അറിയാതെയോ വന്നുപെട്ടിട്ടുള്ള ചില തെറ്റായ ധാരണകൾ, അതിനെ സംബന്ധിച്ച് ഒരുപാടു പഠനങ്ങൾ നടന്നു. വ്യാവസായിക അന്തരീക്ഷത്തിന് പ്രതികൂലമായി നിൽക്കുന്ന ഒരുപാട് ഘടകങ്ങൾ ഉണ്ട്. അവയ്ക്കു പരിഹാരം കാണാൻ കഴിഞ്ഞാൽ, സമാധാനപരമായ അന്തരീക്ഷത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നമുക്കു കഴിയും. അതിനാവശ്യമായ ശ്രമത്തിനാണ് ഈ തൊഴിൽ നയത്തിൽ ഞങ്ങൾ ഊന്നൽ നൽകിയിരിക്കുന്നത്. അതിനെ ദയവായി വികലമായി ചിത്രീകരിച്ച് അതു

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളി വിരുദ്ധമാണെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കരുത്. സദുദ്ദേശത്തോടുകൂടി മാത്രംചെയ്യുന്ന ഒരു സമീപനമാണ്. പരമ്പരാഗത മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചാണ് ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കൂടുതൽ നിക്ഷേപാനുകൂലമായ ഒരു സാഹചര്യം സൃഷ്ടിച്ച് അതിന് പരിഹാരം കാണാനുള്ള ഒരു ശ്രമം കൂടി ഈ വകുപ്പിന് ഏറ്റെടുത്തുചെയ്യേണ്ടതായിട്ടുണ്ട്. പണ്ട് നമ്മുടെ സംസ്ഥാനത്ത് ഏതു തരത്തിലുള്ള തൊഴിൽ പ്രശ്നങ്ങൾ ഉണ്ടായാലും അന്നൊക്കെ തൊഴിലാളികളുടെ പ്രൊട്ടക്ഷനുവേണ്ടി മാത്രമായിരുന്നു നിലകൊണ്ടിരുന്നതെങ്കിൽ ഇപ്പോൾ ഞങ്ങൾ നില കൊള്ളുന്നത് ആ പ്രശ്നങ്ങൾ, തൊഴിലുടമയും തൊഴിലാളികളും തമ്മിൽ ചർച്ച ചെയ്തു രമ്യമായി പരിഹരിക്കാനും, അതിനുള്ള ഒരു ഫെസിലിറ്റേറ്റർ ആകാനും അതിലൂടെ സമാധാനപരമായ ഒരു അന്തരീക്ഷം ഉറപ്പു വരുത്താനുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു : ഈ ഗവൺമെന്റിന്റെ പ്രകടന പത്രികയിൽ ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുമെന്നു പറഞ്ഞിരുന്നു. അതിനുവേണ്ടി ചട്ടങ്ങളും ഉണ്ടാക്കി. അബ്കാരി ലേലത്തിലെ ഒരു കണ്ടീഷൻ എന്നു പറയുന്നത് ഓരോ ഷാപ്പിലും ഓരോ തൊഴിലാളിയെ വീതം നിയമിക്കുക എന്നതാണ്. അതൊരു ലൈസൻസിന്റെ കണ്ടീഷനായി വരേണ്ടതാണ്. എന്നാൽ ലിസ്റ്റു തയ്യാറാക്കിയിട്ടും ഷാപ്പുകളിൽ ആളെ നിയമിച്ചതായി കാണുന്നില്ല. അതിനു എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. ബാബു ദിവാകരൻ : ഏതാനും ജില്ലകളിൽ ആളെ നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. ആ ലിസ്റ്റ് പ്രിപ്പെയർ ചെയ്യുന്നതിനെ സംബന്ധിച്ച് ഒരുപാടു കോടതിവ്യവഹാരങ്ങളുണ്ട്. അക്കൂട്ടത്തിൽ അങ്ങു തന്നെ മുൻകൈ എടുത്ത് കോടതിയിൽ കൊടുത്ത വ്യവഹാരങ്ങളുമുണ്ട്.

ശ്രീ. എ. എൻ. രാജൻ ബാബു : അത്തരം വ്യവഹാരങ്ങളൊക്കെ തന്നെയാണ് ഇതിനു കാലതാമസം ഉണ്ടാക്കിയത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ശ്രീ. എ. എൻ. രാജൻ ബാബു ഹൈക്കോടതിയിൽ കൊടുത്ത കേസ് തൊഴിൽ വകുപ്പുമന്ത്രിക്ക് എതിരായി, തൊഴിൽ വകുപ്പുമന്ത്രി എടുത്ത തീരുമാനത്തിനും നടപടികൾക്കും എതിരായിട്ടായിരുന്നു.

ശ്രീ. ബാബു ദിവാകരൻ : അത് ഒരു കാര്യം. പിന്നീട് ഈ പ്രബലമായ തൊഴിലാളി സംഘടനകൾ, സി. ഐ. ടി. യു. എ. ഐ ടി. യു. സി. ഉൾപ്പെടെയുള്ള സംഘടനകൾ ഈ തൊഴിലാളികളെ അവിടെ പുനർവിന്യാസം നടത്തുന്നതിന് എതിരായിട്ടുള്ള നിലപാടാണ് എടുത്തിട്ടുള്ളത്. അതും ഇതിനൊരു കാരണമായി തീർന്നിട്ടുണ്ട്. അതുകൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതൽ ഊന്നൽ നൽകാൻ ആഗ്രഹിക്കുന്നത് ട്രെയിനിംഗ് വകുപ്പിന്റെ പുനഃസംഘടനയ്ക്കാണ്. നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണണമെങ്കിൽ സ്കിൽഡ് ലേബറേഴ്സ് ആവശ്യമാണ്. ലോകത്തിനാവശ്യമുള്ള സ്കിൽഡ് ലേബറേഴ്സിനെ സപ്ലൈ ചെയ്യാൻ കഴിയുന്ന നമ്മുടെ ഏറ്റവും വലിയ സമ്പത്താണ് തൊഴിലില്ലാത്ത ചെറുപ്പക്കാർ. ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ ചൂണ്ടിക്കാണിക്കുക ഉണ്ടായി. ഐ. ടി. ഡിപ്പാർട്ടുമെന്റിന്റെ റീ വാമ്പിംഗ്, പുതിയ പുതിയ

കോഴ്സുകൾ, ലോകത്തിനാവശ്യമുള്ള സ്കിൽ ഡെവലപ് ചെയ്തുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും അതിനു തടസ്സമായി നിൽക്കുന്നത് മുമ്പ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അധ്യാപകർക്കു വേണ്ടിയുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് നമുക്ക് ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ് നൽകുന്നത്. അതു പോര, അതു മാറണം. അതിനു ഒരുപാട് റെസിസ്റ്റൻസുണ്ട്. എന്തൊക്കെ റെസിസ്റ്റൻസ് ഉണ്ടെങ്കിലും അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റിനു ഊന്നൽ നൽകാനാണ് വകുപ്പു ഉദ്ദേശിക്കുന്നത്. നോർക്കാ വകുപ്പും അതു തന്നെയാണ് ചൂണ്ടിക്കാണിച്ചത്. സർ, ഇ.എസ്.ഐ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇ.എസ്.ഐ-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശ്രീ. എ. എ. അസ്സീസ് ചൂണ്ടിക്കാണിച്ച പ്രശ്നത്തിൽ ഇവർക്ക് ഇൻഷ്വറൻസിന്റെ ആനുകൂല്യങ്ങൾ ലഭിച്ചില്ലെങ്കിലും ചികിൽസാ സൗകര്യങ്ങളെങ്കിലും ലഭ്യമാക്കുന്നതിന് കേന്ദ്രവുമായി ഈ അടുത്ത ദിവസങ്ങളിൽ ഗൗരവമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലൊട്ടാകെ unorganised sector-ലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ മുഖേനയുള്ള ചികിൽസാ സമ്പ്രദായം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അത് ആദ്യമായി ഒരു പൈലറ്റ് സ്കീമെന്ന നിലയിൽ കേരളത്തിൽ നടപ്പാക്കാനുള്ള നടപടിയുമായി മുന്നോട്ടു വരികയാണ്. ഇവിടെ എംപ്ലോയ്മെന്റ് വകുപ്പിനെക്കുറിച്ചു പറഞ്ഞു, എംപ്ലോയ്മെന്റ് വകുപ്പിനെ സംബന്ധിച്ചിടത്തോളം പറയുവാനുള്ളത് നമ്മുടെ സംസ്ഥാനത്തെ സ്കിൽഡ് ലേബറിന്റെ ഒരു ഡേറ്റാബേസ് ഉണ്ടാക്കാനും, ഇത് കമ്പ്യൂട്ടറൈസ് ചെയ്യാനും, പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്തതിന്റെ ഫലമായി ഒരുപാട് മാറ്റങ്ങൾ ഈ രംഗത്തുണ്ടായിട്ടുണ്ട്. ലോകത്തെ മുഴുവൻ തൊഴിലുടമകൾക്കും നമ്മുടെ സംസ്ഥാനത്ത് available ആയിട്ടുള്ള സ്കിൽഡ് ലേബറേഴ്സിന്റെ ഒരു വെബ്സൈറ്റ്, ഡേറ്റാ നൽകുന്നതിനുവേണ്ടിയുള്ള ഒരു വെബ്സൈറ്റ് തയ്യാറാക്കുകയാണ്. കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി അതുകൂടിയുണ്ടായാൽ ലോകത്തെ ഏത് തൊഴിലുടമയ്ക്കും നമ്മുടെ സംസ്ഥാനത്തുനിന്ന് ആളെ നേരിട്ട് റിക്രൂട്ട് ചെയ്യാൻ കഴിയുന്ന ഒരവസ്ഥയുണ്ടാകും. അതുപോലെതന്നെ അവസരങ്ങൾ കണ്ടെത്തി തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ശ്രമങ്ങളും നടത്തുകയാണ്. Factories and Boilers -ന്റെ പ്രവർത്തനങ്ങളിൽ കുറെക്കൂടി കാര്യക്ഷമത ഉറപ്പുവരുത്താനായി വകുപ്പിന്റെ പ്രവർത്തനങ്ങൾ മുഴുവൻ കമ്പ്യൂട്ടറൈസ് ചെയ്ത് ലൈസൻസ് കൊടുക്കുന്നതിനും മറ്റുമുണ്ടാകുന്ന കാലതാമസമൊഴിവാക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

അടുത്തതായി ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ചത് പ്ലാന്റേഷൻ മേഖലയിലുള്ള പ്രശ്നങ്ങളാണ്. പ്ലാന്റേഷൻ മേഖലയിൽ പ്രശ്നങ്ങളുണ്ട്. കാപ്പിയും തേയിലയുമൊഴിച്ച് മറ്റ് നാണ്യവിളകളുടെ വിലയിൽ അൽപ്പം മാറ്റമുണ്ടായതിന്റെ ഫലമായി ആ മേഖലയിലെ പ്രശ്നങ്ങൾക്ക് കുറച്ച് പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. തേയിലയുടെ മേഖലയിൽ ഇപ്പോഴും പ്രശ്നങ്ങളുണ്ട്. 18-ഓളം തേയിലത്തോട്ടങ്ങൾ ഇപ്പോഴും അടഞ്ഞുകിടക്കുന്നതിന്റെ ഭാഗമായി ഇവിടെപ്പണിയെടുക്കുന്ന പതിനേഴായിരത്തോളം വരുന്ന തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകളുണ്ട്. ഇവിടെ കെ. കെ. ജയചന്ദ്രൻ പ്രസംഗിച്ചപ്പോൾ 24 പേർ ആത്മഹത്യ ചെയ്ത കാര്യത്തെക്കുറിച്ചൊക്കെ പറഞ്ഞു. അവിടെ ആരെങ്കിലുമൊക്കെ ആത്മഹത്യ ചെയ്യുന്നതെല്ലാം ഈ അക്കൗണ്ടിൽ പെടുത്തിയാൽ എങ്ങനെയാണ് ? കശുവണ്ടി മേഖലയിൽ എത്രയോപേർ

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യ ചെയ്തുവെന്ന് പറയുന്നത് കേട്ടു. ഞാൻ ആ മേഖലകളിലൊക്കെ പ്രവർത്തിക്കുന്ന ആളാണ്. കശുവണ്ടിത്തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ടാകും. പക്ഷെ അതെല്ലാം കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണെന്ന് ചിത്രീകരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നുണ്ട്, പലപല കാരണങ്ങൾകൊണ്ട് ആത്മഹത്യ ചെയ്യുന്നുണ്ടാകും. പക്ഷ അവിടെ നടന്നിട്ടുള്ള ആത്മഹത്യകൾ മുഴുവൻ അതായത് ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലൊക്കെ ആരൊക്കെ ആത്മഹത്യ ചെയ്തിട്ടുണ്ടോ അതെല്ലാം തോട്ടം തൊഴിലാളികളുടെ പ്രശ്നംകൊണ്ടാണെന്ന് ചിത്രീകരിക്കുന്നത് ശരിയല്ല. ഈ മേഖലയിൽ ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് ചരിത്രത്തിലാദ്യമായി ഒരു പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചു കഴിഞ്ഞു. ഇതിൽ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കേന്ദ്രത്തിലും കേരളത്തിലുമുള്ള ഘടകങ്ങളെ ഉൾപ്പെടുത്തി രണ്ട് മീറ്റിംഗ് നടത്തിക്കഴിഞ്ഞു. അതിന്റെ ഭാഗമായി ഒരുപാട് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നതനുസരിച്ചാണെങ്കിൽ കേന്ദ്ര ഗവൺമെന്റ് Tea Act-ന്റെ അഞ്ചാം വകുപ്പനുസരിച്ച്, തോട്ടങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് വളരെ ഗൗരവതരമായി ഞങ്ങൾ കാബിനറ്റ് സബ്-കമ്മിറ്റി തന്നെ കേന്ദ്രത്തിൽ പോയി കോമേഴ്സ് മിനിസ്റ്റർ, പ്രധാനമന്ത്രി ഡെപ്യൂട്ടി പ്രധാനമന്ത്രി ഇവരെയെല്ലാം കണ്ട് നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വളരെ ഫലപ്രദമായ നടപടികൾ ഈ രംഗത്തുണ്ടായിട്ടുണ്ട്. ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു ഒരു മാസം സൗജന്യ റേഷൻ കൊടുത്തുവെന്ന്. അങ്ങനെയല്ല, ഇപ്പോഴും കൊടുത്തു കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതുവരെ കൊടുക്കാൻ ശ്രമിക്കുകയാണ്. ഇവിടെ Food for work-നെ സംബന്ധിച്ച് ശ്രീ. എ. കെ. മണി ചൂണ്ടിക്കാണിച്ചു. Food for work ഏർപ്പെടുത്തി അവിടത്തെ തൊഴിലാളികൾക്ക് ഇപ്പോഴും കൊടുക്കുന്നുണ്ട്. Food for work ഇനത്തിൽ തോട്ടംമേഖലയിലെ ലയങ്ങളിലും മറ്റും പുതിയ റോഡ് വർക്കുകളും മറ്റ് നിർമ്മാണപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും ബന്ധപ്പെടുത്തി ഈ വർഷത്തെ ബഡ്ജറ്റഡ് വർക്കുകളിൽതന്നെ Food for work-ന് ഉതകുന്ന പ്രത്യേക ഘടകങ്ങൾ ഉൾപ്പെടുത്തി ആ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത് അതുപോലെ ബാലവേലയെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ പങ്കെടുത്ത ഐ.എൽ.ഒ. മീറ്റിംഗിലെ ഒരു പ്രധാന ഇനമായിരുന്നു ഇത്. ബാലവേലയെ സംബന്ധിച്ച് വളരെക്കൂടുതൽ ശ്രദ്ധപതിഞ്ഞുകൊണ്ടിരിക്കുന്ന, ഒരു കാലഘട്ടമാണ്. നമ്മുടെ സംസ്ഥാനത്ത് ഈ പറയുന്ന കണക്കുള്ള ബാലവേല ഇല്ല. അതിനെക്കുറിച്ച് യഥാർത്ഥ സ്റ്റാറ്റിസ്റ്റിക്സ് എടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഒരു വർഷം കൊണ്ട് അവരെയൊക്കെ കണ്ടെത്താനും അവരെ വിദ്യാഭ്യാസ മേഖലയിൽത്തന്നെ കൊണ്ടുവരാനുമുള്ള നടപടികൾ വളരെ സജീവമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ക്ഷേമബോർഡുകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചത് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : അങ്ങ് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനാണ്. ചെയർമാനെ നിയമിച്ചിട്ട് ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല. ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാമെന്ന് അങ്ങ് കോർപ്പറേഷനിൽവച്ച് ഉറപ്പുതന്നിട്ട് ഇപ്പോൾ നാലുമാസം കഴിഞ്ഞു. നിയമവിരുദ്ധമായിട്ടല്ലേ ഒരു ചെയർമാൻ പ്രവർത്തിക്കുന്നത്.

ശ്രീ. ബാബു ദിവാകരൻ : അല്ല, അല്ല അത് ശരിയല്ല. ആ ബോർഡിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അത് പുനഃസംഘടിപ്പിക്കും. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാലാവധി തീർന്നിട്ടുണ്ടോയെന്ന് പരിശോധിക്കാം. തൊഴിൽ വകുപ്പിന്റെ കീഴിലല്ല ആ ബോർഡ് പ്രവർത്തിക്കുന്നത്. ആ ബോർഡ് പ്രവർത്തിക്കുന്നത് കയർ വകുപ്പിന്റെ കീഴിലാണ്. ആ ബോർഡിന്റെ കാലാവധി പൂർത്തിയായിട്ടുണ്ടെങ്കിൽ ആ ബോർഡ് പുനഃസംഘടിപ്പിക്കും അതിൽ ഒരു സംശയവും വേണ്ട. അതുപോലെ പരമ്പരാഗത മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചു പറഞ്ഞു. പരമ്പരാഗത വ്യവസായ മേഖലകളിലെ പ്രശ്നം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ലേബർ ഡിപ്പാർട്ടുമെന്റിനെ കുറിച്ചുള്ള കഴിഞ്ഞ 10 വർഷത്തെ കേരള നിയമസഭയുടെ രേഖകൾ പരിശോധിച്ചാൽ എല്ലാ ചർച്ചകളിലും വന്നിട്ടുള്ള പ്രശ്നം ഇതുതന്നെയാണ്. ഇതിന് ശാശ്വതമായ പരിഹാരം കാണണമെങ്കിൽ ക്ഷേമനിധികളുടെ പ്രവർത്തനംകൊണ്ടോ പെൻഷൻ കൊടുത്തതുകൊണ്ടോ ആയില്ല ഓരോ പരമ്പരാഗത വ്യവസായത്തിനും ഓരോ പ്രശ്നമാണ്. കയറിനെ സംബന്ധിച്ച് വളരെ വിശദമായ ചർച്ചകൾ നടത്തി. ആ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ദീർഘമായ ചർച്ചകൾ നടത്തി അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എ. കെ. ബാലൻ : തൊഴിലുടമകളിൽ നിന്നും അംശദായം പിരിക്കുന്നില്ല.

ശ്രീ. ബാബു ദിവാകരൻ : മൽസ്യത്തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് ഒരു കോടതി വിധിയുണ്ടായി. അവരുടെ എക്സ്പോർട്ടിൽ ഏർപ്പെടുത്തിയിരുന്ന സെസ്സ് നിയമവിരുദ്ധമാണെന്നും അത് പിരിയ്ക്കാൻ പാടില്ലായെന്നുമുള്ള ഒരു വിധി വന്നതിനെത്തുടർന്ന്.....

ശ്രീ. എ. കെ. ബാലൻ : നിങ്ങൾ കെട്ടിട നിർമ്മാണക്ഷേമനിധി പിരിച്ചെടുക്കുന്നില്ല.

ശ്രീ. ബാബു ദിവാകരൻ : ഇല്ല, കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പദ്ധതിയിലേയ്ക്ക് തൊഴിലുടമാ വിഹിതം ഏറ്റവും കൂടുതൽ പിരിച്ചത് ഈ വർഷമാണ്. ഈ വർഷം 120 കോടിയോളം രൂപ പിരിച്ചിട്ടുണ്ട്. മുൻപൊക്കെ 60 കോടിയും 70 കോടിയുമൊക്കെ പിരിച്ചിരുന്ന സ്ഥാനത്താണ് ഇപ്പോൾ ഇത്രയും രൂപ പിരിച്ചിട്ടുള്ളത്. കൈത്തറി ക്ഷേമനിധിയുടെ വീതം പിരിക്കുന്നത് കേരളാ ഹൈക്കോടതി ഒരു ഉത്തരവിലൂടെ തടഞ്ഞു. അതുരണ്ടും overcome ചെയ്യുന്നതിന് നിയമം കൊണ്ടുവരാൻ ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ, അതിൽ പ്രത്യേകം സെസ്സ് ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമം കൊണ്ടു വരാൻ ബിൽ തയ്യാറായിട്ടുണ്ട്, ഈ നിയമസഭയിൽ അത് അവതരിപ്പിക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ചൂണ്ടിക്കാണിച്ച Labour Law Reforms-നെ സംബന്ധിച്ച് ആവശ്യമായ ഉപദേശം നൽകുന്നതിനായി ഒരു കമ്മിറ്റിയെ നിയമിക്കുന്നതാണ്. ഏതാനും ദിവസങ്ങൾക്കകം Labour Law Reforms-നെ സംബന്ധിച്ച് നമുക്കാവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ലേബർ രംഗത്തെ പ്രഗൽഭരേയും ലാ കമ്മിഷനേയും നിയമിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : പരമ്പരാഗത വ്യവസായ മേഖലയിലുള്ള പ്രതിസന്ധി പരിഹരിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സപ്പോർട്ടുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം അത്തരം സപ്പോർട്ട് കിട്ടാത്തതുകൊണ്ടാണ് കയറിലും കൈത്തറിയിലും ഈ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നത്.

ശ്രീ. ബാബു ദിവാകരൻ : ഈ വർഷം ബഡ്ജറ്റിൽ പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ വേണ്ടി 500 കോടി രൂപയുടെ പുനരുദ്ധാരണ ഫണ്ട് രൂപീകരിക്കാനും അതിന്റെ ആദ്യത്തെ ഗഡുവായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഞങ്ങൾ ഈ ഫണ്ടുപയോഗിച്ച് ഓരോ വ്യവസായത്തിന്റേയും പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തി വളരെ ശക്തമായ നടപടികൾ സ്വീകരിക്കും. പരമ്പരാഗത വ്യവസായങ്ങളുടെ പ്രശ്നം പരിഹരിച്ചുകൊണ്ടേ മുന്നോട്ടു പോകാൻ കഴിയൂ. അതിനർഹിക്കുന്ന പ്രാധാന്യവും ഊന്നലും നൽകുമെന്ന് ഈ ഗവൺമെന്റ് ഉറപ്പുനൽകുന്നു.

ശ്രീ. എ. കെ. ബാലൻ : ഇപ്പോൾ 13 രൂപയ്ക്കും 15 രൂപയ്ക്കും തൊഴിലാളികൾ അദ്ധ്വാനിക്കാൻ നിർബന്ധിക്കപ്പെടുകയാണ്. കോൺട്രാക്ട് ലേബർ സിസ്റ്റവുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും നിയമനിർമ്മാണം കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ : ബഹുമാനപ്പെട്ട എ. കെ. ബാലന് അറിയാം, കോൺട്രാക്ട് ലേബർ അബോളിഷൻ ആക്ട് നിലവിലില്ലാത്ത നിലയിൽ അടുത്ത കാലത്തായി സുപ്രീം കോടതിയിൽ ഉണ്ടായിട്ടുള്ള വിധി അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകും. ഇപ്പോൾ കോൺട്രാക്ട് ലേബർ അനുവദിച്ചുകൊണ്ട് സുപ്രീംകോടതിയുടെ ലേറ്റസ്റ്റായിട്ടുള്ള വിധി ഉണ്ട്. അതിനെതിരായി നീയമം കൊണ്ടു വരുന്നതിന് കേന്ദ്ര ഗവൺമെന്റിനു മാത്രമേ കഴിയൂ. നമ്മുടെ സംസ്ഥാനത്ത് ഇവിടെ പറയുന്ന തരത്തിലുള്ള അത്രയും വലിയ ലാർജ്ജ് സ്കെയിലിലുള്ള കോൺട്രാക്ട് ലേബർ വന്നിട്ടില്ല. പുതിയ മേഖലകളിൽ കോൺട്രാക്ട് ലേബറിന്റെ അതിപ്രസരം കടന്നുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് തടയുന്നതിനും ജോലി സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും ഫലപ്രദമായി എന്തെല്ലാം ചെയ്യാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ : ശ്രീ. ടി. എൻ. പ്രതാപന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചതാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ചെറുപ്പക്കാർക്ക് 200 കോടി രൂപയുടെ തൊഴിൽദാന പദ്ധതിയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതാണ്. അങ്ങ് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ആ പദ്ധതി രൂപീകരിച്ചോ ; അത് എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയും ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട കെ. സി. വേണുഗോപാൽ ചൂണ്ടിക്കാണിച്ചത് ഞങ്ങൾ വളരെ ഭാവനയോടുകൂടി രൂപം കൊടുത്ത പദ്ധതിയാണ്. ആ പദ്ധതി ആവിഷ്കരിച്ച് ആവശ്യമായ എല്ലാ നിയമ നടപടികളും സ്വീകരിച്ച് ക്യാബിനറ്റിന്റെ സജീവ പരിഗണനയിൽ വന്നിട്ട് കുറച്ചു ദിവസങ്ങളായി. ഈ വർഷം ആ പദ്ധതി നടപ്പിലാക്കുകതന്നെ ചെയ്യും. ഈ സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർ വളരെ ആകാംക്ഷയോടെ ഉറ്റുനോക്കുന്ന ഈ പദ്ധതി ഈ വർഷംതന്നെ നടപ്പിലാക്കുമെന്ന് ഞാൻ ഈ അവസരത്തിൽ ഉറപ്പു പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : അങ്ങ് ഫെസിലിറ്റേറ്ററുടെ കാര്യം പറഞ്ഞിട്ട് പെട്ടെന്ന് വിഷയം മാറിപ്പോയി. യഥാർത്ഥത്തിൽ പ്രൊവൈഡർ സ്ഥാനത്തുനിന്ന് ഫെസിലിറ്റേറ്റർ സ്ഥാനത്തേയ്ക്ക് മാറുന്നു എന്നുള്ളതാണ്. ഫെസിലിറ്റേറ്റർ എന്നുള്ള വാക്കിന് ഒത്താശകൾ ചെയ്യുന്നവൻ എന്നാണ് മലയാളത്തിൽ അർത്ഥമെന്ന് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ബാബു ദിവാകരൻ : ഓരോരുത്തർക്കും അവരവരുടെ ഭാവനാവിലാസമനുസരിച്ച് ഇന്റർപ്രട്ട് ചെയ്യാമല്ലോ. ഈ സംസ്ഥാനത്ത് നല്ല സമാധാനപരമായ പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതമായിട്ടുള്ള ഒരു തൊഴിലുടമ തൊഴിലാളി ബന്ധം സ്ഥാപിക്കുക എന്നതാണ് ഞങ്ങൾ അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെ വിലപ്പെട്ട പല നിർദ്ദേശങ്ങളും മുന്നോട്ടു വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും സമയ പരിമിതി മൂലം മറുപടി പറയാൻ കഴിഞ്ഞിട്ടില്ല. അതെല്ലാംതന്നെ ഗൗരവപൂർവ്വം കണ്ടുകൊണ്ട് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ തൊഴിലാളികളുടെ ക്ഷേമം, പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതമായ തൊഴിലുടമ തൊഴിലാളി ബന്ധം സ്ഥാപിച്ച് ഈ സംസ്ഥാനത്ത് അനേകം ലക്ഷം ചെറുപ്പക്കാർ ഉറ്റുനോക്കുന്ന സമഗ്രമായ വ്യവസായവത്കരണത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഈ പണം ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥന ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഓർഡർ . . . ഓർഡർ . . .

**ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും**

സർവ്വശ്രീ കെ.പി. മോഹനൻ, മത്തായി ചാക്കോ, ടി.പി. രാമകൃഷ്ണൻ, പി. ജയരാജൻ, സാജു പോൾ, കോടിയേരി ബാലകൃഷ്ണൻ, വി. ചെന്താമരാക്ഷൻ, ടി.കെ. ദേവകുമാർ, എം.വി. ഗോവിന്ദൻ മാസ്റ്റർ, മഞ്ഞളാംകുഴി അലി, പിരപ്പൻകോട് മുരളി, വി.കെ.സി. മമ്മത് കോയ, എ.കെ. ബാലൻ, കെ.കെ. ജയചന്ദ്രൻ, എ.എ. അസീസ്, വി.സി. കബീർ, എൻ. രാജൻ, കെ.പി. രാജേന്ദ്രൻ, ഡോ.എ. നീലലോഹിതദാസൻ നാടാർ, സി.കെ. നാണു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.



LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ : 78

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri P. K. Abdu Rabb
4. Shri K. Achuthan
5. Shri C. T. Ahammed Ali
6. Shri A. K. Antony
7. Shri E. M. Augusthy
8. Shri K. Babu
9. Shri Babu Divakaran
10. Shri V. Balaram
11. Shri P. K. K. Bava
12. Shri T. V. Chandra Mohan
13. Shri K. A. Chandran
14. Shri M. A. Chandrasekharan
15. Shri Dominic Presentation
16. Shri M. P. Gangadharan
17. Shri P. P. George
18. Shri Prayar Gopalakrishnan
19. Smt K. R. Gouri Amma
20. Shri M. M. Hassan
21. Shri V. K. Ebrahim Kunju
22. Shri T. M. Jacob
23. Shri Johny Nelloor
24. Shri K. C. Joseph
25. Shri Joseph M. Puthusseri
26. Shri P. J. Joy
27. Shri Varkala Kahar
28. Shri G. Karthikeyan
29. Shri K. K. Nair
30. Shri P. K. Kunhalikutty
31. Dr. M. A. Kuttappan
32. Shri K. Kutty Ahammed Kutty

LIBRARY ARCHIVES Kerala Legislative Assembly

33. Shri Ludy Luiz
34. Shri C. Mammootty
35. Smt Mercy Ravi
36. Shri K. Mohammadali
37. Shri E. T. Mohammed Basheer
38. Shri K. Mohan Kumar
39. Shri A. K. Moni
40. Shri C. Moyinkutty
41. Shri Aryadan Muhammed
42. Shri C. P, Muhammed
43. Shri M. Murali
44. Prof. A. D. Musthafa
45. Shri T. H. Musthafa
46. Shri Oommen Chandy
47. Shri V. J. Poulose
48. Shri Adoor Prakash
49. Shri T. N. Prathapan
50. Shri G. Prathapa Varma Thampan
51. Shri Thiruvanchoor Radhakrishnan
52. Shri T. U. Radhakrishnan
53. Smt Radha Raghavan
54. Shri M. V. Raghavan
55. Shri A. N. Rajan Babu
56. Shri Thampanoor Ravi
57. Shri Roshi Augustine
58. Shri T. P. M. Sahir
59. Shri N. Sakthan
60. Shri K. Sankaranarayanan
61. Smt Malethu Sarala Devi
62. Shri V. D. Satheesan
63. Prof Savithri Lekshmanan
64. Shri K. K. Shaju
65. Shri Kadavoor Sivadasan
66. Shri Nalakathu Sooppy
67. Shri Stephen George
68. Shri K. Sudhakaran

2018/12

LIBRARY ARCHIVES Kerala Legislative Assembly

69. Shri D. Sugathan
70. Shri N. Sundaran Nadar
71. Shri C. F. Thomas
72. Shri P. T. Thomas
73. Shri Thomas Chazhikadan
74. Shri Thomas Unniyadan
75. Shri M. A. Waheed
76. Shri K. C. Venugopal
77. Shri B. Vijayakumar
78. Shri K. P. Viswanathan

പ്രതികൂലിക്കുന്നവർ : 29

1. Shri Manjalamkuzhi Ali
2. Shri A. A. Azees
3. Shri A. K. Balan
4. Shri T. K. Balan
5. Shri Kodiyeri Balakrishnan
6. Shri Binoy Viswam
7. Shri V. K. Chandran
8. Shri V. Chenthamarakshan
9. Shri T. K. Devakumar
10. Shri M. V. Govindan Master
11. Shri K. K. Jayachandran
12. Shri M. V. Jayarajan
13. Shri P. Jayarajan
14. Dr. K.C. Joseph
15. Shri M. Kumaran
16. Shri K. V. Kunhiraman
17. Shri V. K. C. Mammathu Koya
18. Shri Mathai Chacko
19. Shri K. P. Mohanan
20. Shri C. K. Nanu
21. Shri P. Narayanan
22. Shri K. Radhakrishnan

LIBRARY ARCHIVES Kerala Legislative Assembly

23. Shri Mangode Radhakrishnan
24. Shri N. Rajan
25. Shri K. P. Rajendran
26. Shri Raju Abraham
27. Shri T. P. Ramakrishnan
28. Shri Saju Paul
29. Shri K. P. Satheesh Chandran

**നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.**

മി. സ്പീക്കർ : അനുകൂലിക്കുന്നവർ : 78

പ്രതികൂലിക്കുന്നവർ : 29

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും**

സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, കെ. പി. മോഹനൻ, എൻ. രാജൻ, മത്തായി ചാക്കോ, എ. കെ. ബാലൻ, കെ. കെ. ജയചന്ദ്രൻ, ടി. പി. രാമകൃഷ്ണൻ, സാജു പോൾ, പി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, എം. വി. ഗോവിന്ദൻ മാസ്റ്റർ, മഞ്ഞളാംകുഴി അലി, പിരപ്പൻകോട് മുരളി, വി. കെ. സി. മമ്മത്കോയ, എ. എ. അസീസ്, വി.സി. കബീർ, സി. കെ. നാണു, ഡോ. എ. നീലലോഹിതദാസൻ നാടാർ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

**അനുകൂലിക്കുന്നവർ : 79**

1. Shri Cherkalam Abdulla
2. Shri Kalathil Abdulla
3. Shri P. K. Abdu Rubb
4. Shri K. Achuthan
5. Shri C. T. Ahammed Ali
6. Shri A. K. Antony
7. Shri E. M. Augusthy
8. Shri K. Babu
9. Shri Babu Divakaran
10. Shri V. Balaram
11. Shri P. K. K. Bava
12. Shri T. V. ChandraMohan
13. Shri K. A. Chandran
14. Shri M. A. Chandrasekharan
15. Shri Dominic Presentation
16. Shri M. P. Gangadharan
17. Shri P. P. George
18. Shri Prayar Gopalakrishnan
19. Smt K. R. Gouri Amma
20. Shri M. M. Hassan
21. Shri V. K. Ebrahim Kunju
22. Shri T. M. Jacob
23. Shri Johny Nelloor

LIBRARY ARCHIVES Kerala Legislative Assembly

24. Shri K. C. Joseph
25. Shri Joseph M. Puthusseri
26. Shri P. J. Joy
27. Shri Varkala Kahar
28. Shri G. Karthikeyan
29. Shri K. K. Nair
30. Shri P. K. Kunhalikutty
31. Dr. M. A. Kuttappan
32. Shri K. Kutty Ahammed Kutty
33. Shri Ludy Luiz
34. Shri C. Mammootty
35. Smt. Mercy Ravi
36. Shri K. Mohammadali
37. Shri E. T. Mohammed Basheer
38. Shri K. Mohan Kumar
39. Shri A. K. Moni
40. Shri C. Moyinkutty
41. Shri Aryadan Muhammed
42. Shri C. P. Muhammed
43. Shri M. Murali
44. Prof. A. D. Musthafa
45. Shri T. H. Musthafa
46. Shri Oommen Chandy
47. Shri V. J. Poulose
48. Shri Adoor Prakash
49. Shri T. N. Prathapan
50. Shri G. Prathapa Varma Thampan



LIBRARY ARCHIVES Kerala Legislative Assembly

51. Shri Thiruvanchoor Radhakrishnan
52. Shri T. U. Radhakrishnan
53. Smt. Radha Raghavan
54. Shri M. V. Raghavan
55. Shri A. N. Rajan Babu
56. Shri Thampanoor Ravi
57. Shri Roshi Augustine
58. Shri T. P. M. Sahir
59. Shri N. Sakthan
60. Shri K. Sankaranarayanan
61. Smt. Maiethu Sarala Devi
62. Shri V. D. Satheesan
63. Prof. Savithri Lekshmanan
64. Shri K. K. Shaju
65. Shri Kadavoor Sivadasan
66. Shri Nalakathu Sooppy
67. Shri Stephen George
68. Shri K. Sudhakaran
69. Shri D. Sugathan
70. Shri N. Sundaran Nadar
71. Shri C. F. Thomas
72. Prof. K. V. Thomas
73. Shri P. T. Thomas
74. Shri Thomas Chazhikadan

LIBRARY ARCHIVES Kerala Legislative Assembly

75. Shri Thomas Unniyadan

76. Shri M. A. Waheed

77. Shri K. C. Venugopal

78. Shri B. Vijayakumar

79. Shri K. P. Viswanathan

പ്രതികൂലിക്കുന്നവർ : 30

1. Shri Manjalamkuzhi Ali

2. Shri A. A. Azees

3. Shri Kodiyeri Balakrishnan

4. Shri A. K. Balan

5. Shri T. K. Balan

6. Shri Binoy Viswam

7. Shri V. K. Chandran

8. Shri V. Chenthamarakshan

9. Shri T. K. Devakumar

10. Shri M. V. Govindan Master

11. Shri K. K. Jayachandran

12. Shri M. V. Jayarajan

13. Shri P. Jayarajan

14. Dr. K.C. Joseph

15. Shri M. Kumaran

LIBRARY ARCHIVES Kerala Legislative Assembly

16. Shri K. V. Kunhiraman
17. Shri V. K. C. Mammathu Koya
18. Shri Mathai Chacko
19. Shri K. P. Mohanan
20. Shri C. K. Nanu
21. Shri P. Narayanan
22. Dr. A. Neelalohithadasan Nadar
23. Shri K. Radhakrishnan
24. Shri Mangode Radhakrishnan
25. Shri N. Rajan
26. Shri K. P. Rajendran
27. Shri Raju Abraham
28. Shri T. P. Ramakrishnan
29. Shri Saju Paul
30. Shri K. P. Satheesh Chandran

**നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല**

മി. സ്പീക്കർ അനുകൂലിക്കുന്നവർ : 79
പ്രതികൂലിക്കുന്നവർ : 30
നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.36-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly